

# സത്‌സംഗവും ജീവിതവും

സ്വാമി പരമേശ്വരാനന്ദ

ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

# സത്സംഗവും ജീവിതവും

സ്വാമി പരമേശ്വരാനന്ദയുടെ
ശതാഭിഷേകത്തോടനുബന്ധിച്ച്
പ്രസിദ്ധപ്പെടുത്തുന്നത്.

## സ്വാമി പരമേശ്വരാനന്ദയുടെ കൃതികളിൽ ചിലത്

ഹിന്ദുധർമ്മ പരിചയം

കന്യാകുമാരി മുതൽ കപിലവാസ്തുവരെ

കന്യാകുമാരിയും ചുറ്റുക്ഷേത്രങ്ങളും

കന്യാകുമാരി

സംസ്ക്കാര കർമ്മങ്ങൾ

മഹാത്മാഗാന്ധി - മാർഗ്ഗവും ലക്ഷ്യവും

കൃഷ്ണം ശരണം ഗച്ഛാമി

പുണ്യചരിത്രാവലി

ധർമ്മരശ്മികൾ

ആർഷരശ്മികൾ

വിജ്ഞാനപ്രഭ

ജീവിതജ്യോതി

സന്യാസം സന്യാസി സമുദായം

ജയജഗജ്ജനനി

വന്ദേമാതരം

ഭാരതഭാഗ്യവിധാതാ ഭഗവാൻ ശ്രീകൃഷ്ണൻ

# സത്സംഗവും ജീവിതവും

സ്വാമി പരമേശ്വരാനന്ദ

ആർഷസാഹിതി
തിരുവനന്തപുരം

Malayalam

**SATSAMGAVUM JEEVITHAVUM**
(Essays on religion and culture)

By
Swami Parameswarananda

First Published 19 July 2004
(On the Occasion of Sathabhisheka celebrations of Swami Parameswarananda)

Printed at : Harikrishnans Printers
Kuravankonam,
Phone : 2725205

Published by : ARSHA SAHITI
19/2016, Ambadi Lane,
Poojappura, Tvpm - 12
0471-2355154, 9387801055 (Mob)

Price Rs. : **50.00**

# ഉള്ളടക്കം


പ്രസാധകക്കുറിപ്പ്

അവതാരിക

സ്വാമി പരമേശ്വരാനന്ദ - ജീവചരിത്രക്കുറിപ്പ്

ഭക്തിയുടെ സാർവജനീനത 9

ക്ഷേത്രോത്സവങ്ങളും ഹിന്ദുക്കളും 13

പാവനസ്മരണ 17

ക്ഷേത്രപ്രവേശന വിളംബരം 27

മഹാബലിയുടെ ദമം, ദാനം, ദയ 31

ജീവിതം സത്സംഗത്തിലൂടെ 37

ഭഗവദ്ഗീതയും ഭാഷ്യങ്ങളും 41

വിവേകാനന്ദ ശിലാസ്മാരകത്തിന്റെ കഥ 47

വടക്കുംകൂറും ഭാരതവും 58

വർണ്ണാശ്രമധർമ്മം 63

ശ്രീരാമനും ഭാരതദേശീയതയും 73

കാശിയും മഥുരയും സ്വാഭിമാനത്തിന്റെ പ്രശ്നം 87

# പ്രസാധകക്കുറിപ്പ്

കേരളത്തിന്റെ ആധ്യാത്മിക, സാമൂഹിക, സാംസ്ക്കാരിക രംഗങ്ങളിലെ അതുല്യമായ സാന്നിധ്യമാണ് സ്വാമി പരമേശ്വരാനന്ദ. വിലപ്പെട്ട നിരവധി ധാർമ്മിക ഗ്രന്ഥങ്ങളുടെ കർത്താവാണദ്ദേഹം. 'ഹിന്ദുധർമ്മപരിചയം' എന്ന അദ്ദേഹത്തിന്റെ കൃതി ഹിന്ദുമതത്തെ ക്കുറിച്ചുള്ള എക്കാലത്തേയും ഏറ്റവും മികച്ച ആമുഖ ഗ്രന്ഥമായി കണക്കാക്കപ്പെടുന്നു. 2004 ജൂലൈ 19-ാം തീയതി അദ്ദേഹത്തിന്റെ ശതാഭിഷേകം ആഘോഷിക്കപ്പെടുകയാണ്. ആ പുണ്യദിനത്തിൽ, പുസ്തകരൂപത്തിൽ സമാഹരിക്കപ്പെട്ടിട്ടില്ലാത്ത അദ്ദേഹത്തിന്റെ ഏതാനും ലേഖനങ്ങൾ സമാഹരിച്ച് ഞങ്ങൾ പുറത്തിറക്കുകയാണ്. 'സത്സംഗവും ജീവിതവും' എന്ന ഈ പുസ്തകം ജിജ്ഞാസുക്കൾക്ക് ഏറെ പ്രയോജനകരമാവുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ആർഷസാഹിതി പ്രവർത്തകർ

# അവതാരിക

യോഗിപാരമ്പര്യമുള്ള കുലീനകുടുംബത്തിൽ ഭൂജാതനായി ഷഷ്ടിപൂർത്തിവരെ സാധുശീലൻ പരമേശ്വരൻപിള്ള എന്ന പേരിലും തദനന്തരം ശ്രീമദ് പരമേശ്വരാനന്ദസരസ്വതിസ്വാമികൾ എന്ന പേരിലും പ്രശസ്തമായ രീതിയിൽ ഹിന്ദുധർമ്മപ്രചാരണം നടത്തി കേരളത്തിലും ഭാരതത്തിന്റെ മറ്റു സംസ്ഥാനങ്ങളിലും മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച മഹാത്മാവിന്റെ ശതാഭിഷേകം 2004 ജൂലൈ മാസം 19-ാം തീയതി ആഘോഷിക്കപ്പെടുന്നു. ഈ സന്ദർഭത്തിൽ അദ്ദേഹം പലപ്പോഴായി രചിച്ച് ആനുകാലികങ്ങളിൽ പ്രസിദ്ധം ചെയ്ത 12 ലേഖനങ്ങൾ സമാഹരിച്ച് 'സൽസംഗവും ജീവിതവും' എന്ന ശീർഷകത്തിൽ ഒരു പുസ്തകം പ്രകാശനം ചെയ്യാൻ തയ്യാറായ ആർഷസാഹിതിയുടെ ഔചിത്യപൂർവ്വമായ ഉദ്യമം അനുമോദനാർഹമാണ്.

പൂജ്യസ്വാമിജിയെ കേരളത്തിലെ അനുവാചകർക്കു പരിചയപ്പെടുത്താൻ ഉദ്യമിക്കുന്നത് പന്തവുംകൊളുത്തിക്കൊണ്ട് സൂര്യഭഗവാനെകാണാനും കാണിച്ചുകൊടുക്കാനും പോകുന്നതുപോലെ നിരർത്ഥകമാണ്. അപഹാസ്യമാണ്. എന്നിരുന്നാലും ഒരു വസ്തുത, സ്വാമിജിയുടെ ജീവിതത്തിലുടനീളം ദർശനീയമായ വസ്തുത, തെല്ലൊന്നു സൂചിപ്പിക്കാതിരുന്നാൽ ഈ പുസ്തകപ്രകാശന സന്ദർഭത്തിൽ അതൊരു കൃത്യവിലോപമാകും. വസ്തുത ഇതാണ്. ധർമ്മജാഗ്രതയാണ് അദ്ദേഹത്തിന്റെ മുഖമുദ്ര, ധർമ്മജാഗ്രതയും കർമ്മശുദ്ധിയും അർപ്പണമനോഭാവവും അതന്ദ്രിതമായ സേവനപ്രവൃത്തികളും ഗൃഹസ്ഥാശ്രമകാലത്തുതന്നെ അദ്ദേഹത്തെ കർമ്മധീരനായ ദേശാഭിമാനിയാക്കി വിശാല ദേശീയരംഗത്ത് എത്തിച്ചു.

കേരളത്തിനു വെളിയിലും കേരളത്തിലും തന്റെ ബഹുമുഖമായ കർമ്മരംഗങ്ങളിലെല്ലാം സ്വാമികൾ പ്രചോദനം ഉൾക്കൊണ്ടത് ഭാരതത്തിന്റെ അനാദി ആർഷധർമ്മം സംബന്ധിച്ച പഠനഗവേഷണങ്ങളിൽ നിന്നാണ്. അധീതിബോധാചരണപ്രചാരണരൂപത്തിലുള്ള ആർഷാനുശാസിത ധാർമ്മിക ജീവിതമാതൃകയാണ് ശ്രീമദ് പരമേശ്വരാനന്ദസ്വാമികൾ കേരളത്തിലെ രണ്ടു തലമുറക്കാർക്കു സംഭാവനചെയ്തിരിക്കുന്നത്. അദ്ദേഹം രചിച്ച ഏതാണ്ട് ഇരുപതിലധികം ഗ്രന്ഥങ്ങളും, സത്സംഗവേദികളിലും പൊതുയോഗങ്ങളിലും ചെയ്ത അസംഖ്യം പ്രഭാഷണങ്ങളും, ഈശ്വരാരാധനാ സംബന്ധമായി ഭക്തജനങ്ങൾക്കു നേരിട്ടുനല്കിയ ഉപദേശവും അനുഷ്ഠാനനിർദ്ദേശങ്ങളും എല്ലാം ആനുകാലിക ഭാരതത്തിൽ നിശ്ശബ്ദം നടന്നുകൊണ്ടിരിക്കുന്ന ധാർമ്മിക നവോത്ഥാനത്തിന്റെയും ദേശീയബോധത്തിന്റെയും പേരിലുള്ള അമൂല്യസംഭാവനകളാണ്.

ഇനി പ്രകൃത ഗ്രന്ഥത്തെപ്പററി എന്തുപറയട്ടെ. ഗ്രന്ഥം സൽസംഗവും ജീവിതവും. ഗ്രന്ഥകാരനോ, ശ്രീമദ് പരമേശ്വരാനന്ദസ്വാമികൾ ! ഇനി എന്തുപറയാൻ !

"സത്സംഗത്വേ നിസ്സംഗത്വം
നിസ്സംഗത്വേ നിർമ്മോഹത്വം
നിർമ്മോഹത്വേ നിശ്ചലതത്ത്വം
നിശ്ചലതത്ത്വേ ജീവൻമുക്തി"

എന്നാണല്ലോ ശ്രീമച്ഛങ്കര ഭഗവൽപാദാചാര്യർ പഠിപ്പിക്കുന്നത്

"മനോഹിദ്വിവിധം പ്രോക്തം
ശുദ്ധംചാശുദ്ധമേവച
അശുദ്ധംകാമസങ്കല്പം
ശുദ്ധംകാമവിവർജ്ജിതം" ( ഉപനിഷത് ).

സത്സംഗം കാമക്രോധാദി ചിത്ത മാലിന്യങ്ങൾ അകററി ശ്രദ്ധാ ഭക്തിജ്ഞാന വൈരാഗ്യാദി സദ്വാസനകൾ വളർത്തി അന്തഃകരണം ശുദ്ധമാക്കുന്നു. ശുദ്ധ മായ മനസ്സ് ശ്രവണ - മനന - നിദിധ്യാസന രൂപമായ വേദാന്ത സാധനക്കു സാധനമാണ്. സാധന്വ മുക്തി പ്രാപ്തമാക്കുന്നു. ഇനി സത്സംഗത്തെ ശ്രീമദ് ഭഗവൽഗീതയിൽ പരാമർശിക്കുന്നതു ശ്രദ്ധിക്കാം.

"മച്ചിത്താമൽഗതപ്രാണാ:
ബോധയന്ത: പരസ്പരം
കഥയന്തശ്ചമാം നിത്യം
തുഷ്യന്തിചരമന്തിച." (ഗീത X-9)

ശ്രീമദ് ഭാഗവതത്തിൽ ഉടനീളം സത്സംഗമഹിമ വാഴ്ത്തപ്പെടുന്നതുകാണാം.

"സത്സംഗാത്മുക്ത ദു:സംഗോ
ഹാതുംനോത്സഹതേ ബുധ:
കീർത്ത്യമാനം യശോയസ്യ
സകൃദാകർണ്ണ്യരോചനം." (ഭാഗ I10-II)

"സംഗമ: ഖലുസാധൂനാം
ഉഭയേഷാം ച സമ്മതം
യത്സംഭാഷണസംപ്രശ്ന:
സർവേഷാം വിതുനോതിശം." (ഭാഗ IV-22-19)

സത്സംഗമഹിമ അവർണ്ണനീയം! അവാച്യഫലസന്ദായകം! സദാസേവ്യം സദാസേവ്യം! ഗ്രന്ഥത്തിലെ 6-ാമതുലേഖനം സത്സംഗപ്രതിപാദകമാണ്. ആകെ 12 ലേഖനങ്ങളാണ് ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നത്. "പാവന സ്മരണ", "ക്ഷേത്രപ്രവേശന വിളംബരം", "വിവേകാനന്ദശിലാസ്മാരകം", "കാശിയും മഥുരയും" എന്ന നാലെണ്ണം ചരിത്രരേഖകളാണ്. പ്രായേണ രാഷ്ട്രീയ ചരി ത്രകാരന്മാർ ഈ വിഷയങ്ങൾക്ക് അവ അർഹിക്കുന്ന പ്രാധാന്യം കല്പിക്കു ന്നില്ല. ദേശീയ ചരിത്രത്തിൽ മുഖ്യ പ്രാധാന്യമർഹിക്കുന്ന ധാർമ്മികവും സാം സ്കാരികവുമായ ഗതിവിഗതികളുടെ യഥാതഥമായ അറിവ് വരുംതലമുറക്കാർ ക്ക് ലഭ്യമാക്കുകയും പുരോഗമനത്തിന് പ്രേരണ ഉളവാക്കുകയും ചരിത്രരചന യുടെയും ചരിത്രപഠനത്തിന്റെയും പ്രയോജനമാണ്. സൂചിപ്പിച്ച നാലു ലേഖ നങ്ങൾ അവയിലെ പ്രതിപാദ്യ സംഭവങ്ങൾ സത്യസന്ധമായി അവതരിപ്പിക്കു ന്നു. ഗ്രന്ഥകർത്താവിനു ഗണ്യമായ പങ്കാളിത്തമുണ്ടായിട്ടുള്ള സംഭവങ്ങളാണ വയെന്ന വസ്തുതയും പ്രസ്താവ്യമാണ്.

ശേഷിക്കുന്ന ഏഴുലേഖനങ്ങൾ ഹിന്ദുധർമ്മത്തിന്റെ ഭിന്നഭാവങ്ങൾ സം ബന്ധിച്ചു സുചിന്തിതമായ പഠനങ്ങളും, അഭിപ്രായങ്ങളും, അവശ്യം സ്വീകരി ച്ച് പ്രാവർത്തികമാക്കേണ്ട നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നവയുമാണ്. പത്താമ തുലേഖനം വർണ്ണാശ്രമധർമ്മത്തെ സംബന്ധിച്ച് ഇന്നു സാമാന്യ ജനത്തിനുള്ള തെററിദ്ധാരണക്ക് ഏതാണ്ട് ഫലപ്രദമായ പരിഹാരമാണെന്നുകാണാം.

ശ്രേയോമാർഗ്ഗാവലംബികളായ ധർമ്മജിജ്ഞാസുക്കൾക്ക് ദ്വേധാപ്രയോ ജനപ്രദമാണ് ഗ്രന്ഥം. തത്കാലം അറിഞ്ഞുകൂടാത്ത പല നല്ലകാര്യങ്ങൾ അ റിയാനും, അറിയുന്ന കാര്യങ്ങൾ കൂടുതൽ വ്യക്തമായി അറിയാനും ഉപകാര പ്രദമായ ഈ ഗ്രന്ഥം ഞാൻ സപ്രശ്രയം അനുവാചകരുടെ മുമ്പിൽ അവതരി പ്പിച്ചുകൊള്ളുന്നു.

ശുഭം ഭൂയാത്

തിരുവനന്തപുരം — മൂലവള്ളിൽ ഉണ്ണിക്കൃഷ്ണൻ ഇളയത്

10-7-2004

# സ്വാമി പരമേശ്വരാനന്ദ – ജീവചരിത്രക്കുറിപ്പ്

തിരുവനന്തപുരം ജില്ലയിൽ, ചിറയിൻകീഴ്-നെടുമങ്ങാടു താലൂക്കുകളുടെ അതിർത്തിഗ്രാമമായ മുദാക്കൽ, വാവൂക്കോണത്തുവീട്ടിൽ 1920 ആഗസ്റ്റ് 14 ന് ആയില്യം നക്ഷത്രത്തിൽ പരമഭക്തരായ കൃഷ്ണപിള്ള, ലക്ഷ്മി അമ്മ ദമ്പതികളുടെ പുത്രനായി ജനിച്ചു. ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെയും ശ്രീ നാരായണഗുരുവിന്റെയും സമകാലീനനും അവരുടെ സുഹൃത്തുമായിരുന്ന പരമേശ്വരത്ത് പരമേശ്വരനാശാൻ (ജ്ഞാനിയാശാൻ) ആയിരുന്നു പിതാമഹൻ. പരമേശ്വരൻ പിള്ള എന്ന പേരുതന്നെ കുട്ടിക്ക് അച്ഛനമ്മമാർ ഇട്ടു. ആ ബാലനിൽ ഈശ്വരഭക്തി, വിനയം, ശാന്തശീലം, സത്സംഗതാല്പര്യം എന്നിവ കണ്ട്, കുളത്തൂർ സ്വയംപ്രകാശ യോഗിനിയമ്മ സാധുശീലൻ പരമേശ്വരൻപിള്ള എന്നു വിളിച്ചു. 60-ാമത്തെ വയസ്സിൽ സന്യാസം സ്വീകരിക്കുന്നതുവരെ ആ പേരിലാണ് അറിയപ്പെട്ടതും, എഴുതിയിരുന്നതും.

വളരെ ദരിദ്രമായ ഒരു കർഷകകുടുംബത്തിൽ ജനിച്ചതിനാൽ ഔപചാരികവിദ്യാഭ്യാസം കൂടുതൽ നേടാനായില്ലെന്നതു മാത്രമല്ല ജീവിതവൃത്തിക്ക് ബാലവേലവരെ ചെയ്യേണ്ടിവന്നു. 14-ാമത്തെ വയസ്സിൽ ഒരു നിയോഗംപോലെ വീടുവിട്ടിറങ്ങി 27-ാമത്തെ വയസ്സിലാണ് തിരികെ നാട്ടിൽ വരുന്നത്. ഇക്കാലയളവിൽ, ഒരു സത്യാന്വേഷിയായി ഒരു പരിവ്രാജകനെപ്പോലെ ഭാരതമൊട്ടാകെ സഞ്ചരിച്ചു. കയ്യിൽ പണമില്ലാതെ, ഒരു സഹായിയുമില്ലാതെ, ഇന്നത്തെ ഗതാഗത സൗകര്യങ്ങളോ, വാർത്താവിനിമയ സൗകര്യങ്ങളോ വിരളമായി മാത്രമുള്ള അക്കാലത്തെ ആ യാത്രയുടെ വിഷമതകൾ വിവരണാതീതമാണ്. ഭാരതത്തെ കണ്ടെത്താനുള്ള അദമ്യമായ ആഗ്രഹം മാത്രമായിരുന്നു ലക്ഷ്യം. പുണ്യക്ഷേത്രങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ, മഠങ്ങൾ, ആശ്രമങ്ങൾ, പുണ്യാത്മാക്കളുടെ വാസസ്ഥാനങ്ങൾ, ഹിമാലയ സാനുക്കൾ തുടങ്ങി ശ്രീ ബുദ്ധന്റെ ജന്മസ്ഥലം വരെ സന്ദർശിച്ചു. അക്കാലത്തെ ഭാരതത്തിലെ പ്രസിദ്ധസന്യാസിമാർ, യോഗികൾ, സിദ്ധന്മാർ എന്നിവരുമായും ഗാന്ധിജി, വീരസവർക്കർ, നേതാജി സുഭാഷ്ചന്ദ്രബോസ്, ശ്യാമപ്രസാദ് മുഖർജി, ശ്രീ സത്യമൂർത്തി, ബാരിസ്റ്റർ എൻ. സി. ചാററർജി, ജ്വാലാപ്രസാദ് ശ്രീവാസ്തവ, ഡോ. ഹെഡ്ഗേവാർ തുടങ്ങിയ ദേശീയ നേതാക്കളുമായും ടാഗോർ തുടങ്ങിയ സാംസ്കാരിക നേതാക്കളുമായും സ്വാമി അഭേദാനന്ദ മഹാരാജ് (ബംഗാൾ) ശ്രീമദ് വിരജാനന്ദ സ്വാമികൾ തുടങ്ങിയ ആദ്ധ്യാത്മികാചാര്യന്മാരുമായും സമ്പർക്കപ്പെട്ടു. ഡൽഹിയിൽവച്ച് സ്വാതന്ത്ര്യസമരത്തിലും പങ്കെടുത്തു അറസ്റ്റിലായിട്ടുണ്ട്. ഒടുവിൽ ജീവിതവൃത്തിക്ക് ഇന്ത്യാഗവൺമെന്റിൽ ഒരു ചെറിയ ഉദ്യോഗം സ്വീകരിച്ചെങ്കിലും അതു രാജിവച്ചിട്ട് ദൈവനിയോഗം ഏറെറടുക്കാൻ അഖിലഭാരത ആര്യ (ഹിന്ദു) ധർമ്മ സേവാസംഘത്തിലെ ഒരു മിഷണറിയായി കേരളത്തിലെത്തുകയാണു ചെയ്തത്. പിന്നീടുള്ള ജീവിതം കേരളത്തിന്റെ സാംസ്കാരിക, ആദ്ധ്യാത്മിക രംഗത്തിന്റെ ഭാഗമായിതീർന്നു. ഇവിടെയും അദ്ദേഹം ബന്ധപ്പെടാത്ത ആശ്രമങ്ങൾ, ക്ഷേത്രങ്ങൾ, മഠങ്ങൾ, ആചാര്യന്മാർ, സാംസ്കാ

രിക നായകന്മാർ വിരളമായിരുന്നു. ശ്രീമദ് ആഗമനാനന്ദസ്വാമികൾ, വേദബന്ധു, പി. ആർ. രാജരാജ വർമ്മ, മന്നത്തു പത്മനാഭൻ തുടങ്ങി അനേകം പേരുമായി ഊഷ്മളമായ ബന്ധമാണുണ്ടായിരുന്നത്. 1957 മുതൽ 62 വരെ 'കേസരി'യുടെ പത്രാധിപരായിരുന്നു. കോഴിക്കോട് ശ്രീകൃഷ്ണ ജന്മാഷ്ടമി സമിതി; ഗോഹത്യ നിരോധനസമിതി, ശ്രീശാരദാ ഭക്തസമിതി എന്നിവ സംഘടിപ്പിച്ചു.

1962-ൽ കന്യാകുമാരിയിൽ വിവേകാനന്ദ ശിലാസ്മാരകം നിർമ്മിക്കുന്നതിനുള്ള ചുമതല ഏറെറടുത്തു. എല്ലാവിധ എതിർപ്പുകളെയും അതിജീവിച്ച് 1964 ൽ ആരംഭിച്ച പണി. വ്യക്തികളുടെയും, സ്ഥാപനങ്ങളുടെയും, സ്റേററു ഗവണ്മെന്റുകളുടെയുമൊക്കെ സഹായത്താൽ 1970-ൽ പൂർത്തിയാക്കി. രണ്ടുമാസത്തെ ഉൽഘാടന പരിപാടികൾക്കു നേതൃത്വം നൽകി.

1980-ൽ അറുപതാംവയസ്സിൽ പ്രസിദ്ധ ആദ്ധ്യാത്മികാചാര്യനായിരുന്ന ശ്രീമദ് ജ്ഞാനാനന്ദ സരസ്വതി സ്വാമികളിൽനിന്നും പരമേശ്വരാനന്ദ സരസ്വതി എന്നപേരിൽ സന്യാസം സ്വീകരിക്കുന്നതുവരെ കന്യാകുമാരി വിവേകാനന്ദ കേന്ദ്രത്തിന്റെ ഭരണസമിതിയിൽ പ്രവർത്തിച്ചു. സന്യാസിയായ ശേഷം ഭൗതികമായ ചുമതലകളെല്ലാംവിട്ടു കന്യാകുമാരിയിൽ ശ്രീകൃഷ്ണമന്ദിർ ആശ്രമം സ്ഥാപിച്ച് 18 വർഷം ഗുരുനാഥനോടൊപ്പം ജ്ഞാനയജ്ഞം നടത്തി. ഗുരുവിന്റെ സമാധിക്കുശേഷം 1998-ൽ കൊടകരയ്ക്കടുത്ത് ശ്രീകൃഷ്ണാശ്രമം സ്ഥാപിച്ചു. ആ സ്ഥലം ഇപ്പോൾ പരമേശ്വരം എന്നറിയപ്പെടുന്നു. ആറ് വർഷത്തിനുശേഷം തൃശ്ശൂർ വടക്കാഞ്ചേരി മുള്ളൂർക്കരവഴി ഇരുനിലക്കോടു ഗുഹാക്ഷേത്രത്തിനടുത്ത് ജ്ഞാനാനന്ദ കുടീരം സ്ഥാപിച്ചു.

സംസ്കൃതം, ഹിന്ദി, ഇംഗ്ലീഷ്, മലയാളം, തമിഴ് തുടങ്ങിയ ഭാഷകളിൽ അവഗാഹം നേടിയ സ്വാമിജി അനേകം ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. അവയിൽ ഹിന്ദുധർമ്മപരിചയം, ഷോഡശസംസ്കാരങ്ങൾ തുടങ്ങിയവ വളരെ പ്രസിദ്ധങ്ങളും അനേകം പതിപ്പുകൾ വേണ്ടിവന്നവയുമാണ്.

ശ്രീകൃഷ്ണധർമ്മ പ്രചരണത്തിനു നല്കിയ സംഭാവനകളെ മാനിച്ച് 2004-ൽ സ്വാമിജിക്ക് ജന്മാഷ്ടമി പുരസ്ക്കാരം നല്കപ്പെട്ടു.

സ്വാമിജിക്ക് 19 സന്യാസിശിഷ്യന്മാരുണ്ട്. പിതാവിന്റെ നിർദ്ദേശം മാനിച്ച് ഗൃഹസ്ഥാശ്രമം സ്വീകരിച്ചിരുന്നു. പൂർവ്വാശ്രമത്തിൽ ഭാര്യയും, നാലുമക്കളുമുണ്ട്. ഭാര്യയുടെ പേർ ടി.കെ. വിജയമ്മ (റിട്ട: ഗവ: സർവ്വീസ്) മകൻ വിജയകൃഷ്ണൻ (പ്രസിദ്ധ നിരൂപകനും സാഹിത്യകാരനും, സിനിമാ സീരിയൽ ഡയറക്ടറും) പെൺമക്കൾ : ഗീത (കുടുംബിനി) ഗിരിജാദേവി (അദ്ധ്യാപിക) ശോഭന (അദ്ധ്യാപിക)

സ്വാമിജിക്ക് പൂർവ്വാശ്രമത്തിൽ ഒരു സഹോദരിയും നാലു സഹോദരന്മാരും ഉണ്ട്. ശ്രീമാന്മാർ കെ. മാധവൻപിള്ള ( എക്സ്സർവ്വീസ്) എൽ. ഭവാനിയമ്മ (കുടുംബിനി) കെ. അനന്തൻപിള്ള (റിട്ട: അദ്ധ്യാപകൻ) കെ. രാമൻപിള്ള (ബി.ജെ.പി. ജന: സെക്രട്ടറി) കെ. രാജേന്ദ്രൻ (റിട്ട: അസി: സെക്രട്ടറി, ഹെൽത്ത്) എല്ലാവരും ആദ്ധ്യാത്മികരംഗത്തും സാമൂഹ്യരംഗങ്ങളിലും പ്രവർത്തിക്കുന്നു.

-19 ജൂലായ് 2004

# ഭക്തിയുടെ സാർവ്വജനീനത

വിശ്വജനീനമായ മാനവജീവിതാദർശത്തിൽ ഭക്തി സർവ്വപ്രധാനമാകുന്നു. പ്രേമം, സ്നേഹം എന്നീ പ്രാഥമിക ഭാവങ്ങളുടെ സമഷ്ടി സ്വരൂപമാണ് ഭക്തി. വ്യഷ്ടിഭാവത്തിൽ എല്ലാ ജീവജാലങ്ങളിലും അന്തർലീനമായിരിക്കുന്ന പ്രേമഭാവം ഈശ്വരഭക്തിഭാവത്തിന്റെ ഒരു കണിക മാത്രമാണ്. ജീവന്റെ ഉപാധികളിൽ മുഖ്യമായ മനുഷ്യന് വിവേകവും വൈരാഗ്യവും ഉള്ളതിനാൽ അവ വേണ്ടവിധം അറിഞ്ഞ് അനുഭവപ്പെടുത്താനും മറ്റുള്ളവരിലേക്ക് ഈ ശാശ്വതഭാവം പകർന്ന് ലോകക്ഷേമത്തിൽ പങ്ക് വഹിക്കാനും കഴിയും. സനാതന ധർമ്മത്തിൽ ജീവിതലക്ഷ്യമായ ഈശ്വരസാക്ഷാത്കാരത്തിന് ആദികാലം മുതൽ നിർദ്ദേശിച്ചിട്ടുള്ള നാല് പ്രധാന യോഗമാർഗ്ഗങ്ങളിൽ ഒന്നാമത്തേതാണ് ഭക്തിയോഗം. എല്ലാകാലത്തും ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് സഹായകമാം വിധത്തിലാണ് ഭക്തിയോഗ സാധനകൾ വിന്യസിച്ചിരിക്കുന്നത്.

മനുഷ്യന്റെ കുടുംബജീവിതത്തിൽ ദൈനംദിനം ആചരിക്കേണ്ടുന്ന പഞ്ചമഹായജ്ഞങ്ങളിൽ ആദ്യത്തേതും രണ്ടാമത്തേതും ദേവപൂജനവും സ്വാധ്യായനവും ആകുന്നു. അവ ഭക്തിപൂർണ്ണമത്രെ, ശിശുപ്രേമം, മാതൃഭക്തി, ഗുരുഭക്തി, മിത്രഭാവം മുതലായവ ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കാതെ തന്നെ ഗുരുപാരമ്പര്യഭക്തിയും ഈശ്വരഭക്തിയും മനുഷ്യരിൽ പ്രകാശിപ്പിക്കാനുള്ള ഒരു സ്വാഭാവിക സംവിധാനമാണ് ഭക്തിമാർഗ്ഗം.

വിശ്വരൂപദർശനത്താൽ കൃതകൃത്യനായ അർജ്ജുനനോട് ഭഗവാൻ അരുൾചെയ്യുന്നു: മനസാ വാചാ കർമ്മണാ സർവ്വപ്രധാനമായി ഭഗവാനെതന്നെ പരമ ലക്ഷ്യമായി മനസ്സിനെ നിലയുറപ്പിച്ച് ഉപാസിക്കുന്നുവോ അയാൾക്ക് സമഭാവനയും ദിവ്യസ്നേഹവും സ്ഫുരിക്കുന്നു.

ഭക്തിയിൽ മുഖ്യമായി സഗുണഭക്തിയും നിർഗുണഭക്തിയും വെവ്വേറെ വിവരിക്കുന്നുണ്ടെങ്കിലും ഈശ്വരഭക്തിയുടെ ആദ്യത്തേയും അവസാനത്തേയും സോപാനനിലകളാണവ. ഭഗവാൻ അരുൾചെയ്യുന്നു:

മയ്യാവേശ്യ മനോ യേ മാം നിത്യയുക്താ ഉപാസതേ
ശ്രദ്ധയാ പരയോ പേതാ സ്തേമേ യുക്തതമാ മതാ: (ഗീത 12-2)

എപ്പോഴും ചഞ്ചലമായിരിക്കുന്ന മനസ്സിനെ ഈശ്വരങ്കൽ അർപ്പിച്ച് അത്യന്തശ്രദ്ധയോടുകൂടി ഉപാസിക്കുന്നവരാണ് ശ്രേഷ്ഠന്മാരായ സഗുണ ഭക്തന്മാർ. എപ്പോഴും വിഷയങ്ങളിൽ വ്യാപരിച്ച് രാഗദ്വേഷങ്ങളോടും കാമക്രോധങ്ങളോടും മദമാത്സര്യങ്ങളോടുംകൂടി എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്ന മനസ്സ് ഒരു വസ്തുവിൽ സ്ഥിരമായി ഉറച്ചു നിൽക്കാറില്ല. ഒരു വസ്തുവിൽതന്നെ ഉറച്ചു നിൽക്കണമെങ്കിൽ മനസ്സിന് അതിൽ അത്രമാത്രം പ്രിയമുണ്ടായിരിക്കണം. പ്രിയമുള്ള വസ്തുവിനെ വിടാൻ വയ്യാതെ അതിൽ തന്നെ ചുറ്റിപ്പറ്റിക്കൊണ്ടിരിക്കയെന്നത് മനസ്സിന്റെ സ്വഭാവമാണ്. മനസാ വാചാ കർമ്മണാ ഈശ്വരീയ കാര്യങ്ങളിൽ നിവേശിച്ചുകൊണ്ടിരിക്കുമ്പോൾ ഈശ്വരപ്രിയം പ്രകാശിക്കും. അതോടെ ചഞ്ചലമായ മനസ്സ് മററുപാധികളിൽനിന്നും പിൻവലിഞ്ഞ് ഈശ്വരനിഷ്ഠമാവുകയും ചെയ്യും. ഇന്ദ്രിയങ്ങളെല്ലാം മനസ്സിന്റെ ഉപാധികളാണ്. മനസ്സ് ഏതൊരു വസ്തുവിൽ സ്ഥിരമായിരമിക്കണമോ ആ വസ്തുവിൽ ഇന്ദ്രിയങ്ങളെല്ലാം ആദ്യംതന്നെ രമിക്കാൻ തുടങ്ങണം. ഈശ്വര മഹിമകളെ കേൾക്കുകയും കീർത്തിക്കുകയും ചെയ്യുക.

ഈശ്വര സ്വരൂപങ്ങളെ ഇഷ്ടദേവതാഭാവത്തിൽ ദർശിക്കുകയും പ്രദക്ഷിണം ചെയ്ത് നമസ്കരിക്കുകയും സ്തുതിക്കുകയും പൂജിക്കുകയും ചെയ്യുക. ഈവിധം സഗുണോപാസനയിൽ മുഴുകുമ്പോൾ ഭക്തിയുടെ ബാഹ്യവും ആഭ്യന്തരവുമായ സ്ഫുരണങ്ങൾ വേണ്ടവിധം സ്ഫുരിക്കും. അതോടെ ഏകവും അവ്യയവുമായ പാരമാർത്ഥിക സത്യസ്വരൂപം വൈരാഗ്യവും വിവേകവും കൊണ്ട് അറിയാനും ഏകവും അദ്വയവുമായ ഈശ്വരസാക്ഷാത്കാരം സിദ്ധിക്കാനും തുടങ്ങുന്നു. ഉപാധിഗതനായ ജീവ നിൽ ഈ വിധം സഗുണഭക്തികൊണ്ട് ഉണർവ് ഉണ്ടാകുമ്പോൾ സ്വാഭാവികമായും നിർഗുണ നിരാകാര - പാരമാർത്ഥിക സത്യസ്വരൂപം അനുഭവഗോചരമാകുന്നു.

ഭഗവത്ഗീതയിലെ ഭക്തിയോഗത്തിലെ അരുളപ്പാട് അനുസരിച്ച് അറിയപ്പെടേണ്ട വസ്തു ആദ്യന്ത രഹിതവും സച്ചിദാനന്ദ സ്വരൂപവും ആയ പരമാത്മാവാകുന്നു. മനസാ വാചാ കർമ്മണാ അത് അനുഭവപ്പെടുത്തുക എന്നതാണ് ജീവിത ലക്ഷ്യം. വ്യഷ്ടിയിലും സമഷ്ടിയിലും ഭക്തിയുടെ കാരകശക്തി അങ്ങനെ പ്രകാശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്ന് ലോക ചരിത്രത്തിൽ (ലോക ഇതിഹാസങ്ങളിൽ) ദർശി

ക്കാവുന്നതാണ്. ഭാരതത്തിലെ മഹാഭാരതം, രാമായണം, ഭാഗവതം തുടങ്ങിയ പുരാണേതിഹാസങ്ങളിൽ വേദോപദിഷ്ടമായ ഭക്തി ശാസ്ത്ര ത്തിന്റെ പുനരാഖ്യാനങ്ങൾ സർവ്വത്ര ദർശനീയമാണ്. ലോകത്തിലെ പ്രവാചകന്മാരും അനുഭവപ്പെടുത്തിയത് ഭക്തിമാർഗ്ഗത്തിന്റെ ദേശകാലോ ചിതമായ തത്വങ്ങളാണെന്ന് മനസ്സിലാക്കാം.

സാമൂഹികവും രാഷ്ട്രീയവുമായ രംഗങ്ങളിലും ദേശീയതല ത്തിലും ഭക്തിപ്രഭാവംകൊണ്ട് ജനങ്ങൾ യോഗ-ക്ഷേമങ്ങൾ അനുഭവിച്ച രംഗങ്ങൾ അനവധിയാണ്. വിദേശ ആക്രമണകാരികളുടെയും മതഭ്രാന്തൻ മാരുടെയും വഞ്ചനകളിലും ക്രൂരമായ വൃത്തികളിലും നിന്ന് ഭാരതദേ ശത്തെ ഇന്നത്തെ നിലയിലെങ്കിലും നിലനിർത്തിയതും ആശ്വസിക്കപ്പെ ട്ടതും നാലു നൂററാണ്ടുകൾക്ക് മുമ്പ് ഈ ദേശത്തിന്റെ അങ്ങോളമിങ്ങോളം ജീവിച്ചിരുന്ന ഈശ്വരഭക്ത ശ്രേഷ്ഠൻമാരുടെ ഭക്തിപ്രഭാവമായിരുന്നു. കന്യാകുമാരി മുതൽ കൈലാസം വരെ അങ്ങനെ എത്രയെത്ര ഭക്തൻ മാരും സിദ്ധൻമാരുമാണ് ജീവിച്ചിരുന്നത് എന്ന് എത്രപേർക്കറിയാം ! മഹാഭാഗവതത്തിൽ ഭക്തിസാധനകളിൽ

> ശ്രവണം കീർത്തനംവിഷ്ണോ സ്മരണം പാദസേവനം
> അർച്ചനം വന്ദനം ദാസ്യംസഖ്യമാത്മനിവേദനം

എന്ന പ്രഹ്ലാദവാക്യം വ്യഷ്ടിജീവിതത്തിലും സാമൂഹിക ജീവിത ത്തിലും അത്ഭുതകരമാംവിധം അനുഭവഗോചരമാക്കി ജീവിച്ചിരുന്ന ഭക്തൻ മാർ അസംഖ്യം. ഇന്നത്തെ പാക്കിസ്ഥാനിലും ബംഗ്ലാദേശിലും പ്രാദുർ ഭവിച്ച ഭക്തശ്രേഷ്ഠൻമാരിൽ ഗുരുനാനാക്കും ശ്രീകൃഷ്ണചൈതന്യനും ഉൾപ്പെടും. തെക്ക് ആൾവാറുകളും സിദ്ധയോഗികളും കേരളത്തിലും മഹാരാഷ്ട്രത്തിലും കർണ്ണാടകത്തിലും മററും ജീവിച്ച് ധർമ്മം പ്രചരി പ്പിച്ചിരുന്ന വൈഷ്ണവ മഹാഭക്തൻമാരും ബംഗാളിലും നേപ്പാളിലും രാജസ്ഥാനിലും സൗരാഷ്ട്രയിലും ഒക്കെ ജീവിച്ചിരുന്ന ശൈവ ശാക്ത ഭക്തൻമാരും നിരവധിയാണ്. സർവ്വോപരി രാമകൃഷ്ണഭക്തിപ്രസ്ഥാനം വളർന്ന് വികസിച്ച് സനാതന ധർമ്മാവലംബികളായ ഹിന്ദുക്കളെ കർത്തവ്യ നിരതരാക്കുന്നതോടൊപ്പം വിശ്വമാനവ സമൂഹത്തിന് പ്രത്യാ ശയും ലക്ഷ്യബോധവും ഉളവാക്കിക്കൊണ്ടിരിക്കുന്നതായും കാണാം.

ഭാരതദേശീയ സ്വാതന്ത്ര്യ ധർമ്മ സമരത്തിൽ അദ്വിതീയനായി രുന്ന മഹാത്മാഗാന്ധി രാഷ്ട്രീയ നിലവാരത്തിൽ തന്നെ നടത്തിയിരുന്ന പ്രതിദിന പ്രാർത്ഥനായോഗങ്ങളിൽ വൈദീക സൂക്തങ്ങൾക്കും ഭഗവത്ഗീത തുടങ്ങിയ മതഗ്രന്ഥങ്ങളുടെ പാരായണങ്ങൾക്കും ശേഷം സാമൂഹ്യമായി ചൊല്ലിയിരുന്ന ഭക്തകവികളുടെഗാനങ്ങളിൽ ഒന്ന് ശ്രീ നരസിംഹ മേത്തയുടെ "വൈഷ്ണവജനതോ" ആയിരുന്നു. ആ ഗാന

ത്തിന് ഗാന്ധിജിതന്നെ എഴുതിയ ഇംഗ്ലീഷ് വിവർത്തനത്തിന്റെ ഭാഷാന്തരം ചുവടെ ചേർക്കുന്നു.

"ആരാണോ ആരോടും അസൂയാലു അല്ലാത്തത്, ആരാണോ കൃപാസമുദ്രമായിരിക്കുന്നത്, അഹന്തയില്ലാതിരിക്കുന്നത് ആർക്കോ, ശീതോഷ്ണങ്ങളെയും സുഖദു:ഖങ്ങളെയും ഒരുപോലെ കാണുന്നവനും നിസ്വാർത്ഥനും ആരോ അവനാണ് വിഷ്ണുഭക്തൻ".

"ആരാണോ ക്ഷമാശീലനും സന്തുഷ്ടനും ആയിരിക്കുന്നത്, ആരുടെ ബുദ്ധി അവികലമായിരിക്കുന്നുവോ, ആരുടെ തീരുമാനങ്ങൾ സുദൃഢങ്ങളാണോ അവനാണ് ഹരിഭക്തൻ".

തന്റെ മനസ്സും ആത്മാവും ആരാണോ ഈശ്വരപാദത്തിൽ സമർപ്പിച്ചിരിക്കുന്നത്, ആർക്കും ഉപദ്രവം ചെയ്യാത്തവനും ആരേയും ഭയപ്പെടുത്താതിരിക്കുന്നവനും, ആരേയും ഭയപ്പെടാതിരിക്കുന്നവനും, ആശ്രയിക്കുന്നവർക്ക് അഭയം നൽകുന്നവനും ആരോ, അവനാണ് കൃഷ്ണഭക്തൻ.

സന്തോഷം, ഭയം, ദു:ഖം ഇത്യാദികളിൽനിന്ന് മുക്തനായിരിക്കുന്നത് ആരോ, പവിത്രഭാവത്തിൽ സദാ കർമ്മനിരതനായിരുന്നിട്ടും ആ കർമ്മങ്ങളാൽ ബന്ധപ്പെടാതിരിക്കുന്നത് ആരോ, അവനാണ് ഹരിഭക്തൻ.

നല്ലതായാലും കർമ്മഫലങ്ങൾ ആര് സന്യസിക്കുന്നുവോ, ആർക്ക് ശത്രുമിത്രഭേദമില്ലയോ, മാനാഭിമാനങ്ങൾ ആരെ ചലിപ്പിക്കുന്നില്ലയോ, പ്രശംസകൾ കേട്ട് ആര് അഹങ്കരിക്കുന്നില്ലയോ, അപശ്രുതികൾ കേട്ട് ആര് താണുപോകുന്നില്ലയോ, ആരാണോ നിശബ്ദതയെയും ഏകാന്തതയെയും സ്നേഹിക്കുന്നത് അവനാണ് മഹാഭക്തൻ.

ഭാഗവതധർമ്മത്തിലും ഭക്തിയോഗത്തിലും നാരദഭക്തിസൂത്രത്തിലും മാനവസമൂഹത്തിന്റെ യോഗത്തിനായി അനുശാസിക്കുന്ന ഭക്തിശാസ്ത്രങ്ങളുടെ രത്നചുരുക്കമാണ് ഈ "വൈഷ്ണവജനതോ" ഗാനത്തിന്റെ ഉള്ളടക്കം.

വിഷയാൻ ധ്യായതശ്ചിത്തം വിഷയേഷു വിഷജ്ജതേ
മാമനുസ്മരതശ്ചിത്തം മയ്യേവപ്രവിലീയതേ.

ഭാഗവതം 11-14-27

പ്രാപഞ്ചിക വിഷയങ്ങളിൽ എപ്പോഴും മുഴുകിയിരിക്കുന്നവരുടെ മനസ്സ് വിഷയങ്ങളിൽ ഒട്ടിപ്പിടിച്ചിരിക്കും. ഭഗവാനിൽ മനസ്സ് രമിപ്പിച്ച് ജീവിക്കുന്ന ഭക്തൻമാർ ദു:ഖങ്ങളുടെയും ദുരിതങ്ങളുടെയും കുടുക്കുകളിൽ നിന്നും രക്ഷപ്പെട്ട് ജന്മസാഫല്യം നേടുമെന്നത് എക്കാലവും സത്യം.

◆◆◆

# ക്ഷേത്രോത്സവങ്ങളും ഹിന്ദുക്കളും

ആണ്ടോടാണ്ട് ക്ഷേത്രോത്സവങ്ങൾ പൂർവ്വാധികം ഭംഗിയായി നടത്തപ്പെടുന്നുണ്ടെങ്കിലും ഹിന്ദുജനതയുടെ മതബോധവും സംഘടനാശക്തിയും പൂർവ്വാധികം അഭിവൃദ്ധിപ്പെടുന്നുണ്ടോ ? ദേവസ്വം ബോർഡധീനതയിലുള്ള ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ പതിവു പരിപാടികൾക്ക് അച്ചാരംകൊടുത്ത് നടത്തുന്നുണ്ട്. പൊതുരംഗത്തിറങ്ങി പ്രവർത്തിക്കാൻ ഉൽസാഹമുള്ള പുതിയ തലമുറകളുടെ മതബോധത്തിന്റെ മാനദണ്ഡമനുസരിച്ച് ഊരാൺമക്ഷേത്രോത്സവങ്ങളും 'പൊടിപൊടിച്ച്' നടക്കുന്നുണ്ട്. ഒരിടത്ത് പാട്ടുകച്ചേരികളും, കഥകളി, ഹരികഥാകാലക്ഷേപം മുതലായ കലാപ്രകടനങ്ങളും കരിമരുന്നുപ്രയോഗങ്ങളും ഉണ്ടെങ്കിൽ വേറൊരിടത്ത് മാപ്പിളപ്പാട്ടുകളും, കഥാപ്രസംഗം, പ്രഹസനങ്ങൾ, കമ്പക്കെട്ടുകൾ എല്ലാം 'ബലേഭേഷാ'യി നടക്കുന്നുണ്ട്. ഉത്സവങ്ങളിലെല്ലാം തന്നെ പ്രായേണകച്ചവടങ്ങളും ജനത്തിരക്കുകളും കൂടിയിരിക്കുന്നുമുണ്ട്. എന്നിട്ടും ഹിന്ദുക്കൾ ഹിന്ദുക്കളല്ലാതെ, മതാഭിമാനമോ സംഘടനാബോധമോ ഇല്ലാതെ കഴിയുന്നതെന്തുകൊണ്ടാണ് ?

## പരിവർത്തനം വേണം

കണ്ടും കേട്ടും രസിച്ചുകൊണ്ടിരിക്കാൻ മാത്രമുള്ളതാണോ ക്ഷേത്രോത്സവങ്ങൾ ? രസാനുഭൂതികൾക്കൊപ്പം ധാർമ്മികജീവിതത്തിനുള്ള പ്രചോദനമേകാൻകൂടി ഇന്നത്തെ ക്ഷേത്രോത്സവങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ, അവിടെയും സജീവമായ ഒരു പരിവർത്തനം ആവശ്യമായിത്തീരുന്നില്ലേ ? കാലാനുയോജ്യവും ഹൈന്ദവനവോത്ഥാനത്തിനുതകുന്നതുമായ, ശാസ്ത്രീയവും സജീവവുമായ പരിവർത്തനങ്ങൾ ഉണ്ടാവണം. ക്ഷേത്രങ്ങൾക്കകത്ത് നടത്തപ്പെടുന്ന ആരാധനാക്രമങ്ങൾക്കല്ല; പുറമെ നടത്തപ്പെടുന്ന ഉത്സവപരിപാടികൾക്കാണ് പരിവർത്തനം ആവശ്യമായിത്തീർന്നിരിക്കുന്നത്.

ഒരിക്കലും മാറാത്തതും മായാത്തതുമായ 'സനാതനധർമ്മ'ത്തെ

അവലംബിച്ചു നിൽക്കുന്ന കുലധർമ്മം, സമൂഹധർമ്മം, കാലധർമ്മം എന്നിത്യാദി ധർമ്മങ്ങളുടെ കാലാനുയോജ്യമായ പരിവർത്തനവും വളർച്ചയുമാണ് മാനവസമുദായത്തിന്റെ പുരോഗതിക്ക് നിദാനം. ആ വക ധർമ്മങ്ങളിൽപ്പെട്ടതാണ് ക്ഷേത്രോത്സവങ്ങളും. ആയത് ഹിന്ദുക്കളെ പരസ്പരം അടുപ്പിക്കുന്നതിനും ധർമ്മനിഷ്ഠരായി ജീവിക്കുന്നതിനും പ്രേരണ നൽകുന്ന വിധത്തിലല്ലെങ്കിൽ ഉദ്ദേശഫലസിദ്ധിയുണ്ടാകുന്നതെങ്ങനെ ?

## ഹിന്ദുസംഘടനാവാരം

അതത് ക്ഷേത്രവ്യാപ്തിക്കകത്തു വസിക്കുന്ന ഹിന്ദുക്കൾക്കെങ്കിലും ഒരു ഹിന്ദുസംഘടനാവാരമായി ആഘോഷിക്കുന്നതിന്റെ പ്രതീതി കൂടി ജനിക്കത്തക്കവിധം ക്ഷേത്രോത്സവങ്ങൾ ആഘോഷിക്കേണ്ടതാണ് ഇന്നത്തെ മതപ്രസംഗപദ്ധതിയെ ഇവിടെ അവഗണിക്കുന്നില്ല. എന്നാൽ അപൂർവ്വം ചില ക്ഷേത്രങ്ങളിൽ മാത്രമേ മതപ്രസംഗങ്ങളും പ്രയോജനപ്രദമായി നടത്തപ്പെടുന്നുള്ളു. പല ഉത്സവങ്ങളിലുമിന്ന് മതപ്രസംഗവും ഒരു ചടങ്ങ്മാത്രമായി പരിണമിച്ചിട്ടുണ്ട്. കക്ഷി-രാഷ്ട്രീയ ഉൽസവകമ്മിററി അംഗങ്ങളുടെ സ്വാധീനതയിൽപ്പെട്ട് പല ഉൽസവ മത-കഥാപ്രസംഗങ്ങളും ഉദ്ദേശലക്ഷ്യങ്ങളിൽനിന്ന് വ്യതിചലിച്ചുപോകുന്നുണ്ട്.

വ്യാപാരങ്ങളും ജനത്തിരക്കും എത്രത്തോളം വർദ്ധിച്ചിരുന്നുവെന്നതല്ല ഹിന്ദുക്കളുടെ ധാർമ്മികമായ ഉണർവും സംഘടനാബോധവും എത്രത്തോളം ഉയർന്നിട്ടുണ്ടെന്നുള്ളതായിരിക്കണം ഓരോ ക്ഷേത്രോത്സവ വിജയത്തിന്റെയും മാനദണ്ഡം. നാട്ടിൽപലതരത്തിലുള്ള ഉത്സവങ്ങളും ആഘോഷങ്ങളും വാർഷികകൊണ്ടാട്ടങ്ങളും നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത്, ധർമ്മനിഷ്ഠയ്ക്കും ഹിന്ദുസംഘടനയ്ക്കും ആദ്യന്തം ഉത്തേജനം നൽകുന്ന ക്ഷേത്രോത്സവപരിപാടികളാവിഷ്ക്കരിച്ച് നടപ്പിലാക്കുകയാണാവശ്യം. ഇതിന് ഈശ്വരഭക്തരായ ഹിന്ദുക്കളുടെ മതാഭിമാനമനോഭാവം കൂടുതൽ സജീവവും ശക്തിയുക്തവുമായിത്തീരണം.

## കലാപരിപാടികൾ

ക്ഷേത്രോത്സവങ്ങളിലെ മതസമ്മേളനങ്ങൾ കൂടുതൽ ആകർഷണീയവും പ്രയോജനപ്രദവുമാക്കാൻ ശ്രദ്ധചെലുത്തുന്നതോടൊപ്പം സ്ഥലവാസികളായ ആബാലവൃദ്ധം ഹിന്ദുക്കൾക്കും പങ്കെടുത്ത് ആനന്ദിക്കാനും അറിവുനേടാനുമുള്ള കലാപരിപാടികളും ആവിഷ്കരിക്കണം. ഹി

ന്ദുവിദ്യാർത്ഥികളെക്കൊണ്ട് മതപരമായ കലാമത്സരങ്ങൾ നടത്തിച്ച് വിജയികളാകുന്നവർക്ക് നല്ല മതഗ്രന്ഥങ്ങളും ചിത്രങ്ങളും പാരിതോഷികങ്ങളായി നൽകുക. മോഹമുദ്ഗരം, ഹരിനാമകീർത്തനം, എഴുത്തച്ഛൻ, പൂന്താനാദി കൃതികൾ, ഗീത ഇവകളിൽ നിന്നും തെരഞ്ഞെടുത്ത ചില ഭാഗങ്ങൾ പഠിച്ചുവരുന്നതിനും ശ്രുതിമധുരമായി അവ പാടിക്കേൾപ്പിക്കുന്നതിനും ബാലികാബാലന്മാരെ പ്രോത്സാഹിപ്പിക്കുക, ഹിന്ദുമത സാഹിത്യങ്ങളിൽ വേണ്ടുവോളമുള്ള ആദർശചരിതങ്ങൾ നാടകങ്ങളാക്കി പഠിച്ച് അഭിനയിക്കുന്നതിന് ഹിന്ദുയുവാക്കന്മാരെ പ്രേരിപ്പിക്കുക, ഹിന്ദുമത തത്വങ്ങൾ കലാപരമായി ആവിഷ്ക്കരിച്ച് കഥാപ്രസംഗം ചെയ്യുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുക എന്നിങ്ങനെ ധർമ്മപ്രചരണത്തിനും ഹിന്ദുസംഘടനയ്ക്കും ഉത്തേജനം നൽകുവാൻ തക്കവിധം എന്തെല്ലാമാണ് ക്ഷേത്രോത്സവങ്ങളിൽ മുഖ്യത്വംകൊടുത്ത് നടത്താവുന്നത്. ഇതിനെല്ലാം ഒരുക്കമുള്ളവർക്ക് സർവ്വവിധത്തിലും പ്രോത്സാഹനവും പിന്തുണയും നൽകാനുള്ള സന്മനസ്സ് ക്ഷേത്രഭാരവാഹികൾക്കുണ്ടാകുമെങ്കിൽ മതരംഗത്തിറങ്ങി പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ള ചെറുപ്പക്കാരെയും കാണാൻ കഴിയുന്നതാണ്.

ക്ഷേത്രോപജീവികളായ പ്രസിദ്ധ കലാകാരൻമാരെ യാതൊരു വിധത്തിലും നിരുത്സാഹപ്പെടുത്തുന്നതിനുള്ള പരിവർത്തനമല്ല ആവശ്യപ്പെടുന്നത്. പക്ഷേ, അരിക്കും കാശിനും വേണ്ടിമാത്രം ഹരികഥയും കഥാപ്രസംഗവും ചെയ്യുന്നവരെ സൂക്ഷിക്കണം. ക്ഷേത്രത്തിൽ വന്ന് ഭക്തിമാഹാത്മ്യത്തെപ്പറ്റി പ്രസംഗിക്കുകയും മറ്റു രംഗങ്ങളിൽ ചെന്ന് ഭക്തിയേയും ഭക്തന്മാരെയും പരിഹസിച്ച് കാശു വാങ്ങുകയും ചെയ്യുന്ന കലാകാരന്മാരുടെ കാലമാണിത്. ധർമ്മവും ഈശ്വരനുമല്ല, പണം മാത്രമാണ് അവരുടെ ലക്ഷ്യം.

## അന്തർയോഗം

ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ഹിന്ദുസംഘടനയുണ്ടാവണമെന്ന ആഹ്വാനങ്ങൾ ഇന്നാട്ടിൽ പലപ്പോഴും മുഴങ്ങിയിട്ടുണ്ടെങ്കിലും അതിതേവരെ പ്രായോഗികമായി കണ്ടിട്ടില്ല. ഇന്നത്തെ ഹിന്ദുമനോഭാവത്തിന്റെ വൈപരീത്യമാണിതിന് കാരണം. വിവിധ കാരണങ്ങളാൽ കലങ്ങിമറിഞ്ഞ ഈ കാലഘട്ടത്തിൽ അന്തഃകരണവും അന്തരീക്ഷവും പവിത്രവും ഈശ്വരനിഷ്ഠവുമാക്കാൻവേണ്ടി ആദ്ധ്യാത്മികബോധമുള്ള ഹിന്ദുക്കളേവരും മുന്നോട്ടിറങ്ങി കർത്തവ്യമനുഷ്ഠിക്കേണ്ടതാണ്. മാസത്തിലൊ

രു പ്രാവശ്യമെങ്കിലും ഓരോ ക്ഷേത്രപരിധിയിലുമുള്ള ഹിന്ദുക്കൾ അതത് ക്ഷേത്രത്തിൽകൂടി അന്തർയോഗം അനുഷ്ഠിക്കേണ്ടതാണ്. ക്ഷേത്രോത്സവങ്ങളിൽ ഒരു ദിവസം ഈ അന്തർയോഗംതന്നെ കൂടുതൽ പ്രയോജനകരമാവാൻ തക്കവിധം വിപുലമായ തോതിൽ നടത്താവുന്നതാണ്.

പ്രശാന്തമായ ഒരന്തരീക്ഷമുണ്ടാക്കി, നിശ്ചിത സമയത്ത് നിശ്ചിത പരിപാടികളനുസരിച്ച്, തികഞ്ഞ അച്ചടക്കത്തോടും ധർമ്മാനുസരണഭാവത്തിലും സാമൂഹികമായി നടത്തപ്പെടുന്ന ദൈവീക സാധനയാണ് അന്തർയോഗം. സാധാരണമായ ഒരു അന്തർയോഗത്തിന്റെ പരിപാടികളെല്ലാംകൂടി മൂന്ന് മണിക്കൂർകൊണ്ട് അവസാനിക്കുന്നതും ആദ്യന്തം കൂടുന്നവരെല്ലാം ഒന്നുചേർന്ന് നടത്തേണ്ടതുമാണ്. ഭജന, പ്രാർത്ഥന, മതഗ്രന്ഥപാരായണം, ആദ്ധ്യാത്മിക പ്രഭാഷണങ്ങൾ, ജപം, ധ്യാനം, നാമസങ്കീർത്തനം, അർച്ചന, ആരാധന, പ്രസാദവിതരണം, എന്നിവ എല്ലാവരും ഒന്നുചേർന്ന് നിശ്ചിത സമയങ്ങളിൽത്തന്നെ നടത്തുന്നതിനാണ് അന്തർയോഗമെന്നു പറയപ്പെടുന്നത്. സമുദായത്തിന്റെ ആത്മീയോന്നതിക്കും ധർമ്മ പുനരുദ്ധാരണത്തിനും ഇത്തരം പരിപാടികൾ വളരെയധികം പ്രയോജനമുളവാക്കുന്നതായി തെളിഞ്ഞിട്ടുണ്ട്.

കാലം മാറുന്നതോടൊപ്പം കമ്പക്കെട്ടുകളോടുള്ള ഹിന്ദുക്കളുടെ കമ്പം കുറയുകതന്നെവേണം. അതുപോലെ ക്ഷേത്രോത്സവങ്ങൾ നിയന്ത്രിക്കാൻ പോലീസ്പടയെ ആശ്രയിക്കുന്ന സ്വഭാവവും മാറണം. പകരം മനസ്സിരുത്തി പരിശ്രമിക്കാമെങ്കിൽ നാലഞ്ചു ദിവസത്തെ പരിശീലനമെങ്കിലും സിദ്ധിച്ച ഓരോ സംഘം ഹിന്ദു യുവാക്കന്മാരെയും യുവതികളെയും ഹിന്ദു സ്വയംസേവകരായി അണിനിരത്താവുന്നതും ക്ഷേത്രോത്സവങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്താവുന്നതുമാണല്ലോ, ദേവസ്വം തുകകൾ ദുരുപയോഗപ്പെട്ടുപോവുകയുമില്ല. ഇവയ്ക്കെല്ലാം ദേവസ്വം അധികൃതരുടെ ഇന്നത്തെ യാന്ത്രികമായ ധാർമ്മിക വീക്ഷണത്തിനൊരു വ്യതിയാനമുണ്ടായേ തീരൂ. ദേവസ്വം അധികൃതർക്കും മതവിശ്വാസികളായ പ്രമാണികൾക്കും ശരിയായ ധാർമ്മിക വീക്ഷണമുണ്ടാവുമെങ്കിൽ, ക്ഷേത്രോത്സവങ്ങളിലുള്ള കച്ചവട മനോഭാവത്തിന്റെ സ്ഥാനത്ത് ഹിന്ദു മതാഭിമാനവും ഹിന്ദു സംഘടനാബോധവും അനായാസേന സംസിദ്ധമാവുകതന്നെചെയ്യും.

◆◆◆

# പാവനസ്മരണ

തപോധനനായ ഒരു മഹാത്മാവിന്റെ ആവിർഭാവം കൊണ്ട് നാട്ടിനും സമൂഹത്തിനും എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് എണ്ണിപ്പറയാവുന്നതല്ല. വ്യക്തികളുടെ സ്വാഭാവികമെങ്കിലും ആന്തരികമായി ഉറങ്ങിരിക്കുന്ന സ്വാത്മബോധത്തിന്റെ ഉണർവ്വുളവാക്കി ആത്മവികാസം സാധിപ്പിക്കുകയും തദനുസരണമായ സദ്വൃത്തികളിലേക്ക് പ്രചോദനമേകുകയുമാണ് മഹാത്മാക്കളിലൂടെ സംഭവിക്കുന്നത്. ഈ ആദ്ധ്യാത്മിക പ്രക്രിയ ആന്തരികമായി നിർവ്വഹിച്ചുകൊണ്ടും ശരിക്ക് കാലാവലോകനം ചെയ്തുകൊണ്ടും കർമ്മയോഗ പന്ഥാവിൽ സമൂഹസേവനം കൂടി നിർവ്വഹിച്ച അപൂർവ്വം യതിശ്രേഷ്ഠന്മാരിൽ അദ്വിതീയനാണ് ശ്രീമദ് ആഗമാനന്ദ സ്വാമികൾ.

1937 അവസാനം കൽക്കട്ടയിൽ എത്തിച്ചേർന്ന കൗമാരാവസ്ഥ കഴിഞ്ഞ ഈ യുവാവിന് എന്തെങ്കിലും പണിയെടുത്ത് വിദ്യാഭ്യാസം തുടരേണ്ടിവന്നു. പൈതൃകമായി ലഭിച്ച അൽപ്പ വിദ്യാഭ്യാസത്തിലും വേദാന്ത തത്വം ഉൾക്കൊണ്ടിരുന്നതിനാൽ ഇതര മതാചാര്യന്മാരെയും ബഹുമാനാദരവുകളോടെ വീക്ഷിക്കുവാൻ വിഷമമുണ്ടായില്ല. അങ്ങനെ ബിഷപ്സ് കോളേജിൽ തമിഴ്നാട്ടുകാരനും വൈസ് പ്രിൻസിപ്പാളുമായ റവ. തോമസ് സിദ്ധരുടെ അനുഭാവത്തിൽ അവിടെ പ്രവേശിച്ചു. അദ്ദേഹം സ്വകുടുംബാംഗങ്ങളിൽ ഒരുവനെപ്പോലെ പെരുമാറുകയും ദിവസവും രാവിലെ അവർക്കൊപ്പം ബെഡ്കോഫി കൊടുത്തിട്ട് ബൈബിൾ പഠിപ്പിക്കുകയും ചെയ്തു. സകുടുംബം അദ്ദേഹം വിവിധ സ്ഥലങ്ങളിലെ ബൈബിൾ ഹൗസുകളിലൂടെ ലാഹോർ വരെ സഞ്ചരിച്ചപ്പോൾ ഈ യുവാവിനെ കൂടെ കൊണ്ടുപോയിരുന്നു. യുവാവിന് തന്റെ അഭീഷ്ടമനുസരിച്ച് അതത് സ്ഥലങ്ങളിലെ ക്ഷേത്രങ്ങളും തീർത്ഥസ്ഥാനങ്ങളും സന്ദർശിക്കുവാൻ സാധിച്ചു. കൽക്കത്തയിൽ തിരിച്ചെത്തി രണ്ടുവർഷം കഴിഞ്ഞപ്പോഴേക്കും സിദ്ധിർ തൃശിനാപള്ളിക്ക് സ്ഥലം മാറിപ്പോയി. ബിഷപ്സ് കോളേജ് ആയിരുന്നതിനാൽ സ്വാഭാവികമായും ക്രൈസ്തവ സഹോദരങ്ങളുമായാണ് അടുത്ത സമ്പർക്കം. അവരിൽ ചിലർ കേരളത്തിൽ നിന്ന് മതം മാറിവന്നവരാണ്. വല്ലാത്ത മതാവേശമുള്ളവർക്ക് "പരമേശ്വരൻ" എന്ന് നീട്ടിവിളിക്കാൻ വിഷമം അതുകൊണ്ട് അവർ തന്നെ ജോൺ എന്ന് വിളിക്കാൻ തുടങ്ങി. സസന്തോഷം സമ്മതിച്ചു. അവരോടൊപ്പം ഒരു

പള്ളിയിലും പൊയിക്കൊണ്ടിരുന്നു. എന്നാലും ആഴ്ചയിൽ ഒരുദിവസം കൽക്കത്ത കാളീക്ഷേത്രത്തിലും സൗകര്യം കിട്ടുമ്പോഴൊക്കെ മറ്റു ക്ഷേത്രങ്ങളിലും പോയി ദർശനം നടത്തും. ഇത് അവർക്ക് പിടിച്ചില്ല. ഇനി ക്രിസ്തുമതത്തിൽ ചേരണമെന്നായി. അതിന് വിസമ്മതിച്ചപ്പോൾമുതൽ ഹിന്ദുക്കളെയും ഹിന്ദുമതത്തെയും അപലപിച്ചുകൊണ്ട് ഭീഷണിസ്വരത്തിൽ സംസാരിക്കാൻ തുടങ്ങി. ആദ്യമാദ്യം അതൊക്കെ സഹിച്ചുകൊണ്ട് പൈതൃക സ്വത്ത് പോലെ സൂക്ഷിച്ചിരുന്ന രണ്ട് പുസ്തകങ്ങൾ - വാചസ്പതി പരമേശ്വരൻ മൂസതിന്റെ "ലോകമാന്യം" വ്യാഖ്യാനത്തോടുകൂടിയ ഭഗവത്ഗീതയും, കൃഷ്ണൻ നമ്പ്യാതിരി വിവർത്തനം ചെയ്ത "ശ്രീ വിവേകാനന്ദ പത്രാവലി"യും വായിച്ച് ആശ്വസിക്കും. അവരുടെ കർക്കശത കൂടുന്തോറും ഇവന്റെ ഹിന്ദുമതാഭിമാനവും ആത്മവിശ്വാസവും വികസിച്ചുകൊണ്ടിരുന്നു. മാത്രമല്ല, ശ്രീകൃഷ്ണാശ്രമം, ഭാരതസേവാശ്രമ സംഘം, ആര്യസമാജം, ഹിന്ദുമഹാസഭ മുതലായ സ്ഥാപനങ്ങളുമായി സമ്പർക്കപ്പെടാൻ തുടങ്ങി. 1940 - ൽ ആ ക്രൈസ്തവ വലയം ഭേദിച്ച് പുറത്തുപോരുകയും ചെയ്തു.

ബേലൂർ മഠത്തിൽ വെച്ച് ശ്രീ വിവേകാനന്ദ പത്രാവലിയുടെ വിവർത്തകനായ കൃഷ്ണൻ നമ്പ്യാതിരി സംന്യസിച്ച് ആഗമാനന്ദ സ്വാമികളായെന്നും അദ്ദേഹം ഇപ്പോൾ ശ്രീ ശങ്കര ഭഗവദ് പാദരുടെ ജന്മഭൂമിയായ കാലടിയിൽ ആശ്രമം സ്ഥാപിച്ചു നടത്തുകയാണെന്നും അറിഞ്ഞു. ധർമ്മ ഭ്രംശത്തിന്റെ വക്കിലെത്തിയ ഇവനെ പിടിച്ചുനിർത്തി സ്വധർമ്മ ബോധം ഉളവാക്കി രക്ഷിച്ച ശ്രീ വിവേകാനന്ദ പത്രാവലിയിലെ വരികളോടൊപ്പം ശ്രീ ആഗമാനന്ദ സ്വാമികളോട് കൃതജ്ഞതാ നിർഭരമായ ബഹുമാനം ഉളവായി.

ഏഴെട്ടു വർഷങ്ങൾക്കുശേഷം ആര്യ ഹിന്ദു ധർമ്മ സേവാസംഘത്തിന്റെ പ്രചാരകൻ എന്നനിലയിൽ നാട്ടിൽ തിരിച്ചെത്തിയപ്പോൾ പരമേശ്വരത്ത് ശ്രീ വിഷ്ണുക്ഷേത്ര സന്നിധിയിൽ ഗീതോദയ ശ്രീഹരിനാമ കീർത്തന സംഘത്തിന്റെ ആഭിമുഖ്യത്തിലും പാങ്ങപ്പാറ കേശവപിള്ള (വൈരാടത്തു കേശവനാശാൻ) യുടെ അദ്ധ്യക്ഷതയിലും കൂടിയ ഭക്തജന സമ്മേളനത്തിൽ "ഹിന്ദുക്കളെ ഉണരുവിൻ, എഴുന്നേൽക്കുവിൻ" എന്ന ശീർഷകത്തിൽ എഴുതിവായിച്ച പ്രസംഗം പിന്നീട് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തി. അതിന്റെ പ്രതികൾ ചില ഹിന്ദുപ്രമാണികൾക്ക് അയച്ചകൂട്ടത്തിൽ ആഗമാനന്ദ സ്വാമികൾക്കും രാമസിംഹനും മററും അയച്ചു. അവരുടെയെല്ലാം പ്രോത്സാഹജനകമായ മറുപടിയും കിട്ടിയിരുന്നു. എന്റെ സാമൂഹ്യ പ്രവർത്തന പരിധി കന്യാകുമാരിവരെ നീട്ടിയിരുന്നെങ്കിലും തിരുവനന്തപുരം അംബുജവിലാസം റോഡിലായിരുന്നു പ്രധാന കാര്യാലയം.

ഒരു ദിവസം വൈദ്യൻ കുമരകം പരമേശ്വരൻ പിള്ള ആളയച്ചതനുസരിച്ച് ധന്വന്തരി മഠത്തിൽ ചെന്നപ്പോൾ ആഗമാനന്ദ സ്വാമികൾ മേലെ നിലയിൽ വിശ്രമിക്കുന്നു എന്നും മടങ്ങുന്നതിനുമുമ്പ് നിങ്ങളെ കണ്ടാൽ കൊള്ളാമെന്നും പറഞ്ഞു. കേട്ടയുടനെ ഞാൻ മുകളിലേക്കുള്ള കോണിപ്പടിയിലേക്ക് നടന്നു. വൈദ്യരും സ്വാമികൾ ഇരിക്കുന്ന മുറിയിലേക്ക് വന്നിട്ട് ഇതാ 'സാധുശീലൻ പരമേശ്വരൻ പിള്ള വന്നിരിക്കുന്നു' എന്നു പരിചയപ്പെടുത്തി. സ്വാമിജി ഉടനെ ചിരിച്ചുകൊണ്ട് വരൂ വരൂ എന്ന് അകത്തേക്ക് വിളിച്ചിട്ട് വൈദ്യരോടായി ഇതു 'സാധുശീലൻ' മാത്രമല്ല 'ശൂരശീലനു'മാണ് എന്നു പറഞ്ഞപ്പോൾ എല്ലാവരും പൊട്ടിച്ചിരിച്ചു. തുടർന്ന് 'ഹിന്ദുക്കളെ ഉണരുവിൻ എഴുന്നേൽക്കുവിൻ' പോലുള്ള ലഘു ലേഖകൾ ധാരാളം പ്രചരിപ്പിക്കേണ്ട കാലമാണെന്നും കവലകൾ തോറും സുവിശേഷം എന്ന പേരിൽ നടത്തുന്ന ഹിന്ദുമത ദൂഷണപ്രചാരണത്തിനെതിരെ പ്രതികരിക്കേണ്ടതാവശ്യമാണെന്നും മററും സംസാരിച്ചു. കാലടി ആശ്രമ സ്ഥാപന വേളയിൽ അനുഭവിച്ച പീഡനങ്ങളും ചുരുക്കിപ്പറഞ്ഞ് പ്രോത്സാഹിപ്പിച്ചു. അന്നുമുതൽ സ്വാമികളുമായി അടുത്ത് സമ്പർക്കം പുലർത്തിപ്പോന്നു. തെക്കൻ തിരുവിതാംകൂറിൽ ഏർപ്പാടുചെയ്ത ഹിന്ദുധർമ്മ പ്രചാരണ യോഗങ്ങളിൽ പ്രസംഗകനായി പങ്കെടുക്കാൻ എപ്പോഴും ശ്രമിച്ചിരുന്നു. അക്കാലത്ത് തെക്കൻ തിരുവിതാംകൂറിൽ ക്രിസ്തുമത പ്രചാരകർ ക്ഷേത്രപരിസരങ്ങളിൽ പോലും ക്രിസ്തുമത കൺവെൻഷനുകൾ നടത്തി. ഹിന്ദുക്കളെ മതപരിവർത്തനം ചെയ്തുകൊണ്ടിരുന്നതിനാൽ ക്രിസ്ത്യാനികളായി മാറുന്ന ഹരിജന ഹിന്ദുക്കളെയെങ്കിലും തിരിച്ചുകൊണ്ടുവരണമെന്ന വാശിയോടെ ഒന്നുരണ്ടു ഹിന്ദുസംഘടനകൾ പ്രവർത്തിച്ചിരുന്നു. ഹിന്ദുസമൂഹത്തെ കാർന്നു തിന്നുന്ന പരമത പ്രവർത്തനങ്ങൾ കണ്ടിട്ടും കേട്ടിട്ടും ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ എന്ന മട്ടിൽ സ്വാർത്ഥ തൽപ്പരരായി കഴിഞ്ഞിരുന്ന ധാരാളം ഹിന്ദുമത പ്രമാണികൾ ഉണ്ടായിരുന്നു. ഹിന്ദുസമൂഹ പ്രവർത്തകർക്ക് യാതൊരു പ്രോത്സാഹനവും നൽകാൻ അവർ തയ്യാറായിരുന്നില്ലെന്ന് മാത്രമല്ല ഹൈന്ദവൈക്യ ശ്രമങ്ങളെ തകർക്കുന്ന മട്ടിൽ ജാത്യഭിമാനം പുലർത്തുകയും ചെയ്തിരുന്നു എങ്കിലും ശ്രീ സ്വാമികളുടെ മാർഗ്ഗദർശനത്തിൽ ശ്രീ മന്നത്ത് പത്മനാഭനും അദ്ദേഹത്തെപ്പോലെ ഉന്നതരായ ചില സമുദായ നേതാക്കന്മാരും ജാതി സംഘടനകളുടെ വാർഷികയോഗങ്ങളോടനുബന്ധിച്ച് എല്ലാ ഹിന്ദുക്കളെയും ചേർത്ത് ഹൈന്ദവ സമ്മേളനം നടത്തുവാൻ തീരുമാനിച്ചു. അതുപോലെ തെക്കൻതിരുവിതാംകൂറിൽ ഹിന്ദുക്കളുടെ ഏററവുംവലിയ തീർത്ഥാടന കേന്ദ്രമായ മണ്ടയ്ക്കാട് ഭഗവതിക്ഷേത്ര സന്നിധിയിൽ സ്വൈരമായി നടത്തിക്കൊണ്ടിരുന്ന ക്രൈസ്തവ കൺവെൻ

ഷനും മതപരിവർത്തനവും നിരോധിച്ചുകൊണ്ട് തൽസ്ഥാനത്ത് ഹൈന്ദവസേവാ സംഘം സ്ഥാപിച്ച് ഹിന്ദുമത കൺവെൻഷൻ തുടരാനും എലങ്കത്ത് വേലായുധൻപിള്ളയെപ്പോലെയുള്ള ഹിന്ദു നേതാക്കന്മാർക്കും സാധിച്ചു. അവരെല്ലാം ശ്രീ ആഗമാനന്ദ സ്വാമികളെയാണ് മാർഗ്ഗദർശകനായും പ്രധാന പ്രസംഗകനായും ക്ഷണിച്ചുകൊണ്ടിരുന്നത്. അക്കാലത്ത് അഖില ഭാരത ആര്യഹിന്ദു ധർമ്മ സേവാ സംഘം പ്രതിനിധികളായി പണ്ഡിററ് മൗലി ചന്ദ്രശർമ്മ, പണ്ഡിററ് ദീനദയാൽ ഉപാധ്യായ, പൺഡിററ് ഋഷിരാം, ഡോ. ബി എൽ ആത്രേയ തുടങ്ങി അഖിലേന്ത്യാ പ്രശസ്തരായ പണ്ഡിതന്മാരും നേതാക്കന്മാരും മണ്ടയ്ക്കാട് ഹിന്ദുമത കൺവെൻഷനിൽ പങ്കെടുത്തു ആദ്യവസാനം പ്രഭാഷണങ്ങൾ ചെയ്തിരുന്നു. ഇതോടനുബന്ധിച്ച് ക്രിസ്തുമതത്തിലേക്ക് പോയ പല ഹരിജന കുടുംബങ്ങളെയും ശുദ്ധികർമ്മം ചെയ്തു മാതൃധർമ്മത്തിലേക്ക് തിരിച്ചെടുത്തിരുന്നു. അന്നൊക്കെ യുവസഹജമായ ചുറുചുറുക്കോടുകൂടി ശ്രീ ആഗമാനന്ദ സ്വാമികളും സന്നിഹിതനായി. തന്റെ യുക്ത്യനുഭവ സിദ്ധങ്ങളായ പ്രഭാഷണങ്ങളെക്കൊണ്ട് സദസ്യരെ ഊർജ്ജസ്വലരും കർത്തവ്യോൻമുഖരുമാക്കിയിരുന്നു.

ആത്മജ്ഞാനജിജ്ഞാസുക്കൾ സമയം സന്ദർഭം എല്ലാം നോക്കി ആത്മജ്ഞാനികളെ സമീപിച്ച് വിനയാന്വിതരായി ജ്ഞാനം നേടുന്ന പാരമ്പര്യവും അപൂർവ്വമായി തീർന്നിരിക്കുന്നതറിയാവുന്ന സ്വാമികൾ യുവാക്കന്മാരെ അടുക്കൽ വിളിച്ചിരുത്തി സ്വാനുഭവങ്ങൾ വിവരിച്ചുകൊണ്ട് ആത്മജ്ഞാന ലബ്ധിക്കുള്ള ഉപായങ്ങൾ ഉപദേശിക്കും. ഒരിക്കൽ നാഗരുകോവിൽ ശ്രീചിത്ര ഹിന്ദുമത ഗ്രന്ഥശാലാ ഹാളിൽ പ്രഭാഷണം കഴിഞ്ഞ് അടുത്തുള്ള ആര്യ ഹിന്ദു ധർമ്മ സേവാ സംഘം കാര്യാലയത്തിൽ വിശ്രമിക്കുകയാണ്. ഞങ്ങളെ പിന്തുടർന്നിരുന്ന കുറെ യുവാക്കന്മാരും അവിടെ വന്നുനിന്നു. അവർക്ക് ഉടനെ ആത്മജ്ഞാനം കിട്ടണം. സ്വാമിജികൾക്ക് അടുത്ത ബസ്സിൽ തിരുവനന്തപുരത്തേക്ക് മടങ്ങുകയും വേണം. വിവരമറിഞ്ഞ അവരോട് മുമ്പിലിരിക്കാൻ പറഞ്ഞു. ആത്മസാധനയുടെ പ്രാഥമിക വശങ്ങൾ വിവരിച്ചുകൊണ്ട് അവരോട് പറഞ്ഞു "നോക്കൂ കർമ്മ ശുദ്ധി, വാക്ശുദ്ധി, വിചാര ശുദ്ധി ഈ ത്രിവിധ ശുദ്ധികളും ഉണ്ടായാൽ ശരിയായ വിവേക ശുദ്ധി ഉണ്ടാവും. അങ്ങനെ ചെയ്യുന്ന ജപവും ധ്യാനവും ഫലവത്താകും. അതിന് കുറെ വൈരാഗ്യവും ആവശ്യമാണ്. മനസ്സ് വശപ്പെടുന്നത് പ്രധാനം. എന്റെ സാധനാ കാലങ്ങളിൽ കയ്യിൽ തീക്കനലുകൊണ്ട് ചൂടുവെച്ച് ആ വേദനയിൽ ശരീരത്തെയും മനസ്സിനെയും മറന്ന് ഈശ്വര ശരണാഗതനായിരുന്നിട്ടുണ്ട്. നിങ്ങളുടെ ജ്ഞാന ജിജ്ഞാസ ശരിയാണെങ്കിൽ അതിനുവേണ്ടി പരിശ്രമിക്കു

ക. വിവേകത്തോടും വൈരാഗ്യത്തോടും കൂടി സാധന ചെയ്താൽ ലക്ഷ്യ പ്രാപ്തി സുനിശ്ചിതം".

ഹിന്ദുധർമ്മത്തിന്റെ സാർവ്വജനീനമായ യോഗ സമന്വയസിദ്ധാന്തത്തിൽ ഉറച്ചുനിന്നുകൊണ്ട് പല ആശ്രമങ്ങളിലെയും ഭേദഭാവങ്ങളെ സ്വാമികൾ സംവാദ രൂപത്തിൽ തിരുത്താൻ ശ്രമിച്ചു. അക്കാലത്ത് കൊല്ലത്ത് വന്ന് ആധ്യാത്മ വികാസമണ്ഡലം സ്ഥാപിച്ച് പലർക്കും ധ്യാനയോഗം അഭ്യസിപ്പിച്ച മഹർഷി മഹേശയോഗി ഗുരുസങ്കൽപ്പത്തെപ്പററി തെററിദ്ധാരണയുളവാക്കുന്ന ഉപദേശങ്ങൾ നൽകുന്നതറിഞ്ഞ് സ്വാമികൾ അദ്ദേഹത്തെ കർശനമായി താക്കീതുചെയ്യുകയും തിരുത്തുകയും ചെയ്തു. അതുപോലെ ആലത്തൂർ ബ്രഹ്മാനന്ദ ശിവയോഗിയുടെ രാജയോഗമതിഭ്രമത്തെയും നിശിതമായി വിമർശിച്ച് തിരുത്താൻ ശ്രമിച്ചിട്ടുണ്ട്. ഏതു മതസ്ഥരായാലും ഹിന്ദുധർമ്മത്തിന്റെ അടിസ്ഥാന തത്വങ്ങളെപ്പററി അബദ്ധ പ്രസ്താവനകൾ ഇറക്കുകയോ പ്രസംഗിക്കുകയോ ചെയ്താൽ അവ തിരുത്താൻ തക്കവണ്ണം ഉടനുടൻ ശ്രുതിയുക്ത്യനുഭവ സിദ്ധമായ മറുപടി കൊടുക്കുക സ്വാമികളുടെ സഹജസ്വഭാവമായിരുന്നു.

ജാതിബുദ്ധി നശിച്ചെങ്കിലേ മനുഷ്യൻ ഈശ്വര സാക്ഷാത്കാരത്തിനർഹനാവൂ എന്നുപദേശിച്ച ശ്രീരാമകൃഷ്ണദേവൻ ഹരിജനങ്ങളുടെ കക്കൂസുപോലും വൃത്തിയാക്കിയിരുന്നു എന്ന ഗുരുദേവ മാതൃകപ്രകാരം ഹരിജനോദ്ധാരണ വിഷയത്തെപ്പററി ആവേശത്തോടെ പ്രസംഗിക്കാറുള്ള സ്വാമികൾ അവരുടെ ചേരികളിൽ ചെന്ന് ലളിതമായ ജീവിത ക്രമങ്ങളെപ്പററിയെല്ലാം ഉപദേശിക്കും. ഈശ്വരനാമം ജപിക്കാനും അടുത്ത ക്ഷേത്രങ്ങളിൽ പോയി തൊഴാനും കുട്ടികളെ വിദ്യാലയങ്ങളിൽ ചേർക്കാനും മററും പ്രോത്സാഹിപ്പിച്ചിരുന്നു. ഒരു സന്ധ്യക്ക് ഞാൻ കാലടി ആശ്രമത്തിൽ ചെന്നപ്പോൾ സ്വാമികൾ കുളി കഴിഞ്ഞ് അന്നത്തെ ആ പഴയ പൂജാമുറിയിൽ ഇരിക്കുകയാണ്. മുമ്പിലുള്ള ഹാളിൽ കഷ്ടിച്ച് പത്തിരുപത് പേർക്കിരിക്കാം. അതിന്റെ ഒരുഭാഗത്ത് ചായ്പ്പോലെ കെട്ടിയിറക്കിയ പുരയിൽ ശ്രീമേധസാനന്ദ സ്വാമിയും ഒരു ചെറുപ്പക്കാരനും പച്ചക്കറി നുറുക്കുകയാണ്. "ഇന്ന് കുറച്ചുപേർക്ക് അത്താഴപ്രസാദം കൊടുക്കണം അതിനുവേണ്ടിയുള്ള തിടുക്കത്തിലാ"ണെന്ന് മേധസാനന്ദസ്വാമി പറഞ്ഞു. ക്രിസ്തുമതം സ്വീകരിച്ച കുറെ ഹരിജനങ്ങൾ ഹിന്ദുമതത്തിലേക്ക് തിരിച്ചുവരാൻ തയ്യാറായി വന്നിരിക്കുകയാണെന്നും സ്വാമികൾ തനിയെ പൂജാമുറിയിൽ ശുദ്ധികർമ്മത്തിനുള്ള ഒരുക്കത്തിലാണെന്നും അദ്ദേഹത്തിൽ നിന്നറിഞ്ഞു. ഞാനുടനെ പൂർണാനദിയിലിറങ്ങി ഒന്നു കുളിച്ചിട്ട് സ്വാമികളുടെ അടുക്കൽ ചെന്നു നമസ്ക്കരിച്ചു. കണ്ടയുടനെ അദ്ദേഹം സന്തോഷപൂർവ്വം " വരൂവരൂ, നല്ല സമയത്താണ് വന്നത്. ഇന്ന്

കുറേപേരെ ശുദ്ധികർമ്മം ചെയ്ത് ഹിന്ദുമതത്തിലേക്ക് ചേർക്കണം. ആ മുററത്ത് കാത്തിരിക്കുന്ന അവരുടെ അടുക്കലേക്ക് പോയി നാമം ജപിച്ചു കൊണ്ട് അകത്തേക്ക് കൂട്ടിക്കൊണ്ടുവരു. അകത്ത് കയറിയാൽ നമസ്ക്കരിക്കാനും നിങ്ങൾ കാണിച്ചുകൊടുക്കേണ്ടിവരും" അനുസരണയുള്ള ശിഷ്യനെപ്പോലെ അതനുസരിച്ച് രാത്രി 8 മണിയോടുകൂടി രണ്ട് കുടുംബാംഗങ്ങളായ പതിനൊന്ന്പേരെയും ശുദ്ധികർമ്മവും ഹിന്ദുനാമകരണവും ചെയ്ത് ഹിന്ദുക്കളാക്കി. അവരുടെ ലഘുജീവിത സൗകര്യങ്ങൾ അനുസരിച്ചുള്ള ദിനചര്യയും ഈശ്വരാരാധനയും ഉപദേശിച്ചുകൊടുത്തു. എല്ലാവർക്കും പ്രസാദരൂപത്തിലുള്ള ഭക്ഷണം കൊടുത്തിട്ടാണ് അയച്ചിട്ടുള്ളത്. എത്ര ലളിതമായ പെരുമാററവും വാക്കുകളുമാണ് അപ്പോൾ കാണുകയും കേൾക്കുകയും ചെയ്തതെന്നോർക്കുമ്പോൾ സ്വാമികളുടെ അനിതര സാധാരണമായ വ്യക്തിപ്രഭാവം ഏതൊരു സമൂഹ സേവകനും പ്രചോദനമരുളുന്നതായി കണ്ടു.

ചില ഹിന്ദുപ്രമാണികളുടെ പ്രേരണയനുസരിച്ച് കുളച്ചലിനടുത്ത് ഒരു ശുദ്ധികർമ്മത്തിന് പോയിരുന്നു. അവരുടെ തന്നെ പുരയിടങ്ങളിൽ കുടികിടപ്പുകാരായ ഹരിജനങ്ങൾ ക്രിസ്തുമതത്തിൽ ചേർക്കപ്പെട്ട വിവരം അറിഞ്ഞ് അവരെ വീണ്ടും മാതൃധർമ്മത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ജന്മിമാരായ ചില പ്രബല ഹിന്ദുക്കളുടെ സഹകരണത്തോടെ പരിശ്രമിച്ചു. ആർഭാടപൂർണ്ണമായ പരിപാടിയോടുകൂടി ഇരുന്നൂറിലേറെ ഹരിജനങ്ങളെ ഹിന്ദുക്കളാക്കിയ ശേഷം അവരെ വേണ്ടവിധം ഹിന്ദുപൗരന്മാരായി ഗൗനിക്കണമെന്നും ഹൈന്ദവാചാരങ്ങളും ധർമ്മബോധവും അവരിൽ ഉളവാക്കാൻ തക്കവണ്ണം സഹോദര ഭാവത്തിൽ പ്രവർത്തിക്കണമെന്നും നിർദ്ദേശിച്ചു. അവരത് സസന്തോഷം സ്വീകരിക്കുകയും ചെയ്തു. 16 മാസത്തിനുശേഷം അവിടെ ചെന്നപ്പോൾ ഹിന്ദുക്കളായവരെല്ലാം വീണ്ടും ക്രിസ്ത്യാനികളായതായിട്ടറിഞ്ഞു. ഒരു ഹിന്ദു പ്രമാണി പറഞ്ഞു, ഹരിജനങ്ങളെ നന്നാക്കാൻ ആവില്ലെന്ന്. അദ്ദേഹം തുടർന്നു. "എങ്കിലും നിങ്ങളുടെയൊക്കെ പ്രേരണയനുസരിച്ച് പള്ളിയിൽ പോകുന്ന കാരണം പറഞ്ഞ് അവർ ഞായറാഴ്ച പണിക്കുവരാത്തതുകൊണ്ടുമാണ് അവരെ ഹിന്ദുക്കളാക്കാൻ സഹകരിച്ചത് !"

ഇതാണ് അന്നത്തെ സാമൂഹ്യബോധത്തിന്റെ ഒരു മാതൃക. ഉദ്ദേശശുദ്ധിയുള്ള സാമൂഹ്യപ്രവർത്തകർ വളരെയധികം പീഡനങ്ങളും ദുരിതങ്ങളും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. പൂജ്യശ്രീ ആഗമാനന്ദ സ്വാമികളും അറിഞ്ഞുകൊണ്ടുതന്നെ ഇത്തരം ദുർഘടമാർഗ്ഗങ്ങളിൽ സഞ്ചരിച്ചിരുന്നു. 1933 നവംബർ 17-ാം തീയതി വൈക്കത്ത് ആരംഭിച്ച മതപ്രസംഗ പ്രസ്ഥാനത്തിലും പലപ്പോഴും ദുരിതങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. സ്വാമി

കൾ തന്നെ ആരംഭിച്ച ദേവസ്വം പ്രസംഗങ്ങളെ ക്രമേണ ചടങ്ങായി മാററാൻ മാത്രമേ ദേവസ്വം അധികൃതർ കരുതിയിരുന്നുള്ളുവെന്ന് അനുഭവങ്ങളിൽ കൂടി തെളിഞ്ഞിട്ടുണ്ട്. ക്ഷേത്രോത്സവങ്ങളിൽ മതപ്രസംഗം കഴിഞ്ഞ് മടങ്ങിപ്പോകാനോ തങ്ങാനോ സാധിക്കാതെ ക്ഷേത്രാങ്കണത്തിൽ തന്നെ രാത്രി കഴിച്ചുകൂട്ടിയ അനുഭവങ്ങളും വിരളമല്ല. എളുപ്പം ഉണർത്തപ്പെടാൻ കഴിയാത്ത ആലസ്യമാണ് ഹിന്ദുക്കളുടേത്. അവർ ധർമ്മത്തിന്റെയോ നിസ്വാർത്ഥ സേവനത്തിൻയോ പൊരുളറിഞ്ഞ് പ്രവർത്തിക്കാൻ തയ്യാറല്ല. അതേസമയം തിരുവിതാംകൂർ ദേവസ്വത്തിലേക്ക് 51 ലക്ഷം രൂപയുടെ വിവാദമുണ്ടായപ്പോൾ ഹിന്ദുജാതി സംഘടനകളെല്ലാം ഹിന്ദുമഹാമണ്ഡലം എന്ന പേരിൽ ഒന്നിക്കാനും മടിച്ചില്ല! ആർ എസ് എസിനെ അസ്പൃശ്യത കൽപ്പിച്ച് അകററി നിർത്താൻ ശ്രമിച്ചവർ തന്നെ അവരുടെ പ്രസ്ഥാനങ്ങളിൽ സംഘശാഖകൾ നടത്താൻ പോലും അന്ന് മുന്നോട്ടുവരികയും ചെയ്തു. ഇതൊക്കെ താൽക്കാലികമായ ഉദ്ദേശസിദ്ധിക്കുവേണ്ടിയുള്ള പടക്കം പൊട്ടിക്കലാണെന്ന് ബോധ്യപ്പെടാനും വിഷമമുണ്ടായില്ല. ദീർഘവീക്ഷണമുള്ള ശ്രീ ആഗമാനന്ദ സ്വാമികൾ ആർ എസ് എസിനെ വേണ്ടവിധം പ്രോത്സാഹിപ്പിക്കുകയും സംഘ പരിപാടികളിൽ പ്രസംഗിക്കുകയും ചെയ്തത് ചിലർക്കെല്ലാം രസിച്ചില്ല. ശ്രീ വിവേകാനന്ദസ്വാമികളുടെ അരുളപ്പാടനുസരിച്ചാണു താനിതൊക്കെ ചെയ്യുന്നതെന്നായിരുന്നു ദീർഘദർശിയായ സ്വാമികളുടെ പ്രതികരണം.

കോഴിക്കോടായിരുന്നപ്പോഴും സ്വാമിജിയുടെ കത്തുകൾ കിട്ടിക്കൊണ്ടിരുന്നു. കോഴിക്കോട്ട് വരുമ്പോഴൊക്കെ അദ്ദേഹത്തോടൊപ്പം പരിപാടിക്ക് പോവുകയും ഞാൻ തന്നെ ചില സദ്സംഗങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. കടലോരത്തെ ചില ക്ഷേത്രോത്സവങ്ങളിൽ അർദ്ധരാത്രികളിലും സ്വാമികളെക്കൊണ്ടുപോയി പ്രസംഗം നടത്തിയിട്ടുണ്ട്. നടക്കാവിന്റ അടുത്ത് ഭക്തകളായ ഏതാനും സ്ത്രീകൾ ശ്രീമതി പാലക്കണ്ടി നാരായണിയമ്മയുടെ നേതൃത്വത്തിൽ പതിവായി സദ്സംഗങ്ങൾ നടത്തിക്കുമായിരുന്നു. അവർ ഒന്നുചേർന്ന് കാലടി ശ്രീരാമകൃഷ്ണാദ്വൈതാശ്രമത്തിൽ നടത്തുന്ന വാർഷികാഘോഷങ്ങളിലും പങ്കെടുത്തിരുന്നു. സ്വാമികൾ കോഴിക്കോട്ട് വന്ന സന്ദർഭത്തിൽ അവർ രൂപീകരിച്ച ശ്രീ ശാരദാഭക്ത സമാജം ഉദ്ഘാടനം ചെയ്തു അവരുടെ സംഘടനാ പ്രവർത്തനങ്ങളിൽ വേണ്ടവിധം സഹകരിക്കണമെന്ന് എന്നോട് പ്രത്യേകംനിർദ്ദേശിക്കുകയും ചെയ്തു. ശ്രീമതി പാലക്കണ്ടി നാരായണിയമ്മയും മററും സ്വാമികളുടെ ശിഷ്യകളായി തന്നെ പ്രവർത്തിച്ചു. അവർ സ്ഥാപനത്തിന്റെ വാർഷികം, ശ്രീ ശാരദാദേവിയുടെ ജന്മദിനം തുടങ്ങിയ ആഘോഷങ്ങളോടൊപ്പം ആണ്ടുതോറും ശ്രീമദ് ആഗമാനന്ദസ്വാമികളുടെ ജന്മദിന

വും ആഘോഷിച്ചിരുന്നു.

മഹാസമാധിക്കു ഒരുമാസം മുമ്പ് സ്വാമിജിയുടെ അടിയന്തിര സന്ദേശംകിട്ടി. അതിൽ "ഉടനെ ഞാൻ കോഴിക്കോട്ടേയ്ക്കു വരുന്നു എന്നും കാലടി ആശ്രമത്തിന്റെ രജത ജൂബിലി ആഘോഷങ്ങൾക്ക് വേണ്ടുന്ന നിധി ശേഖരണത്തിനു കോഴിക്കോട്ടും പല ആളുകളേയും കാണേണ്ടതിന് നിങ്ങൾകൂടിവരണം" എന്നും എഴുതിയിരുന്നു. അപ്രകാരം അദ്ദേഹത്തിന്റെ ആശ്രമ ബ്രഹ്മചാരി സമ്പാദിച്ചുകൊടുത്ത കാറിൽ കല്ലായി ശ്രീരാമകൃഷ്ണാശ്രമത്തിൽ വന്നിട്ട് എനിക്ക് ഫോൺ ചെയ്തു. കേസരി വാരികയുടെ അവസാന മിനുക്കു പണികളിൽ ഏർപ്പെട്ടിരുന്നതിനാൽ ഒരു മണിക്കൂർ കഴിഞ്ഞിട്ട് ആശ്രമത്തിലെത്തുന്നതാണെന്നു പറഞ്ഞു. ഒന്നര മണിക്കൂർ കഴിഞ്ഞിട്ടും എനിക്ക് പുറപ്പെടാൻ കഴിഞ്ഞില്ല അപ്പോഴേക്കും സ്വാമികൾ കേസരികാര്യാലയത്തിലെത്തിക്കഴിഞ്ഞു. തളിയിലെ പഴയ കേസരി കാര്യാലയത്തിൽ തൂക്കനെയുള്ള കോണിപ്പടിയിലൂടെ കയറിൽ പിടിച്ചു തൂങ്ങിക്കയറിവന്ന ആ കാഴ്ച മറക്കാനാവില്ല. വന്നുകയറി പത്തു മിനിട്ട് സംസാരിച്ചശേഷം ഞങ്ങൾ റോഡിൽ ഇറങ്ങി കാറിനടുത്തേയ്ക്ക് നടന്നപ്പോൾ തളി മഹാക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ ഒരു ബ്രാഹ്മണ പുരോഹിതന്റെ അടുക്കൽ വേദം പഠിക്കുന്ന രണ്ടു ക്രൈസ്തവ പുരോഹിതന്മാർ ക്ലാസ്സുകഴിഞ്ഞ് എതിരെവരികയായിരുന്നു. സ്വാമികളെ അവർക്കു പരിചയപ്പെടുത്തി. ഇപ്പോൾ കോഴിക്കോട്ടുവന്നിരിക്കുന്നതിന്റെ ഉദ്ദേശ്യവും പറഞ്ഞ ഉടനെ സ്വാമികളെ തൊഴുതുകൊണ്ട് അവർ പറഞ്ഞു: സ്വാമിജിയെ ഞങ്ങൾക്കു നല്ലവണ്ണം അറിയാം ശ്രീശങ്കരാകോളേജുവരെ സ്ഥാപിച്ചു സമുദായത്തിനും നാട്ടിനും മഹത്തായ സേവനമനുഷ്ഠിച്ച മഹാനാണല്ലോ? ഈ രജതജൂബിലി ആഘോഷനിധിസംഭരണത്തിന് അറുപതുകഴിഞ്ഞ സ്വാമിജിതന്നെ ഇറങ്ങണമെന്നുണ്ടോ? ഭക്തന്മാരും സമൂഹസ്നേഹികളുംചേർന്ന് ഈ നിധിശേഖരണം നിർവ്വഹിച്ചാൽ പൂജനീയ സ്വാമിജിക്ക് ഇങ്ങനെ ആയാസപ്പെടേണ്ടിവരില്ലല്ലോ?സ്വാമികൾ ഇതുകേട്ടു ചിരിച്ചതേയുള്ളു.

ഏതാണ്ട് ഒരാഴ്ചക്കാലത്തെ പരിപാടി നിശ്ചയിച്ചുകൊണ്ടാണ് സ്വാമികൾ കോഴിക്കോട്ടുവന്നത്. പകൽ നിധിസംഭരണത്തിന് വീടുകളും മററും സന്ദർശിക്കുക. വൈകിട്ട് നിശ്ചിതസ്ഥലത്ത് ആദ്ധ്യാത്മികപ്രഭാഷണം നടത്തുക. നിധിസംഭരണവേളയിൽ കൂടെപ്പോകാനാവാത്ത ഞാൻ പ്രസംഗ പരിപാടികളുടെ ചുമതല വഹിച്ചു. മൂന്നുദിവസത്തെ പ്രസംഗപരിപാടി ശ്രീ ഗുരുവായൂരപ്പൻകോളേജിലാണ് ഏർപ്പാടുചെയ്തിരുന്നത്. ഏതാനും ആഴ്ചകൾക്കുമുമ്പ് കോളേജുവാർഷികത്തിനു സംബന്ധിച്ചപ്പോൾ വാർഷികപരിപാടിയിലെ ചില പൊരുത്തക്കേടുകളെപ്പറ്റി

പ്രിൻസിപ്പലുമായി സംസാരിച്ചു. സമാധാനപ്രദമായ പ്രതികരണമല്ല അദ്ദേഹത്തിൽനിന്നും ഉണ്ടായത്. അക്കാരണത്താൽ കേസരിവാരികയിൽ “സൂട്ട് കോട്ട് ബൂട്ടു സംസ്കാരം” എന്ന ശീർഷകത്തിൽ ഒരു വിമർശനമെഴുതിയിരുന്നു. അതു വായിച്ച അന്നത്തെ പ്രിൻസിപ്പൽ പ്രകോപനം കൊണ്ട് കോളേജിൽ കേസരിക്കു വിലക്കുകൽപ്പിക്കുകയും തുടർന്നു ശ്രീമദ് ആഗമാനന്ദസ്വാമികളുടെ പ്രസംഗപരിപാടി ഏതോ അസൗകര്യംപറഞ്ഞ് റദ്ദാക്കുകയും ചെയ്തു. ഇതറിഞ്ഞ സ്വാമികൾ “ശരി ആ ദിവസങ്ങളിൽ മറ്റെവിടെയെങ്കിലും പോകാം” എന്നു പറഞ്ഞു സമാധാനിപ്പിച്ചു. അങ്ങനെ ആ ദിവസങ്ങളിൽ തളി ശ്രീരാമസ്വാമിക്ഷേത്രം, കടപ്പുറത്തുള്ള കടൽപ്പണിക്കാരുടെ ക്ഷേത്രം, നടക്കാവിൽ ശ്രീ ശാരദാഭക്തസമാജം എന്നിവിടങ്ങളിൽ പ്രസംഗപരിപാടി ഏർപ്പാടു ചെയ്തുനടത്തി. നടക്കാവു പരിപാടികഴിഞ്ഞു മടങ്ങുമ്പോൾ മാതൃഭൂമി കാര്യാലയത്തിൽപോയി പത്രാധിപർ എൻ. വി. കൃഷ്ണവാര്യരെ കാണണമെന്നു പറഞ്ഞു. രാത്രി 9 മണി കഴിഞ്ഞതിനാൽ അദ്ദേഹം താമസസ്ഥലത്തേക്കു പോയിരിക്കുമെന്നു അറിയിച്ചപ്പോൾ എന്നാൽ അങ്ങോട്ടുപോകാമെന്നായി സ്വാമികൾ.

കാലടിയിൽ ആശ്രമസ്ഥാപനത്തോടുകൂടി ബ്രഹ്മാനന്ദോദയം സ്കൂൾ സ്ഥാപിച്ചകാലത്ത് സ്വാമികളെ ആശ്രയിച്ച് ആ സ്കൂൾ അദ്ധ്യാപകനായും ആശ്രമാന്തേവാസിയായും കഴിഞ്ഞിരുന്ന ആളാണ് എൻ. വി. കൃഷ്ണവാര്യർ. പിൽക്കാലത്ത് സാഹിത്യകാരനും കവിയും പ്രസംഗകനുമെന്നനിലയിൽ പ്രശസ്തനായിയെങ്കിലും അദ്ദേഹത്തിന്റെ വീടന്വേഷിച്ചു ഈ ആചാര്യശ്രേഷ്ഠൻ പോകണമോ എന്നു ഞാൻ ആത്മഗതം ചെയ്തുകൊണ്ടിരിക്കെ കൃഷ്ണവാര്യരുടെ വസതിക്കു സമീപം കാർ ചെന്നെത്തി. സ്വാമികൾ കാറിൽനിന്നിറങ്ങാൻ ഭാവിച്ചപ്പോൾ കുറച്ചുള്ളിലോട്ടുപോകണം, വഴിയിൽ വെളിച്ചവും കുറവാണ്, സ്വാമികൾ കാറിനകത്തിരുന്നാൽമതി എന്നു പറഞ്ഞിട്ടും സമ്മതിക്കാതെ “ അയാൾക്കു വിഷമം ഉണ്ടാക്കേണ്ട അങ്ങോട്ടുപോയി കാണാം” എന്നായി സ്വാമികൾ. പിന്നെ നിർബന്ധിച്ചു സ്വാമികളെ കാറിലിരുത്തിയിട്ടുതന്നെ അരണ്ട വെളിച്ചത്തിലൂടെ ഞാൻ വാര്യരുടെ വസതിയിൽ എത്തി. അകത്തുനിന്ന് കുറച്ചൊരു മ്ലാനതയോടെ പുറത്തേയ്ക്കുവന്ന വാര്യരോട് ശ്രീ ആഗമാനന്ദസ്വാമികൾ കാറിൽ നിങ്ങളെകാണാൻവേണ്ടി കാത്തിരിക്കുന്നു എന്നു പറഞ്ഞപ്പോൾ അദ്ഭുതാവേശപൂർവ്വം “ഉവ്വോ! സ്വാമിജിയെ ഇങ്ങോട്ടു കൊണ്ടുവരാമായിരുന്നല്ലോ” എന്നു പറഞ്ഞുകൊണ്ട് ഉടൻതന്നെ കാറിനുസമീപമെത്തി. സ്വാമികൾ തയ്യാറാക്കിവെച്ചിരുന്ന കാലടി ആശ്രമത്തിന്റെ രജതജൂബിലി-ശ്രീശങ്കരജയന്തിയാഘോഷങ്ങളെപ്പററിയുള്ള വിവരണങ്ങളും അഭ്യർ

ത്ഥനയും ശ്രീ കൃഷ്ണവാര്യർ വിനയപൂർവ്വം ഏറ്റുവാങ്ങിക്കൊണ്ടുപോയി.

കോഴിക്കോട്ടു പരിപാടികൾ കഴിഞ്ഞുമടങ്ങുന്നതിനുമുമ്പ് ബൈരാഗിമഠത്തിൽവെച്ച് സ്വാമികൾക്കു നൽകിയ ഹൃദ്യമായ സ്വീകരണത്തിൽ സർവ്വശ്രീ. പി. കെ. എം. രാജ, ഐ. ജി. മേനോക്കി, ബുദ്ധസിംഹ്, ഗോപാലകൃഷ്ണൻനായർ, പാലക്കണ്ടി നാരായണിയമ്മ മുതലായവർ പങ്കെടുത്തിരുന്നു. അവസാനം ശ്രീ ബലറാംദാസ്മിശ്രയുടെ ഏർപ്പാടിൽ സ്വാമികളെ മധ്യത്തിലിരുത്തിക്കൊണ്ടു ഞങ്ങളുടെയെല്ലാം ഒരു ഗ്രൂപ്പ്ഫോട്ടോയുമെടുത്തിരുന്നു. കാലടിയിലെ ആഘോഷങ്ങളിൽ പങ്കെടുക്കണമെന്നു വീണ്ടും വീണ്ടും ഓർമ്മിപ്പിച്ചുകൊണ്ടു വിടപറഞ്ഞപ്പോൾ ആരറിഞ്ഞു സ്വാമികളുടെ അന്തിമവിടവാങ്ങലാണതെന്നു! കോഴിക്കോട്ടുനിന്നു കാലടിക്കുമടങ്ങിയശേഷവും രജതജൂബിലിയാഘോഷത്തിനുവേണ്ടി സഞ്ചരിച്ചിരുന്നപ്പോഴാണ് 1961 ഏപ്രിൽ 17-ാം തീയതി സ്വാമികൾ മഹാസമാധിപ്രാപിച്ചത്.

നാനാ പ്രദേശങ്ങളിലുമുള്ള ഭക്തജനങ്ങളുടെ അഭീഷ്ടമനുസരിച്ച് ആ മഹാത്മാവിന്റെ ഭൗതികാവശിഷ്ടം പല പുണ്യതീർത്ഥസ്ഥാനങ്ങളിലും ഭക്തിനിർഭരമായ ചടങ്ങുകളോടുകൂടി നിമജ്ജനം ചെയ്ത കൂട്ടത്തിൽ തിരുനാവായിലും കൊണ്ടുവന്നിരുന്നു. അവിടെ നടന്ന ചടങ്ങുകളിൽ കോഴിക്കോട്ടുനിന്നു ഞങ്ങൾ നൂറോളം പേർപോയി പങ്കെടുക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

കന്യാകുമാരി വിവേകാനന്ദശിലാസ്മാരകപ്രവർത്തനത്തിന് പ്രതിബന്ധങ്ങൾ നേരിട്ടപ്പോൾ സ്വാമികളെ കൂടെക്കൂടെ സ്മരിക്കാറുണ്ടായിരുന്നു. “ഇപ്പോൾ ശ്രീ ആഗമാനന്ദജി ഉണ്ടായിരുന്നെങ്കിൽ” എന്ന്. മദ്രാസ് കലാലയത്തിൽ അദ്ദേഹത്തിന്റെ പ്രധാനസതീർത്ഥ്യരിൽ ഒരാളായിരുന്ന സ്വാമി ചിദ്ഭവാനന്ദൻ തന്റെ സങ്കല്പപ്രകാരം 1964-ൽ കന്യാകുമാരി കടൽക്കരയിൽ സ്വാമിവിവേകാനന്ദന്റെ ധ്യാനനിലയിലുള്ള പ്രതിമ സ്ഥാപിക്കുകയുണ്ടായല്ലോ. ആ സന്ദർഭത്തിൽ ശ്രീമദ് ആഗമാനന്ദസ്വാമികളുടെ ഗുണഗണങ്ങളെപ്പററി അദ്ദേഹം അഭിമാനപൂർവ്വം അനുസ്മരിക്കുകയുണ്ടായി. യഥായോഗ്യം കാലാവലോകനം ചെയ്തു ജീവിതോദ്ദേശം സഫലമാക്കിയ ആ മഹാത്മാവ് ഉന്നത തപസ്സിദ്ധനും, ഉത്തമവേദാന്തിയും ദീർഘദർശിയും എല്ലാനിലയിലുള്ളവർക്കും സന്ദർഭോചിതം മാർഗദർശനം നൽകിയ മഹാചാര്യനും സമന്വയാത്മകനായ സമൂഹപരിഷ്കർത്താവുമാണെന്ന വസ്തുത ദേശീയ സാംസ്കാരികതലങ്ങളിൽ എന്നെന്നും പ്രചോദനമരുളി അനുഗ്രഹിക്കുമെന്നു സമാധാനിക്കാം.

◆◆◆

# ക്ഷേത്രപ്രവേശന വിളംബരം - ഹിന്ദു നവോത്ഥാനത്തിന്റെ കാഹളധ്വനി

1936 നവമ്പർ മുതൽ 1937 ജനുവരിവരെ മൂന്നുമാസക്കാലം, അന്നു കന്യാകുമാരി മുതൽ കൊച്ചിവരെ തിരുവിതാംകൂർ രാജ്യമെന്നറിയപ്പെട്ടിരുന്ന ഈ ഭൂവിഭാഗം ലോകത്തിന്റെയാകമാനം സവിശേഷാകർഷണകേന്ദ്രമായിത്തീർന്നു. ചരിത്ര പ്രസിദ്ധമായ ക്ഷേത്രപ്രവേശന വിളംബരവും, തുടർന്നുണ്ടായ ആഹ്ലാദപ്രകടനങ്ങളും, കന്യാകുമാരിമുതൽ കാലടിവരെയുള്ള തിരുവിതാംകൂർ ക്ഷേത്രങ്ങളിൽ മഹാത്മാഗാന്ധിയുടെ സന്ദർശനവും, മഹാന്മാരുടെയും ജനനേതാക്കന്മാരുടെയും പ്രശംസകളും കൊണ്ട് മുഖരിതമായിരുന്നു.

തിരുവിതാംകൂർ മഹാരാജാവിനെ ജാതിമത കക്ഷി ഭേദമെന്യേ എല്ലാവരും മുക്തകണ്ഠം പ്രശംസിക്കുകയും വാഴ്ത്തുകയും ചെയ്തു. മഹാരാജാവിന്റെ ഈ തിരുവെഴുത്തു വിളംബരത്തിനു സഹായിയായിരുന്ന ദിവാൻ 'സചിവോത്തമ'സർ സി. പി. രാമസ്വാമി അയ്യരുടെ ദീർഘദൃഷ്ടിയും കൂർമ്മബുദ്ധിയും ഹിന്ദുസമുദായത്തിന് മറക്കാനാവില്ല. എന്നാൽ സാർവ്വത്രികമായ ഈ പ്രശംസകളുടെയും അനുമോദന പ്രകടനങ്ങളുടെയുമിടയ്ക്ക് നെറ്റിചുളിച്ച് തലചൊറിയുന്ന കൂട്ടരും ഉണ്ടായിരുന്നു എന്ന വാസ്തവവും മറക്കാനാവില്ല.

ഹിന്ദുക്കളുടെ ഇടയിൽ നിലനിന്നിരുന്ന ജാതിഗത അനാചാരങ്ങളും ഉച്ചനീചത്വവിചാരങ്ങളും അയിത്തവും മറ്റും അങ്ങേയറ്റം വരെ മുതലെടുത്തുകൊണ്ട് തങ്ങളുടെ എണ്ണവും വണ്ണവും പെരുപ്പിക്കുവാൻ പ്രവർത്തിച്ചുകൊണ്ടിരുന്ന ക്രൈസ്തവമിഷനറിമാർക്കും മറ്റ് സംഘടിത മതക്കാർക്കും തിരുവെഴുത്ത് വിളംബരം ഒരു കനത്ത പ്രഹരമായി അനുഭവപ്പെട്ടു.

ക്ഷേത്രപ്രവേശന വിളംബരത്തെത്തുടർന്ന് തിരുവിതാംകൂറിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച് ധർമ്മ പ്രഭാഷണങ്ങൾ നടത്തിയ മഹാത്മാഗാന്ധിയുടെ നിത്യസാന്നിദ്ധ്യംകൂടിയായപ്പോൾ തല്ക്കാലത്തേയ്ക്കെങ്കിലും തള്ളിക്കേറാതെ പിൻവാങ്ങുന്നതാണ് ഉചിതമെന്ന് അവർ കരുതിയിരിക്കണം. ഇതിനു മുൻപ് പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ തെക്കൻ തിരുവിതാംകൂറിൽ (ഇന്നത്തെ കന്യാകുമാരി ജില്ലയിൽ) ഇത്തരമൊരു സ്ഥിതിവിശേഷം ക്രിസ്ത്യൻ മിഷനറിമാർക്ക്

നേരിടേണ്ടിവന്നു. ഇവിടത്തെ അവർണ്ണ വിഭാഗ ഭൂരിപക്ഷ സമുദായത്തെ കൂട്ടത്തോടെ മതം മാററാൻ കഴിഞ്ഞിരുന്ന മിഷനറിമാർക്കു നാരായണ സ്വാമിയുടെ ആവിർഭാവവും മതം മാറിയ നാടാർ സമുദായം കൂട്ടത്തോടെ നാരായണസ്വാമിയുടെ അനുയായികളായി തിരിച്ചുപോകുന്നതും തടയാൻ സാധിച്ചില്ല. മിഷനറിമാർ അന്നു വിദേശത്തുള്ള അവരുടെ മേല്ക്കോയ്മകൾക്കെഴുതി. ജാല വിദ്യക്കാരനായ ഒരു മുത്തുക്കുട്ടി (നാരായണ സ്വാമിയുടെ ആദ്യത്തെ പേര്) കാരണം, ഇവിടുത്തെ മിഷനറി പ്രവർത്തനം സ്തംഭിച്ചിരിക്കുന്നതിനാൽ കൂടുതൽ ആളും അർത്ഥവും അയച്ചുതന്ന് സഹായിക്കണം എന്ന്.

ഇതിനെക്കാൾ ദൂരവ്യാപകമായ പ്രതിഫലനങ്ങൾ ഉളവാക്കുന്നതാണ് ക്ഷേത്രപ്രവേശനവിളംബരമെന്നു ബോദ്ധ്യപ്പെട്ട അന്യമത മിഷനറിമാർ തൽക്കാലം അവരവരുടെ അണിയറകളിലേയ്ക്കു പിൻവാങ്ങി, നവീനാടവുകൾ പയററുകയായിരുന്നു. ഒരു സമുദായമെന്ന നിലയിൽ ഹിന്ദുക്കൾക്കും ഇതരമതസ്ഥർക്കുമുള്ള വ്യത്യാസം ഇവിടെയും പ്രകടമാണ്. പത്തു ദിവസത്തെ തിരക്കുപിടിച്ച ഉത്സവശേഷം ഒഴിഞ്ഞ ക്ഷേത്രപ്പറമ്പുപോലെയായി ഹിന്ദുക്കളുടെ കർമ്മക്ഷേത്രം!

ക്രിസ്ത്യാനികൾ സമർത്ഥമാംവിധം നടത്തുന്ന വിദ്യാലയങ്ങളെല്ലാം ബഹുഭൂരിപക്ഷം ഹൈന്ദവവിദ്യാർത്ഥികളെക്കൊണ്ടു നിറഞ്ഞതാണല്ലോ. സംഘടിത ക്രിസ്ത്യൻ മിഷനറിമാരുടെ അടിസ്ഥാനപ്രവർത്തനകേന്ദ്രങ്ങളും അവയായിരുന്നു. മറേറതൊരു ഹിന്ദുവിനെക്കാളും ഇതിന്റെ ഗുണദോഷങ്ങൾ അറിയാവുന്ന ദിവാൻജി നിർബന്ധിത വിദ്യാഭ്യാസം നടപ്പിലാക്കിയതോടെ അന്തരീക്ഷം വീണ്ടും പ്രക്ഷുബ്ധമായി.

ക്ഷേത്രപ്രവേശനാഘോഷവേളയിൽ ഹിന്ദുസമുദായത്തിനു ആത്മവീര്യവും ഉത്തേജനവും ഊട്ടുന്ന പ്രഭാഷണങ്ങൾ ചെയ്ത മഹാത്മാഗാന്ധിയുടെ വാക്കുകൾ രാജനൈതിക വാദികളുടെ അതിപ്രസരത്തിൽ മങ്ങുകയും ഹിന്ദു ഐക്യത്തിനുപകരം ദിവാൻ ഭരണത്തിന്റെ അന്ത്യം കുറിക്കുന്നതിൽ മുൻതൂക്കം ഉണ്ടാവത്തക്കവിധം ക്രൈസ്തവൈക്യം ബലപ്പെടുകയും ചെയ്തു. ഹിന്ദുധർമ്മത്തിന്റെ സാംസ്കാരിക ജീവിതവീക്ഷണം കാററത്തു പറത്തിക്കൊണ്ട് താൽക്കാലിക സാമ്പത്തിക സ്വാതന്ത്ര്യവീക്ഷണം പുലർത്താൻ നിർബന്ധിതരായ ഹിന്ദുക്കളുടെ ദൂരദർശിത്വരാഹിത്യം ഈ സന്ദർഭങ്ങളിലും തെളിഞ്ഞുകണ്ടിരുന്നു. പിൽക്കാലത്ത് ഹിന്ദുധർമ്മസ്ഥാപനങ്ങളുടെ കോടാനുകോടി രൂപ വിലമതിപ്പുള്ള സമ്പത്തുക്കൾ കയ്യടക്കിവെച്ചിരിക്കുന്ന സർക്കാരിൽനിന്നു അവയുടെ നടത്തിപ്പിനായി 50 ലക്ഷം അനുവദിച്ചപ്പോൾ അതിനെതിരായി ക്രൈസ്തവരുടെ ധാർമ്മികരോഷം ആളിക്കത്തിയതും തുടർന്നു ഹിന്ദുസമുദായ സംഘടനകളെല്ലാം "ഹിന്ദുമഹാമണ്ഡലം" എന്ന ഒററ സംഘടനയായി ലയി

ക്കുകയും ചെയ്ത സംഭവവും മറക്കാവുന്നതല്ല. അതെന്തേ പെട്ടെന്നു പാളിപ്പോയതെന്നു ചോദിച്ചാൽ അതിന്റെയും പിന്നിൽ താൽക്കാലിക മായ സാമ്പത്തിക പ്രതീക്ഷകളല്ലാതെ സാംസ്കാരികമായ ഒരു കെട്ടുറ പ്പില്ലായിരുന്നുവെന്നു കാണാം. കാരണം ദീർഷദൃഷ്ടിയുടെ അഭാവം തന്നെ.

"ഞാൻ ഒരു സനാതന ഹിന്ദുവാണെന്നതിൽ അഭിമാനിക്കുന്നു. പെററമ്മയെപ്പോലെയാണ് ഒരുവന്റെ മതം. പെററമ്മയെമാററാൻ കഴിയുമോ? എന്ന ഗാന്ധിസൂക്തമനുസരിച്ചും പെററമ്മയെ വിട്ടുപോയവ രെല്ലാം മാതൃധർമ്മമായ ഹിന്ദുധർമ്മത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ തക്കവിധം കളമൊരുക്കപ്പെട്ട ഒരു അപൂർവ്വസന്ദർഭമാണ് ക്ഷേത്രപ്രവേ ശനംമൂലം ഉളവായത്. എന്നാൽ സാംസ്കാരികവും ധാർമ്മികവുമായ ജീവിതമാർഗ്ഗത്തിൽനിന്നു വ്യതിചലിച്ച് സാമ്പത്തികവും ഔദ്യോഗിക വുമായ പ്രൗഢികളിലൂടെ ദുരഭിമാനികളായിരുന്ന തിരുവിതാംകൂർ ഹിന്ദു ക്കളുടെ ഇടുങ്ങിയ ജീവിതവീക്ഷണം നിമിത്തം ക്രിസ്ത്യൻ സംഘടിത ശക്തികൾ മുന്നേറി.

"കർത്താവേ നിന്റെ രാജ്യം വരേണമേ" എന്നു പ്രാർത്ഥിക്കുന്ന വർ, കടലോരങ്ങളിലും നാട്ടിൻപുറങ്ങളിലും നിന്നും വനാന്തരങ്ങളിലേ യ്ക്കു കർമ്മരംഗങ്ങൾ വ്യാപരിപ്പിച്ചു. നിത്യദാരിദ്ര്യത്തിലും അജ്ഞത യിലും മുഴുകിക്കഴിയുന്ന ധാരാളം ഹിന്ദുകുടുംബങ്ങളെ തങ്ങളുടെ "ആട്ടിൻ പററ" ത്തിന്റെ കൂടെ ആകർഷിക്കുവാൻ അവർക്കു നിഷ്പ്രയാസം കഴി ഞ്ഞു. അന്നു ഉത്തരവാദിത്വമുള്ള ഹിന്ദു കേന്ദ്രങ്ങളെ ഈ വിവരം അറി യിച്ചപ്പോൾ "ഹേയ്, മലേറിയയും മലമ്പാമ്പും നിറഞ്ഞ ആ മലനിരക ളിൽ ചെന്നിട്ട് അവർ എന്തുകാട്ടാനാണ്? അവിടവിടെ കുറേ പള്ളികൾ, കാട്ടുകമ്പുകൾ കൊണ്ട് കെട്ടിയാൽ തന്നെ നമ്മെ ബാധിക്കാൻ പോകു ന്നില്ല. ജനവാസമില്ലാത്ത വനാന്തരത്തിൽ വന്യമൃഗങ്ങളുടെ സങ്കേതങ്ങ ളായിത്തീരും" എന്നായിരുന്നു സമാധാനം ! സാമൂഹിക ധർമ്മരംഗത്തിൽ ഒരു സമുദായമെന്ന നിലയിൽ ഹിന്ദുക്കളുടെ അക്ഷന്തവ്യമായ അനാ സ്ഥയും അജ്ഞതയും ഇപ്പോഴെങ്കിലും ബോദ്ധ്യപ്പെടുന്നുണ്ടോ ?

കാട്ടുകമ്പെന്നുവെച്ചാൽ, ഇന്നും കോടാനുകോടി വിലമതിക്കാ വുന്ന ഒന്നാംതരം തേക്ക്- ഈട്ടി മുതലായ വനവിഭവങ്ങൾ യഥേഷ്ടം വെട്ടിത്തകർത്ത് അവിടവിടെ ഉയർന്ന ഓരോ പള്ളിയേയും കേന്ദ്രമാക്കി ചുററും മിഷനറി പരിശീലനങ്ങളോടുകൂടി കൊച്ചു കൊച്ചു രാജ്യങ്ങ ളും' വനരാജാക്കന്മാരും വളർന്നു പന്തലിച്ചതിനുശേഷമാണ് ഹിന്ദുക്ക ളും സർക്കാരും വനാന്തരങ്ങളിലേക്കു അല്പമെങ്കിലും ശ്രദ്ധിക്കുവാൻ തുടങ്ങിയത്. അപ്പോഴെക്കും നാട്ടിന്റെ വനസമ്പത്തു ഒട്ടുമു ക്കാലും 'കർത്താവിന്റെ രാജ്യം' പിടിച്ചടക്കിക്കഴിഞ്ഞു. പ്രലോഭനങ്ങൾ

ക്കുവിധേയരായ അനേകം ഹിന്ദുകുടുംബങ്ങൾ പ്രതികാരേച്ഛുക്കളായ ക്രിസ്ത്യൻ മിഷനറിമാരായി. നിരവധി പ്രാചീന ക്ഷേത്രങ്ങൾ അവ നില കൊണ്ടിരുന്ന സ്ഥല-കാലങ്ങൾപോലും തിരിച്ചറിയാൻ വഹിയാത്തവിധം ഭൂഗർഭത്തിലായി!

"ക്ഷേത്ര-വിഗ്രഹാരാധനയിൽ അന്തർലീനമായിരിക്കുന്ന മഹാ തത്വത്തെ ഞാൻ ബഹുമാനിക്കുന്നു! അതു മനുഷ്യവർഗ്ഗത്തെ ഉയർത്തുവാൻ വളരെ സഹായിച്ചിട്ടുണ്ട്. നമ്മുടെ പുണ്യഭൂമിയെ പരിപാവനമാക്കിക്കൊണ്ടിരിക്കുന്ന നിരവധി പുണ്യക്ഷേത്രങ്ങളെ ജീവത്യാഗം ചെയ്തും സംരക്ഷിക്കുവാനുള്ള ശക്തി എനിക്കുണ്ടാകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്." അക്കാലത്തു ആവർത്തിച്ചാവർത്തിച്ചു പ്രതിധ്വനിച്ചുകൊണ്ടിരുന്നമഹാത്മാഗാന്ധിയുടെ ഈ വാക്കുകൾ സ്ഥാനമാനമോഹിതരായ ഹിന്ദുക്കളും, "കർത്താവിന്റെ രാജ്യം" ദീർഘദൃഷ്ടിയിൽ കണ്ട ക്രിസ്ത്യാനികളും ശ്രവിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. സ്ഥാനമാനാദി മോഹഗ്രസ്തർ സ്വരാജ്യലബ്ധിക്കുശേഷവും ഭ്രമത്തിൽ കറങ്ങുന്നു. "കർത്താവിന്റെ രാജ്യം" സ്ഥാപിച്ചവർ ഒരു സമൂഹമെന്ന നിലയിൽ ഉറച്ചുനിൽക്കുന്നു.

ദീർഘകാലത്തെ ആലസ്യത്തിലും അജ്ഞതയിലും നിന്നു ഹിന്ദുസമുദായം കാലത്തിനൊത്തു ഉണർന്നു കർത്തവ്യോന്മുഖരാവേണ്ടതിന്നു ഈശ്വരായത്തമായി സംസിദ്ധമായ ഒരു പ്രഭാതകാഹളധ്വനിയായിരുന്നു 1936 ലെ ക്ഷേത്രപ്രവേശവിളംബരം. പക്ഷെ അതുവേണ്ടവിധം ശ്രവിച്ചതും സാമൂഹികബോധപൂർവ്വം മുതലെടുത്തും അന്യമതമിഷനറിമാരാണ്. ഹിന്ദുക്കൾ 'കേരള ഹിന്ദുമിഷൻ' തുടങ്ങിയ ചില സ്ഥാപനങ്ങൾ സ്ഥാപിച്ച് പ്രവർത്തിച്ചിരുന്നതു വിസ്മരിക്കുന്നില്ല. സാംസ്കാരിക സാമൂഹിക ബോധത്തിന്റെയും കരുത്തുള്ള പ്രവർത്തകരുടെയും അഭാവത്തിൽ അവ മിന്നിപ്പൊലിഞ്ഞുപോയി. അങ്ങനെ നല്ല സന്ദർഭങ്ങളെ വേണ്ടവിധം ഉപയോഗപ്പെടുത്താൻ കഴിയാത്ത 'ഗുരുത്വക്കേട്' ബാധിച്ച ഹിന്ദുക്കളുടെ സന്തതികൾ ഇന്നു നേരിടുന്ന സാമൂഹിക പ്രശ്നങ്ങൾ എത്രയെങ്കിലുമുണ്ട്.

"ശ്രദ്ധയുടെ ആ മഹത്തായ ആശയം വീണ്ടും വീണ്ടും നമ്മുടെയിടയിലേയ്ക്കു കൊണ്ടുവരണം. ആത്മവിശ്വാസംവേണം. അതുണ്ടായാൽ നമ്മെ നേരിടുന്ന എല്ലാ പ്രശ്നങ്ങളെയും നമുക്കുതന്നെ പരിഹരിക്കുവാൻകഴിയും" എന്നീ വിവേകാനന്ദവാണി ആവുന്നത്ര ശ്രദ്ധാപൂർവ്വം സ്വാത്മീകരിച്ച് പ്രവർത്തനപഥത്തിൽ പുരോഗമിക്കുകതന്നെ കരണീയം.

◆◆◆

# മഹാബലിയുടെ ദമം, ദാനം, ദയ

നാം ജീവിക്കുന്ന ഈ മന്വന്തരത്തിൽ, ആദ്യം അസുരാധിപതിയും, പിന്നീട് ത്രിലോകചക്രവർത്തിയുമായ മഹാബലി അസാധാരണപരാക്രമശാലിയും തപസ്വിയുമാണ്. യാഗം നടത്തുന്നതിലും ധനരാശികൾ വാരിക്കോരി ദാനം ചെയ്യുന്നതിലും മററെല്ലാവരെക്കാളും മുന്നിലായിരുന്നു മഹാബലി. അസുരകുലാചാര്യനായ ശുക്രമുനിയുടെ നിർദ്ദേശമനുസരിച്ച് അദ്ദേഹത്തിന് അനായാസം മനുഷ്യലോകവും ദേവലോകവും കീഴടക്കാൻ കഴിഞ്ഞു. എന്നാൽ അഹങ്കാരസമ്മർദ്ദം കൊണ്ട് ദൈവീപ്രകൃതിമങ്ങുകയും ആസുര പ്രകൃതി പൊന്തുകയും ചെയ്തു. ഭൗതികശ്രേയസ്സ് വർദ്ധിക്കുകയും ആദ്ധ്യാത്മിക ശ്രേയസ്സ് ചുരുങ്ങുകയുമാണെങ്കിൽ ബാഹ്യാഭ്യന്തര സംഘർഷവും തൽഫലമായി താപത്രയങ്ങളും ബാധിക്കും. വിശ്വനിയതിക്കു വിപരീതമായ പോക്ക് നിയന്ത്രിക്കുവാൻ കാലസ്വരൂപനായ വിരാട്പുരുഷനു മാത്രമേ സാധിക്കൂ.

മഹാദാനിയും തപസ്വിയുമായ മഹാബലി ചക്രവർത്തി ദൈവേഛക്കു വിപരീതമായതെങ്ങനെ ? ദാനവും തപസ്സും മററും ദൈവീകമല്ലേ?

അതെ. ഈ ത്രിലോകത്തിലെ സമസ്ത കർമ്മങ്ങൾക്കും ഉദ്ദേശ്യവും ലക്ഷ്യവുമുണ്ട്. സർവ്വജീവരാശികളുടെയും കർമ്മസാക്ഷി സ്വരൂപനാണ് സൂര്യഭഗവാൻ. ത്രിലോകങ്ങളെയും ജയിച്ചടക്കിയ മഹാബലിയിൽ ഹിരണ്യകശിപുവിന്റെ ആസുരസംസ്ക്കാരവും ഹിരണ്യകശിപു പുത്രനായ പ്രഹ്ലാദന്റെ ദൈവീ സംസ്കാരവും ഉണ്ട്. പ്രഹ്ലാദന്റെ പൗത്രനാണല്ലോ മഹാബലി. ഇനി ദേശകാലങ്ങളെപ്പററി അല്പം ഓർമ്മിച്ചുകൊണ്ട് മുന്നോട്ടുപോവുമ്പോൾ സമാധാനമായി. എന്തെന്നാൽ ചഞ്ചലവും അസ്ഥിരവുമായ പ്രപഞ്ചത്തിലെ വ്യാവഹാരിക-പ്രാതിഭാസികസത്യങ്ങൾക്കപ്പുറം അചഞ്ചലവും സ്ഥിരവുമായ പാരമാർത്ഥികസത്യം സർവ്വവ്യാപകമായിട്ടുണ്ട്. ആ പരമചൈതന്യത്തിന്റെ പരിഛിന്നാംശങ്ങൾ മാത്രമാണ് ചെറുതും വലുതുമായ അസംഖ്യം ഉപാധികളിലൂടെ കർമ്മനിരതരായി കർമ്മഫലങ്ങൾ അനുഭവിച്ചും ജനിച്ചും മരിച്ചും കാലചക്രത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്ന ജീവന്മാർ.

84 ലക്ഷം ജീവയോനികളിൽ പ്രധാനപ്പെട്ട മനുഷ്യരിൽ സ്ഥൂല-സൂക്ഷ്മ-കാരണസ്വരൂപമായ മൂന്നു വിഭാഗങ്ങളെ അസുര-മനുഷ്യ-ദേവ വർഗ്ഗത്തിൽപെടുത്താം. സൃഷ്ടികർത്താവായ ബ്രഹ്മാവിനെ വിദ്യോപദേശത്തിന്നായി ശിഷ്യഭാവേന ആദ്യം സമീപിച്ചതും ഈ മൂന്നുകൂട്ടരുമാ

ണ്. ദേവന്മാരെയും മനുഷ്യരെയും അസുരന്മാരെയും വെവ്വേറെ വിളിച്ചിരുത്തി ഉപദേശിച്ചത് "ദ" എന്ന ഒരേ ഒരു അക്ഷരം മാത്രം! വിനയവും ശ്രദ്ധയും സ്വായത്തമായിരുന്നതിനാൽ മൂവർക്കും ഉപദേശത്തിന്റെ പൊരുൾ വേണ്ടവിധം ഗ്രഹിക്കുവാൻ കഴിഞ്ഞു. ദേവന്മാരുടെ സ്വർഗ്ഗം സുഖത്തിന്റെയും സന്തോഷത്തിന്റെയും ലോകമാണല്ലോ. വേണ്ടത്ര കരുതലോടെ പുണ്യഫലങ്ങൾ അനുഭവിച്ചില്ലെങ്കിൽ വീണ്ടും മർത്ത്യലോകത്തിലേക്കു പതിക്കേണ്ടിവരും. അതിനാൽ 'ദ' ദമം (ബാഹ്യാഭ്യന്തരസംയമം) എന്ന അർത്ഥത്തിൽ അവർ സ്വീകരിച്ചു. "ധനസമ്പത്തുക്കൾ സമ്പാദിക്കുന്നതിലാണ് കർമ്മനിരതരായ നമ്മുടെ താല്പര്യം. അതിനാൽ എപ്പോഴും ദാനംചെയ്തുകൊണ്ടിരിക്കണം. 'ദ' ഉപദേശത്തിന്റെ താല്പര്യം 'ദാനം ചെയ്യുക'യെന്നു തന്നെ" മനുഷ്യർ വിചാരിച്ചു. അസുരന്മാരാകട്ടെ മൂർഖസ്വഭാവികളാണ്. ഹിംസവൃത്തികളിലാമഗ്നരാണ്. വീണ്ടുവിചാരമില്ലാതെ അഹന്തയ്ക്കും ക്രോധത്തിനും അടിമപ്പെട്ട് ഏതുസമയവും എന്തും ചെയ്യാൻ മടിയില്ല, അസുരന്മാർക്ക്. അതുകൊണ്ട് തങ്ങൾക്ക് നല്കിയ 'ദ' ദയയാണെന്നു അവർ ഗ്രഹിച്ചു. തന്റെ ഉപദേശം ദേവന്മാരും മനുഷ്യരും അസുരന്മാരും വേണ്ടവിധം ഗ്രഹിച്ചതിൽ ബ്രഹ്മാവ് സന്തോഷിച്ചു: "എന്നാൽ എന്റെ ഉപദേശാനുസരണം ജീവിക്കുക, ക്ഷേമം, ഉണ്ടാവും" എന്നരുൾ ചെയ്തു. ദമം, ദാനം, ദയ ഈ മൂന്നു ഗുണങ്ങളും മഹാബലി തന്റെ ത്രൈലോക്യാധിപത്യത്തിനു സഹായകമാക്കിയപ്പോൾ അഹന്തയുടെ അതിർത്തികൾ ലംഘിക്കപ്പെട്ടു. സത്വരജസ്തമോ ഗുണങ്ങളുടെ ഏററക്കുറവുകളനുസരിച്ച് അഹന്തയില്ലാത്ത കർമ്മരംഗമേയില്ല. സത്വഗുണപ്രധാന ജീവിതത്തിൽ അഹന്തബാധകമായിരിക്കില്ലെന്നുമാത്രം. വ്യഷ്ടിയിലെ അഹന്ത വൃത്തം ചെറുതാണെങ്കിൽ സമഷ്ടിയിലെ കൂടിച്ചേർന്ന അഹന്ത വിപുലമായിരിക്കും. മഹാബലിയുടെ വ്യക്തിനിഷ്ഠമായ അഹന്ത അസുരസമൂഹത്തിന്റെ തമോഗുണപ്രധാനമായ അഹങ്കാരം കൂടിച്ചേർന്നപ്പോൾ സൂര്യനെ മേഘങ്ങളെന്നപോലെ ദൈവീഭാവങ്ങളുടെ മറകളായിത്തീർന്നു. മനുഷ്യന് ഉണ്ണാനും ഉടുക്കുവാനും ഉല്ലസിക്കുവാനും യഥേഷ്ട വിഭവങ്ങളെല്ലാം ഉണ്ടെങ്കിലും മാനസികമായി ആർത്തന്മാരാണെങ്കിൽ ബുദ്ധി നേർവഴിക്ക് പ്രകാശിക്കുകയില്ല. ഈയൊരവസ്ഥ വ്യഷ്ടിയിലും സമഷ്ടിയിലുമുളവായപ്പോഴാണ്, വിശ്വത്തിന്റെ സമസന്തുലനാവസ്ഥ നിലനിർത്താനായി ഭഗവാൻ വാമനസ്വരൂപനായി അവതരിച്ചത്.

വ്യാവഹാരികവൃത്തികളെ, കർത്തവ്യകർമ്മാനുഷ്ഠാനങ്ങളെക്കൊണ്ടുവേണം ധർമ്മനിഷ്ഠമാക്കാൻ. ധർമ്മം പാരമാർത്ഥിക സത്യമെന്ന ഈശ്വരനെ ലക്ഷ്യമാക്കി വർത്തിച്ചില്ലെങ്കിൽ വിപരീതമായ അധർമ്മത്തിലേക്ക് വഴുതിവീഴാനെളുപ്പം. ഉദാഹരണത്തിനു ദാനഭാവത്തിലുള്ള അന്തരം ശ്രദ്ധി

ക്കുക. ദീനരെയും ദു:ഖിതരെയും സേവിക്കുവാൻ കിട്ടുന്ന സന്ദർഭം, ജീവശിവാരാധനമായി, അപൂർവ്വഭാഗ്യമായി കരുതുകയും ഭഗവാൻ തന്നതു ഭഗവാന് സമർപ്പിക്കുന്നു എന്ന ഭാവത്തിൽ പാത്രം അറിഞ്ഞ് ദാനം ചെയ്യുന്നതും ധാർമ്മികജീവിതത്തിലെ അവിഭാജ്യകർത്തവ്യമാണ്. അതു പേരിനും പെരുമയ്ക്കും വേണ്ടിയായാലും, ഓരോ ബാനറുകളുടെ കീഴിൽ വിളംബരപ്രാധാന്യത്തോടെ 'ഞാനും ഞങ്ങളും' എന്ന ഭാവത്തിലായാലും. ഈശ്വരാർപ്പണഭാവത്തിന്റെ അഭാവത്തിൽ അധർമ്മവൃത്തികളിലേക്കു വഴിതിരിയാനെളുപ്പമുണ്ട്.

മൂന്നു പ്രകാരത്തിലുള്ള ദാനത്തെപ്പററി ഗീതയിൽ വിവരിച്ചിരിക്കുന്നതിപ്രകാരമാണ്:-

ദാനം ചെയ്യുക കർത്തവ്യകർമ്മമാണ്. ആ ദാനം നിമിത്തം ധർമ്മത്തിനു ഉത്തേജനവും ജീവനു ആശ്വാസവുമുണ്ടാവണം. ദേശ-കാല-പാത്രമറിഞ്ഞ് പ്രത്യുപകാരവാഞ്ഛയില്ലാതെ ചെയ്യുന്ന ദാനം ഉത്തമം-സാത്വികദാനമാണിത്.

ദാതവ്യമിതിയദ്ദാനം ദീയതേ/നുപകാരിണേ
ദേശേകാലേ ച പാത്രേച തദ്ദാനം സാത്വികം സ്മൃതം

തന്റെ സദ്ഭാവവും തദനുസരണമായ വൃത്തിയും അർഹിക്കുന്നവരുടെ ഹിതത്തിനുവേണ്ടി വിനിയോഗിക്കുകയെന്നത് മനുഷ്യന്റെ പ്രധാനകർത്തവ്യമാണ്. ഈ ഈശ്വരഹിതം പാലിക്കാത്തവർ മനുഷ്യത്വത്തിൽനിന്ന് പതിക്കാനിടയായ്വരും. ഈ ഈശ്വരാർപ്പണഭാവത്തിൽ ഫലേഛയുടെ കണികപോലുമില്ലാതെ ചെയ്യുന്ന ദാനം സാത്വികപൂർണ്ണവും സമാധാനപ്രദവുമായിരിക്കും-വ്യഷ്ടിയിലും സമഷ്ടിയിലും.

എന്നാൽ, പ്രത്യുപകാരപ്രയോജനാർത്ഥം ഫലകാംക്ഷയോടുകൂടി ചെയ്യുന്നദാനം- മാദ്ധ്യമം രാജസഗുണപ്രധാനമാണ്. തന്റെ ധനമാന-പ്രശസ്തികൾക്കുവേണ്ടി, പദവിക്കുവേണ്ടി, തന്നിലേക്കു ആകർഷിക്കുവാൻ വേണ്ടി, വ്യാമോഹിപ്പിക്കാനും മുതലെടുക്കാനും വേണ്ടി സ്വാർത്ഥബുദ്ധിപൂർവ്വം ചെയ്യുന്ന ദാനം പാപപുണ്യമിശ്രമായിരിക്കും.

യത്തു പ്രത്യുപകാരാർത്ഥം ഫലമുദ്ദിശ്യ വാപുന:
ദീയതേചപരി ക്ലിഷ്ടം തദ്ദാനം രാജസംസ്മൃതം.

അലക്ഷ്യമായും അഹംഭാവരൂപത്തിലും അർഹിക്കാത്ത ദേശ-കാലപാത്രങ്ങളിൽ കൊടുക്കുന്നത് അധർമ്മവ്യക്തികൾക്കും അസമാധാനത്തിലും ഉത്തേജനമേകും. അത് അധമവും താമസഗുണപ്രധാനവുമായ ദാനമാണ്.

അദേശകാലേ യദ് ദാനമപാത്രേഭ്യശ്ച ദീയതേ
അസൽകൃതമവജ്ഞാതം തത്താമസമുദാഹൃതം
(ഭഗവദ് ഗീത 17-20, 21,22)

പാപമായാലും പുണ്യമായാലും അവരവർചെയ്ത കർമ്മങ്ങളുടെ ഫലം ഒരു ജന്മത്തിലില്ലെങ്കിൽ പല ജന്മങ്ങളിലായി അനുഭവിച്ചേപററൂ. കുറെ പാപകർമ്മങ്ങൾ ചെയ്തിട്ട് അതിന്റെ ദുഷ്ഫലങ്ങളെ പുണ്യകർമ്മങ്ങൾചെയ്തു പരിഹരിക്കാനാവില്ല. പുണ്യകർമ്മങ്ങളുടെ ഫലം സുഖവും സന്തോഷവുമാണെങ്കിൽ പാപകർമ്മങ്ങളുടെ ഫലം ദു:ഖവും ദുരിതവും തന്നെ.

ബ്രഹ്മാണ്ഡത്തിലെ മദ്ധ്യമണ്ഡലമാണ് സംസാരമെന്നും ത്രിലോകമെന്നും പറയപ്പെടുന്നത്. ഈരേഴു പതിന്നാലു ലോകങ്ങളിൽ ഭൂമിക്ക് താഴെയുള്ള അതല, സുതല, രസാതലാദിലോകങ്ങൾ തികച്ചും അന്ധകാരാവൃതവും അജ്ഞാനമയവുമാണ്. കർമ്മരംഗമാണ് ഭൂലോകം. പാതാളത്തിൽ തൊട്ടുനില്ക്കുന്ന ഭൂലോകത്തിൽ അസുരവർഗ്ഗാതിക്രമണമുണ്ടെങ്കിലും മർത്യനാണ് സർവ്വപ്രധാനം. ഭൂമിക്കു മേലെ ഭുവർല്ലോകത്തിൽ നല്ല കർമ്മങ്ങളുടെ ഫലം അനുഭവിക്കുന്ന യക്ഷ-കിന്നര-ഗന്ധർവ്വാദി സൂക്ഷ്മ ശരീരങ്ങളുടെ ആസ്ഥാനമാണ്. ഭുവർല്ലോകത്തിനു മേൽ സ്വർഗ്ഗം. ഇന്ദ്രന്റെ ആധിപത്യത്തിലുള്ള ദേവലോകത്തിലേയ്ക്ക് ഉയർത്തപ്പെടുന്ന ജീവന്റെ പുണ്യഫലങ്ങൾ ക്ഷയിക്കുമ്പോൾ മർത്യലോകത്തിലേയ്ക്ക് പതിക്കും ആദിത്യ മണ്ഡലത്തെ അതിർത്തിയായി കരുതുന്ന ഈ സംസാരത്തിനുമപ്പുറമുള്ള ഊർദ്ധലോകങ്ങളാണ് മഹർ ലോകം, ജനലോകം, തപോ ലോകം, സത്യ ലോകം എന്നിവ. സംസാരമാകുന്ന ത്രിലോകങ്ങളെ അതിക്രമിച്ച് ജീവൻ സിദ്ധനും ബുദ്ധനും മുക്തനുമാകുന്നു. ആ മഹാത്മാവിന്ന് പിന്നെ ജനിമൃതികളില്ല. അവരുടെ പ്രാപ്യസ്ഥാനമാണ് മഹർലോകാദികൾ.

പ്രപഞ്ചത്തിന്റെ സൂക്ഷ്മ നിരീക്ഷണപ്രകാരം ഈശ്വരനിയതിക്കനുസരണമായ ചൈതന്യാത്മക ഭരണകൂടങ്ങളുണ്ട്. ഈ വിധം ദേശത്തിനു ചക്രവർത്തിയും ജീവജാലങ്ങൾക്കു പ്രജാപതിയും കാലത്തിനു മനുവും ഭരണാധികാരികളാകുന്നു. ഓരോ മനുവിന്റെയും മാററമനുസരിച്ച് ഇന്ദ്രാദി ദേവഗണങ്ങൾ ഉൾപ്പെടെ പലതും മാറിക്കൊണ്ടിരിക്കും. വർഷലക്ഷങ്ങളുടെ കൃത-ത്രേത-ദ്വാപര-കലിയുഗങ്ങൾ ചേർന്നതു ചതുര്യുഗം. എഴുപത്തിയൊന്ന് ചതുര്യുഗമാണ് ഒരു മനുവിന്റെ ഭരണകാലം. അങ്ങനെ പതിനാലു മനുക്കളുടെ ഭരണകാലം അവസാനിക്കുമ്പോൾ ബ്രഹ്മാവിന്റെ ഒരു പദം കഴിയുന്നതിനെ 'കല്പം' എന്നു പറയുന്നു. പിന്നീട് അത്രയും

കാലം രാത്രി-സ്ഥൂലപ്രപഞ്ചം ലയിച്ചിരിക്കും. വീണ്ടും ബ്രഹ്മാവിന്റെ പകലാരംഭിക്കുമ്പോൾ രണ്ടാമത്തെ കല്പമായി ഇങ്ങനെ തുടർച്ചയായി മുന്നൂററുപത്തഞ്ചു കല്പം കഴിയുമ്പോൾ ബ്രഹ്മാവിന് ഒരു വയസ്സ്. ഈ വിധം നൂറുവയസ്സാണ് ബ്രഹ്മദേവന്റെ ആയുസ്സ്. അങ്ങനെ ബ്രഹ്മാവും ലയിക്കുന്നു. ബ്രഹ്മാവിന് നൂറു വയസ്സ് തികയുന്ന സുദീർഘകാലം വിരാട് സ്വരൂപിയായ ഈശ്വരന്റെ ഒരു നിമിഷംമാത്രം. പതിനാലു മനുക്കളിൽ വൈവസ്വതമനുവെന്നു അറിയപ്പെടുന്ന ഏഴാമത്തെ മനുവിന്റെ ഇരുപത്തിയെട്ടാമത്തെ ചതുര്യുഗത്തിലെ കലിയുഗമാണിപ്പോൾ.

അസുര പ്രമാണിയായ മഹാബലിചക്രവർത്തിയുടെ സ്വാഭാവികാഹങ്കാരംശമിച്ചാൽ ദേവതുല്യനാവും. അത്രമാത്രംദാനദർമ്മാദികളും യാഗങ്ങളും ചെയ്തിട്ടുണ്ട്. എല്ലാററിലും തനിക്കും തന്റെ വർഗ്ഗത്തിനുമെന്ന ബൃഹത്തായ അഹന്ത വളർത്തിയിരുന്നെങ്കിലും പ്രഹ്ലാദസ്മരണയിലൂടെ അന്തർമ്മുഖമായ ഈശ്വരാശ്രയഭാവവും ജ്വലിച്ചിരുന്നു. വാമന സ്വരൂപിയായ ഭഗവാൻ തന്റെ യാഗശാലയിലേയ്ക്കു വരുന്നതുകണ്ടപ്പോൾ യാഗകർമ്മങ്ങളെല്ലാം മറന്നിട്ട് പട്ടമഹിഷിയായ വിന്ധ്യാവലിയോടുകൂടി ചെന്നു ഭഗവൽപാദങ്ങൾകഴുകി സേവിച്ചു. വിധിയാംവണ്ണം പാദപൂജചെയ്തു. കൊച്ചു ബ്രഹ്മചാരിക്കു ചോദിക്കുന്നതെന്തും സാദരം നൽകാൻ തക്കവിധം മഹാബലി ഭഗവാനിൽ ലയിച്ചുകഴിഞ്ഞു. തനിക്ക് ഇരിക്കുവാൻ മൂന്ന് കാലടി പ്രദേശമാണല്ലോ വാമനമൂർത്തി ആവശ്യപ്പെട്ടത്. വിഷ്ണുമായയാൽ അസുരാധിപതി സ്ഥാനഭ്രഷ്ടനാവാൻ പോകുന്നുവെന്ന സംഗതിയറിഞ്ഞ ശുക്രാചാര്യൻ ന്യായവാദങ്ങളെക്കൊണ്ട് തടഞ്ഞിട്ടും മഹാബലി തന്റെ സത്യപ്രതിജ്ഞയിൽ ഉറച്ചുനിന്നു. മാത്രമല്ല, ഭഗവാൻ വിഷ്ണു വാമനരൂപത്തിൽ ദർശനം നൽകി അനുഗ്രഹിക്കുന്നുവെന്ന ബോധത്തിൽ താനും തന്റെ സർവ്വസ്വവും ഭഗവങ്കൽ സമർപ്പിച്ചു കൃതകൃത്യനായി.

'അണോരണീയാൻ മഹതോമഹീയാൻ' ഭഗവാന്റെ രണ്ടു ചുവടുകൊണ്ട് ത്രൈലോക്യങ്ങളും അളന്നപ്പോൾ മൂന്നാമത്തെ പാദത്തിനു മഹാബലി സ്വശിരസ്സ് കുനിച്ചുകൊടുത്തു. ത്രിവിക്രമനായ ഭഗവാൻ ബാധയില്ലാത്തവിധം അധർമ്മഫലമനുഭവിക്കാൻ സുതലത്തെ സുരക്ഷിതമാക്കിക്കൊടുത്തു. മഹാബലിയുടെ സുതലവാസക്കാലം കഴിഞ്ഞിട്ട് അടുത്തൊരു മന്വന്തരത്തിൽ ദേവേന്ദ്രനാവുമെന്നും പിന്നീട് മുക്തനായി തന്നിൽ ലയി

ക്കുമെന്നും വരങ്ങൾ നൽകി അനുഗ്രഹിച്ചു.

ഈ ഇതിഹാസത്തിൽനിന്ന് മനുഷ്യൻ ആഗ്രഹിക്കേണ്ട ആദ്ധ്യാത്മിക പാഠമെന്താണെന്ന് "ഭാഗവതരഹസ്യ"ത്തിൽ വ്യക്തമാക്കുന്നു: ജാഗ്രത്തും സ്വപ്നവും സുഷുപ്തിയുമാകുന്ന മൂന്ന്ലോകങ്ങളിലാണൊരാളുടെ ജീവിതം. ജീവൻ ഒന്നുതന്നെയാണെങ്കിലും ജീവിതം മൂന്നുലോകത്തിലാണ്. ജാഗ്രദവസ്ഥയിൽ വിശ്വനെന്ന പേരിൽ സ്ഥൂല ശരീരത്തിലും, സ്വപ്നാവസ്ഥയിൽ തൈജസനെന്നപേരിൽ സൂക്ഷ്മശരീരത്തിലും പ്രാജ്ഞനെന്ന പേരിൽ കാരണ ശരീരത്തിലുമാണ് വ്യാപരിക്കുന്നത്. ഇവ തന്നെ ഒരു ജീവന്റെ ത്രൈലോക്യം. ഈ ത്രൈലോക്യം മുഴുവൻ ആസുരശക്തിയാൽ നിറയപ്പെടുന്നു എന്നുള്ളതുതന്നെ അസുരന്മാരുടെ ഭരണം. വാക്കും വിചാരവും പ്രവൃത്തിയും മുഴുവൻ വിഷയാത്മകമാകുന്നു എന്നുള്ളതുതന്നെ ആസുരത്തിന്റെ ലക്ഷണം. അങ്ങിനെ ആസുരത്വം കൊണ്ട് ത്രൈലോക്യം മുഴുവൻ നിറഞ്ഞ് സത്യം, അഹിംസാദിദേവന്മാർ സ്ഥാനഭ്രംഷ്ടരായിത്തീരുമ്പോൾ വിദ്യാശക്തിയാകുന്ന ദേവമാതാവ് തപിക്കാനിടയാകുന്നു. ജീവനാകുന്ന കശ്യപമഹർഷി ഈശ്വരോപാസനയെ ഉപദേശിക്കുന്നു. തന്നിലുള്ള ഏററവും ചെറിയ ഈശ്വരചൈതന്യം ഉപാസനയിലൂടെ വളർന്നു ക്രമേണ ത്രൈലോക്യം മുഴുവൻ നിറയാനിടവരുമ്പോൾ ദേവന്മാർ സമ്പൂർണ്ണശക്തന്മാരും അസുരന്മാർ പരാജിതന്മാരുമാവുന്നു.

അസതോ മാ സത്ഗമയാ
തമസോ മാ ജോതിർഗ്ഗമയ
മൃത്യോർമ്മാƒമൃതം ഗമയ.

◆◆◆

# ജീവിതം സത്സംഗത്തിലൂടെ

മനുഷ്യജീവിതത്തിന്റെ അസ്സലും നക്കലും തിരിച്ചറിയുവാൻ സത്യോന്മുഖന്മാരായ സത്തുക്കളുടെ സംസർഗ്ഗം അത്യന്താപേക്ഷിതമാണെന്ന് ത്രികാലജ്ഞാനികളായ ഭാരതമനീഷികൾ പണ്ടുമുതലേ പറഞ്ഞുവന്നിട്ടുണ്ട്. ലൗകികവും വ്യാവഹാരികവുമായ സത്യങ്ങളുടെ പരമാർത്ഥിക സത്യത്തിലെത്തുന്ന സത്തുക്കളെയാണ് പുരാണേതിഹാസങ്ങളിലും മറ്റും ഭക്തൻ, യോഗി, ജ്ഞാനി എന്നൊക്കെ നിർവ്വചിച്ചിരിക്കുന്നത്. പൂർണ്ണ ഭക്തനിൽ യോഗവും ജ്ഞാനവും ഉള്ളതുപോലെ ജ്ഞാനിക്കും യോഗവും ഭക്തിയുമുണ്ടായിരിക്കും. അതുപോലെതന്നെ യോഗിക്കും. ഉപാധിഗ്രസ്തമായ ജീവന്റെ ഭാവഭേദമനുസരിച്ച് വൃത്തിസ്വരൂപമായ കർമ്മവും ഉണ്ടായിരിക്കുമല്ലോ.

ഇത്തരം മഹാത്മാക്കളെ ആദരിച്ചുകൊണ്ടാണ് എവിടെയും എക്കാലത്തും സനാതനധർമ്മം പ്രചരിച്ചിട്ടുള്ളത്. ഐഹികവും പാരത്രികവുമായ ജീവിതരംഗങ്ങളിൽ പരമപുരുഷാർത്ഥത്തിന്റെ അറിവും ദിശാബോധവും ജ്ഞാനികളായ സത്തുക്കളുടെ സത്സംഗത്തിലൂടെ ഓരോ ജനപദങ്ങളിലും സംസിദ്ധമായിക്കൊണ്ടിരിക്കുന്നു.

ഭാഗവതത്തിൽ ഭഗവാൻ ദുർവാസസ്സ് മുനിയോട് അരുൾചെയ്യുന്നു.

**ശ്രീ ഭഗവാനുവാച:**

അഹം ഭക്തപരാധീനോ
ഹ്യസ്വതന്ത്ര ഇവ ദ്വിജ,
സാധുഭിർ ഗ്രസ്തഹൃദയോ
ഭക്തൈർ ഭക്തജനപ്രിയ:
നാഹമാത്മാനമാശാസേ
മദ്ഭക്തൈ: സാധുഭിർവിനാ
ശ്രിയം ചാത്യന്തികീം ബ്രഹ്മൻ,
യേഷാം ഗതിരഹം പരാ
മത്സേവയാ പ്രതീതം ച

സാലോക്യാദി ചതുഷ്ടയം
നേച്ഛന്തി സേവയാ പൂർണ്ണാ:
കുതോഽന്യത് കാലവിദ്രുതം
സാധവോ ഹൃദയം മഹ്യം
സാധൂനാം ഹൃദയം ത്വഹം
മദന്യത്തേ ന ജാനന്തി,
നാഹം തേഭ്യോ മനാഗപി

സാരം: ഹേ ബ്രഹ്മൻ, ഭക്തന്മാർ എന്നിലും ഞാൻ ഭക്തന്മാരിലും സ്ഥിതിചെയ്യുന്നു. ഭഗവാനും ഭക്തനും ഒന്നുതന്നെ ആയിഭവിക്കുന്നു എന്നു സാരം. ഭക്തന്മാർ എന്റെ ശ്രീപാദസേവാനന്ദത്താൽത്തന്നെ പരിപൂർണ്ണരായിത്തീരുന്നു. അവർ മുക്തിപോലും ആഗ്രഹിക്കുന്നില്ല. അവർക്ക് എല്ലാമെല്ലാം ഭഗവാൻ മാത്രമാണ്. തപസ്സും വിദ്യയും പരമശ്രേയസ്കരങ്ങളാകുന്നു. അവതന്നെ വിനയവും ഭക്തിയുമില്ലാത്ത കർത്താവിന്ന് വിപരീതഫലങ്ങളായിത്തീരുന്നു.

ഒരു പുഴയുടെ അക്കരെ കടക്കുവാൻ നാലഞ്ചു പേർ കടത്തുതോണി കാത്തുനില്ക്കുകയാണ്. അവർക്ക് പഠിപ്പും പണവും പരിഷ്കാരവും ഉണ്ട്. തോണിയിൽ കയറി പുഴയുടെ മദ്ധ്യത്തിൽ എത്തുന്നതുവരെ അവർ തോണിയിൽ അങ്ങോട്ടുമിങ്ങോട്ടും മാറിമാറി ഇരുന്ന് ആമോദിക്കുകയായിരുന്നു. കടത്തുകാരൻ: നിങ്ങൾ ഒരിടത്തുതന്നെ ഒതുങ്ങിയിരിക്കുക. ബാക്കി പറയുന്നതിനു മുമ്പേതന്നെ യാത്രക്കാരിലൊരാൾ ചോദിച്ചു: ഞങ്ങൾ കൂലി തരുന്നതല്ലേ, ഞങ്ങൾക്കിഷ്ടമുള്ളിടത്ത് ഇരിക്കും. കടത്തുകാരൻ അല്പം ദേഷ്യത്തോടെ പറഞ്ഞു: നിങ്ങൾ അടങ്ങിയിരുന്നില്ലെങ്കിൽ ഒഴുക്കു കൂടിക്കൊണ്ടിരിക്കുന്ന പുഴയിൽ മുങ്ങിപ്പോകും. യാത്രികരിൽ ഒരാൾ അങ്ങനെ മുങ്ങാനാണോ തന്റെ തോണിയിൽ കയറിയതെന്ന് ആക്രോശിച്ചു. മററൊരാൾ: അക്കരെ ചെന്നെത്തട്ടെ കാണിച്ചുതരാം. തോണിക്കാരൻ അതു ശ്രദ്ധിക്കാതെ തന്നെ തോണി തുഴയുകയായിരുന്നു. എങ്കിലും അവിചാരിതമായ പുഴയൊഴുക്കിന്റെ ശക്തിയിൽ തോണി മറിഞ്ഞു. തോണിയുടെ അററത്ത് കെട്ടിയിരുന്ന കയറിൽ പിടിച്ചുകൊണ്ട് തോണിക്കാരൻ രക്ഷപ്പെട്ടുവെങ്കിലും യാത്രക്കാർ ഒഴുക്കിൽപ്പെട്ടുപോയി.

ജീവിതത്തിന്റെ ഈ സംസാരമാകുന്ന സാഗരത്തിന്റെ മറുകര എത്താൻ സത്സംഗമാകുന്ന തോണിയിൽ ജീവിതയാത്ര ചെയ്യാൻ അറി

ഞ്ഞിരിക്കണം. സംസാരസാഗരത്തിന്റെ ധർമ്മയാനങ്ങളുടെ കടത്തുകാരാണ് സത്തുക്കൾ.

ഭഗവാൻ ശ്രീകൃഷ്ണൻ ഉദ്ധവനോട് ആത്മജ്ഞാന ഉപായങ്ങൾ ഉപദേശിച്ചുകൊണ്ട് സത്സംഗത്തെപ്പററി ഇപ്രകാരം അരുൾ ചെയ്യുന്നു:

"പ്രായേണ സത്സംഗംകൊണ്ടുണ്ടാകുന്ന പരിശുദ്ധ പ്രേമഭക്തിയുണ്ടാവാതെ ഒരാൾക്ക് ആത്മസാക്ഷാത്ക്കാരം സാദ്ധ്യമല്ലെന്നുകൂടി പറയണം. ഹേ ഉദ്ധവാ! സത്സംഗത്തിന്റെ മഹിമ അപ്രമേയമാണ്. ഒരാൾക്ക് എന്തെല്ലാം ദുരിതങ്ങളുണ്ടെങ്കിലും അതൊക്കെ സത്സംഗംകൊണ്ടു തീരും. എത്രതന്നെ തടസ്സങ്ങളുണ്ടെങ്കിലും അവയൊക്കെ നീങ്ങി ആത്മസാക്ഷാത്കാരവും സാധിക്കും. അസുരന്മാരിലും രാക്ഷസന്മാരിലും പ്രാകൃതരായ മനുഷ്യരിലും മൃഗങ്ങളിലും പക്ഷികളിലും പെട്ട എത്രയോ ജീവന്മാർ സത്സംഗം ഒന്നുകൊണ്ടുമാത്രം ആത്മസാക്ഷാത്കാരത്തെ സാധിച്ച് മുക്തന്മാരായിട്ടുണ്ട്. ഉദാഹരണത്തിന് ചിലരെ പറയാം. പ്രഹ്ലാദൻ, വൃത്രാസുരൻ എന്നിവർ അസുരന്മാരായിരുന്നു. വിഭീഷണാദികൾ രാക്ഷസന്മാരായിരുന്നു. സുഗ്രീവഹനുമൽപ്രഭൃതികളും ഗജശ്രേഷ്ഠനും മററും മൃഗങ്ങളായിരുന്നു. ജടായു, സമ്പാതി എന്നിവർ പക്ഷികളായിരുന്നു. യജ്ഞം ചെയ്തിരുന്ന ബ്രാഹ്മണരുടെ പത്നിമാരും ഗോകുലത്തിലെ ഗോപികളും പ്രാകൃതകളായ മനുഷ്യസ്ത്രീകളായിരുന്നു. അവരാരും വേദം പഠിക്കുകയോ ഗുരുകുലവാസം ചെയ്കയോ തപസ്സു ചെയ്കയോ യോഗം അഭ്യസിക്കുകയോ വ്രതങ്ങളെ അനുഷ്ഠിക്കുകയോ ചെയ്തിട്ടില്ല. എങ്കിലും മുക്തന്മാരായി. കേവലം സത്സംഗം ഒന്നുകൊണ്ടുമാത്രമാണ് അവരൊക്കെ മുക്തന്മാരായത്. കേവലം അനർഹന്മാരായവർ കൂടി സത്സംഗം കൊണ്ട് കൈവല്യത്തിന്നധികാരികളായിത്തീരുമെങ്കിൽ അർഹതയുള്ളവരുടെ കഥ പറയേണ്ടതുണ്ടോ? ഇതാണ് സത്സംഗത്തിന്റെ മഹിമ അപ്രമേയമാണെന്നു പറഞ്ഞത്. അതിനാൽ പരമാർത്ഥമായ സത്സംഗംകൊണ്ട് ഭക്തിയും ജ്ഞാനവും വൈരാഗ്യവുമെല്ലാമുണ്ടാകും. സജ്ജനങ്ങൾ സ്വയം ഈശ്വരസ്വരൂപികളാണ്. ഈശ്വരനെ മറന്ന് ഞാനെന്ന ഭാവം അവർക്കൊന്നിലുമില്ല. മാത്രമല്ല, എല്ലാ അവയവങ്ങളിലും ഈശ്വരനെ കൊണ്ടുനടക്കുന്നു സജ്ജനങ്ങൾ. ശിരസ്സിൽ ഭഗവാന്റെ പാദതുളസിയാണ്. നെററിയിൽ അവിടുത്തെ പ്രസാദമായ കളഭം, നാവിൽ തിരുനാമം, ഹൃദയത്തിൽ അവിടുത്തെ ശ്രീമൂർത്തി, വയററിൽ അവിടുത്തെ പ്രസാദം, കാലിൽ പ്രദക്ഷിണം, കൈകളാണെങ്കിൽ അഞ്ജലീബദ്ധവും. ഇങ്ങനെയുള്ള ഭഗവൽസ്വരൂപികളായ സജ്ജനങ്ങൾ ആരെയാണ് ശുദ്ധീകരിക്കാത്തത്?

അതിനാൽ ഹേ, ഉദ്ധവാ! സത്സംഗത്തിന്റെ മഹിമ മറ്റൊന്നിനുമില്ല" (ഭാഗവത രഹസ്യം) പരിണതപ്രജ്ഞനായ പ്രഹ്ലാദകുമാരൻ "ഹേ, അസുരക്കുട്ടികളേ, നിങ്ങൾ എന്തൊക്കെയാണ് പറയുന്നത്? ഉണ്ടും ഉറങ്ങിയും അഹങ്കരിച്ചും ദുഷ്കർമ്മങ്ങൾ ചെയ്തും ആയുസ്സു നശിപ്പിക്കുന്ന മൂഢന്മാരായ അസുരന്മാരുടെ നിത്യ സമ്പർക്കമാണ് നിങ്ങളെ ഇങ്ങനെയൊക്കെയാക്കുന്നത്. നല്ലവരായ സജ്ജനങ്ങളോട് സമ്പർക്കം ചെയ്യണം. എങ്കിലേ നല്ല കാര്യങ്ങളറിയാനും പ്രവർത്തിക്കാനും ഇടവരൂ....." എന്ന് പറഞ്ഞുകൊണ്ടാണ് അസുരബാലന്മാരെ ഉപദേശിച്ച് മനുഷ്യരാക്കുന്നത്.

ശ്രീമദ് ശങ്കരഭഗവത്പാദർ. ഈശ്വരാർപ്പണമായി കർമ്മം ചെയ്ത് മമതാബന്ധം വെടിയണം, മമതാബന്ധം വിടുവിച്ച് മനസ്സിനെ അന്തർമുഖമാക്കി ജീവാത്മാ പരമാത്മാ ഐക്യമാകുന്ന ജീവന്മുക്തി നേടണമെന്ന് ഉപദേശിച്ചുകൊണ്ട് അരുൾചെയ്യുന്നു:

"സത്സംഗത്വേ നിസ്സംഗത്വം
നിസ്സംഗത്വേ നിർമ്മോഹത്വം
നിർമ്മോഹത്വേ നിശ്ചലതത്ത്വം
നിശ്ചലതത്ത്വേ ജീവന്മുക്തിഃ"

◆◆◆

# ഭഗവദ്ഗീതയും ഭാഷ്യങ്ങളും

''അണോരണീയാൻ മഹതോമഹീയാൻ'' ഈ ബ്രഹ്മനിർവ്വചനം ബ്രഹ്മവിദ്യയെന്ന ഭഗവദ്ഗീതക്കും യോജിക്കും. ഗീതാമാഹാത്മ്യത്തോടും ഫലശ്രുതിയോടുംകൂടി ഗോരഖ്പൂർ ഗീതാപ്രസ്സ് വർഷങ്ങളായി പ്രചരിപ്പിച്ചുവരുന്ന ഒരു ഭഗവദ്ഗീതാമൂലഗ്രന്ഥത്തിനു തീപ്പെട്ടിയോളം വലിപ്പമേ ഉള്ളൂ. അവർതന്നെ ഏഴുദശാബ്ദങ്ങളായി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഗീതാഭാഷ്യ വ്യാഖ്യാനഗ്രന്ഥങ്ങളുടെ വലുപ്പം ഡമ്മി1/4 അളവിൽ 300 മുതൽ 1000ത്തിൽപരം പുറങ്ങളോളമാകുന്നു. ഏകാക്ഷരീസ്വരൂപമായ ബ്രഹ്മവിദ്യ വേദങ്ങളായും വിവിധധർമ്മശാസ്ത്രങ്ങളായും പ്രകാശിക്കുന്നതും പ്രചാരപ്പെടുന്നതും ഗുരുശിഷ്യപാരമ്പര്യശിക്ഷണത്തിലൂടെയായിരുന്നു. സർവ്വവേദോപനിഷത്സാരസർവ്വസ്വമായ ഗീത ശ്രീകൃഷ്ണഭഗവാൻ ഉപദേശിക്കുന്നതും ഈ പാരമ്പര്യത്തിൽ "ശിഷ്യസ്നേഹം ശാധിമാം ത്വാം പ്രപന്നം." എന്നു തന്നെ ആശ്രയിക്കുന്ന അർജ്ജുനനോടാകുന്നു.

ഒരു ഗ്രന്ഥത്തിന്റെ ആന്തരികഭാവവും അർത്ഥവും ഓരോ പദവുമെടുത്തു അപഗ്രഥിച്ചു അർത്ഥം വിശദീകരിക്കുന്നതിനെ ഭാഷ്യം എന്നു പറയുന്നു. നിഗൂഢവും ആഴമേറിയതും ആയ ഗ്രന്ഥങ്ങൾക്കു പല ഭാഷ്യങ്ങളും ഉണ്ടാവുക സ്വാഭാവികമാണ്. ഭാരതീയദർശനങ്ങളിൽ സാർവ്വജനീനവും സർവ്വശ്രേഷ്ഠവുമായ ഒന്നാണു 'വേദാന്ത ദർശനം'. അദ്വൈതം, ദ്വൈതം, വിശിഷ്ടാദ്വൈതം എന്നീ സമ്പ്രദായങ്ങൾ വേദാന്തത്തിലെ മൂന്നു മുഖ്യധാരകളാണ്. വേദാന്തദർശനത്തിന്റെ മുഖ്യ പ്രമാണഗ്രന്ഥങ്ങളായി ബ്രഹ്മസൂത്രം. ഉപനിഷത്തുക്കൾ. ഭഗവദ്ഗീത എന്നീ പ്രസ്ഥാനത്രയത്തെ അംഗീകരിച്ചുകൊണ്ടു ആദിജഗദ്ഗുരു ശ്രീശങ്കരാചാര്യർ ഇവ മൂന്നിനും ഭാഷ്യം രചിച്ചു. വിശിഷ്ടാദ്വൈതത്തിന്റെ പരമാചാര്യനായ ശ്രീരാമാനുജാചാര്യരും ദ്വൈതസമ്പ്രദായത്തിന്റെ പരമാചാര്യനായ ശ്രീ. മാധവാചാര്യരും അവരവരുടെ സമ്പ്രദായത്തിനു പ്രമാണങ്ങൾ രചിച്ചു. മൂവരുടെയും ഭാഷ്യങ്ങളിൽ ഭഗവദ്ഗീതതന്നെയാണു പ്രചുരപ്രചാരമായിട്ടുള്ളത്.

## സംസ്കൃതത്തിൽ മുന്നൂറ്

ഈ പറഞ്ഞ മൂന്നു സമ്പ്രദായങ്ങളിലും ജ്ഞാനം, ഭക്തി, കർമ്മം എന്നീ ക്രമത്തിലാണു അവരവരുടെ സിദ്ധാന്തങ്ങൾ സമർത്ഥിച്ചിരിക്കുന്നത്. പിൽക്കാലത്ത് ഈ ഓരോ സമ്പ്രദായത്തിനും ഓരോ ഉൾപ്പിരിവുകളും അതതിന്റെ ആചാര്യൻമാരും ഉണ്ടായിട്ടുണ്ട്. അവരും തങ്ങളുടെ സിദ്ധാന്തങ്ങൾക്കുള്ള പ്രമാണങ്ങൾ ഭഗവദ്ഗീതയിൽ കണ്ടെത്തി വിശദീകരിച്ചിരിക്കുന്നു. ഈവിധം സംസ്കൃതത്തിൽതന്നെ മുന്നൂറിൽപരം ഭാഷ്യങ്ങളുള്ളതായി കുരുക്ഷേത്രത്തിലെ ഗീതോപദേശം ചെയ്ത സ്ഥാനത്തു നിർമ്മിച്ചിരിക്കുന്ന സ്മാരകത്തിൽ രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നു.

ഭഗവദ്ഗീത ഭാരതത്തിലെ എല്ലാ ഭാഷകളിലും എല്ലാ സമ്പ്രദായത്തിലും പെട്ട ആചാര്യന്മാരും വ്യാഖ്യാനിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

മലയാളത്തിൽ എഴുത്തച്ഛന്റെ 'ഭാരതം കിളിപ്പാട്ടിൽ' ഗീതോപദേശസന്ദർഭം: "പരമപുരുഷനുമതിനു പരിചൊടരുളീടിനാൻ

പാർത്ഥനദ്ധ്യാത്മമായുള്ളതെപ്പേരുമേ.
വിമലജനഖില ജഗദധിപനഥ കാട്ടിനാൻ-
വിശ്വസിച്ചീടുവാൻ വിശ്വരൂപത്തെയും
ത്രിഭുവനവുമസുരസുര മനുജഖഗമൃഗ ഭുജഗദനുജ
പശുമുഖ ബഹുലഭൂത വൃത്താന്തവും
ബഹുചരണ ബഹുവദന ബഹുലകരജാലവും
വിസ്മയത്തോടു കണ്ടീടിനാനർജ്ജുനൻ
ഭയമൊടവനതു പൊഴുതു തെരുതെരെ നമസ്കരി
ച്ചഭയമരുളെന്നു കൂപ്പി സ്തുതിച്ചീടിനാൻ
കുരുകുലജഭയമൊഴിക കുരു സമരമാശുനീ
കുണ്ഠനായീടൊലാ കണ്ടതെല്ലാമഹം
മധുമഥനനമരവര സുതനൊടുപദേശമായ്
മായാപ്രഭാവമതു നീങ്ങുംപ്രകാരമുടൻ
ഉഴറിയരുളിന മൊഴികളുപനിഷത്താകയാ
ലോതിനാർ ഗീതയെന്നാദരാൽ ജ്ഞാനികൾ"

## ഗീതാവ്യാഖ്യാനങ്ങൾ മലയാളത്തിൽ

എഴുത്തച്ഛന്റെ ഭാരതവും സംക്ഷിപ്തത്തിലാണല്ലോ അവതരിപ്പിച്ചിരിക്കുന്നത്. ആദ്യത്തെ ഭാഷാവിവർത്തനം 'നിരണം മാധവപ്പണിക്കരു'ടെ ഗീതാസാരമാണെന്നതും അന്തിമാഭിപ്രായമായിരിക്കണമെന്നില്ല. എത്രയോ പണ്ഡിതന്മാർ ഉണ്ടായിരുന്നു. അവരിൽ പലരും രചിച്ച കൃതികൾ പ്രകാശംകാണാതെ നശിച്ചുപോയിരിക്കും. 'ചിന്താരത്നം' പോലുള്ള കൃതികളുടെ കർത്താക്കളെപ്പററി ഗവേഷണകുതുകികളുടെ വിവാദങ്ങൾ നിലച്ചിട്ടില്ല. എഴുത്തച്ഛൻ കൃതികളെല്ലാം കണ്ടുപിടിച്ചുവെന്നു അവകാശപ്പെടാനും ആവില്ല എന്ന് അർത്ഥം. കുഞ്ഞുക്കുട്ടൻതമ്പുരാന്റെ ഭാഷാവിവർത്തനത്തിനുശേഷം ഭാഷാ ഭഗവദ്ഗീത പലരും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരുന്നു. അച്ചടിച്ച പ്രതികൾ തീർന്നിട്ടും പുനർമുദ്രണം ആവാതെ മറവിയുടെ അഗണ്യകോടിയിൽപ്പെട്ടുപോയവയുമുണ്ട്. ശ്ലോകവും സാമാന്യ അർത്ഥവുമായി പ്രസിദ്ധപ്പെടുത്തിയ മലയാളഭഗവദ്ഗീതകളിൽ ചിലതിനു പ്രചുരപ്രചാരം ഉണ്ടായെങ്കിലും അവയും ഇപ്പോൾ വിലയ്ക്കുപോലും കിട്ടാനില്ല. വ്യാഖ്യാനങ്ങളിൽ പ്രഥമവും പ്രധാനവുമായിരുന്നത് ശ്രീ ശങ്കരഭാഷ്യത്തോടുകൂടിയ ഭഗവദ്ഗീതയുടെ കെ. എമ്മിന്റെ വ്യാഖ്യാനമാകുന്നു. പിന്നീടു ആധുനിക വിജ്ഞാനരീതിയിൽ ഡോ. എൽ. എ. രവിവർമ്മ, അദ്വൈത സമ്പ്രദായത്തിൽതന്നെ ശ്രീ പ്രകാശാനന്ദസ്വാമികൾ രചിച്ച വ്യാഖ്യാനം. കൊല്ലങ്കോട് പണ്ഡിററ് ഗോപാലൻനായരുടെ വ്യാഖ്യാനം, ജ്ഞാനാനന്ദ സരസ്വതിയുടെ വേദാന്തരീതിയിലുള്ള വ്യാഖ്യാനം, ശ്രീ ചിന്മയാനന്ദസ്വാമികളുടെ 'ഹോളിഗീത' എന്ന ഇംഗ്ലീഷ് ഭഗവദ്ഗീതാവ്യാഖ്യാനത്തിന്റെ മലയാള തർജ്ജമ, യതി നിത്യചൈതന്യയുടെ 'ഭഗവദ്ഗീതാസ്വാദ്ധ്യായം' എന്ന വ്യാഖ്യാനം എന്നിങ്ങനെ അറിയുന്നതും അറിയപ്പെടാത്തതുമായ പല ഭഗവദ്ഗീതാവ്യാഖ്യാനങ്ങൾ മലയാളത്തിലുണ്ട്.

ഭാഷ്യം, വ്യാഖ്യാനം എന്നൊക്കെ പറയുമ്പോൾ വാസ്തവത്തിൽ എന്താണ്? ഓരോ പണ്ഡിതന്മാരും അവരവരുടെ അറിവും അനുഭവവും ഭഗവദ്ഗീതയിലെ പ്രമാണങ്ങളിലൂടെ കണ്ടെത്തുന്നതുപോലെ രേഖപ്പെടുത്തുന്നു. നിലക്കണ്ണാടിയാകുന്ന ഭഗവദ്ഗീതയിലൂടെ ഓരോരുത്തരും അവരവരുടെ പ്രതിബിംബത്തെ കണ്ട് ആസ്വദിക്കുന്നു എന്നുമാത്രം.

പ്രചാരത്തെപ്പററി നോക്കുകയാണെങ്കിൽ ഒരു മതഗ്രന്ഥമെന്ന നിലയിൽ ബൈബിളിനാണ് ഒന്നാംസ്ഥാനമെന്നു സമ്മതിക്കാം. കാരണം

ഒരു വിശ്വാസത്തിൽ ഊന്നി ജീവിക്കുന്ന ജനതയുടെ സാമൂഹിക പ്രതിബദ്ധതയും അത് ആവശ്യമൊ അനാവശ്യമൊ എന്നു നോക്കാതെ വർത്തമാനപത്രങ്ങളുടെയും അപസർപ്പകകഥകളുടെയും ആവേശത്തിൽ കോടീശ്വരന്മാരുടെയും മതാവലംബികളായ ഭരണാധികാരികളുടെ അധികാരശക്തികളോടും കൂടിയാണവ പ്രചരിപ്പിക്കപ്പെടുന്നത്.

## വാറൻഹേസ്റ്റിംഗ് പറഞ്ഞത്

ആവക പ്രലോഭനങ്ങളോ പിൻബലങ്ങളോ ഒന്നും കൂടാതെ ഈ പുസ്തകം പഠിച്ചാൽ നന്മയുളവാകും. അതുപോലെ ഇതു പ്രചരിപ്പിച്ചാൽ തന്നെപ്പോലെ പലർക്കും ഉപകാരപ്രദമാകും എന്ന ഭാവത്തിലാണു ഭഗവദ്ഗീതയുടെ പ്രചാരം. ഭാരതത്തിൽ ഈസ്റ്റിന്ത്യാകമ്പനിയുടെ ഭരണകാലത്ത് അവരുടെ കൂടെ വന്ന ക്രിസ്ത്യൻമിഷനറിമാർ സാർവ്വത്രികമായി ബൈബിൾ പ്രചരണവും മതപ്രചരണവും ചെയ്തിരുന്നുവെന്നതു സുവിദിതമാണല്ലോ.

അതേസമയം മാനവികത നഷ്ടപ്പെടാത്ത പലരെയും ഭാരതത്തിന്റെ ആദ്ധ്യാത്മിക ചൈതന്യം ഉൾക്കൊള്ളുന്ന ഭഗവദ്ഗീതപോലുള്ള ഗ്രന്ഥങ്ങൾ ഹഠാൽ ആകർഷിച്ചിരുന്നു. അന്നേവരെ അറിയാനോ അറിയപ്പെടാനോ സന്ദർഭം കിട്ടിയിട്ടില്ലാത്ത മനുഷ്യാത്മാവിന്റെ അനശ്വരഭാവങ്ങളുടെ ദൂരദർശനംതന്നെ അവർക്ക് അത്ഭുതം ഉളവാക്കിയിരുന്നു. അക്കാലത്ത് ഇംഗ്ലീഷിലേക്കു തർജമചെയ്ത ഭഗവദ്ഗീതയ്ക്ക് അന്നത്തെ ഗവർണ്ണർജനറലായിരുന്ന വാറൻ ഹേസ്റ്റിംഗ്സ് എഴുതിയ അവതാരികയിൽ ഇങ്ങനെ പറയുന്നു: “ഒരു കാലത്ത് ഇംഗ്ലണ്ടിന് ഇന്ത്യാരാജ്യം കൈവിട്ടുപോകേണ്ടിവരാം. എന്നാൽ ഇന്ത്യയിൽ ഉദിച്ചു പ്രകാശിക്കുന്ന ഈ ഭഗവദ്ഗീതയിലെ തത്വങ്ങളും ആദർശങ്ങളും ഇംഗ്ലണ്ട് അനുഷ്ഠാനത്തിൽകൊണ്ടുവരുമെങ്കിൽ അവർക്ക് എന്നെന്നും നന്മയുളവാക്കി നിലനിർത്തും.”

അതിനുശേഷം ഗീതയ്ക്ക് ഇംഗ്ലീഷ് തർജ്ജമകളുടെ ഒരു പ്രവാഹംതന്നെ ഉണ്ടായി. ആനിബസന്റ് അമ്മയുടെ കൊച്ചു ഇംഗ്ലീഷ് തർജ്ജമ ഇന്ത്യയിലും വിദേശങ്ങളിലും ജിജ്ഞാസുക്കൾ ആവേശത്തോടുകൂടി വാങ്ങുകയും നിത്യപാരായണം ചെയ്യുകയും പതിവായിരുന്നു. ഒരു ലോകഭാഷയായി വികസിച്ച ഇംഗ്ലീഷിലെമാത്രമല്ല മററ് എല്ലാ വിദേശഭാഷകളിലും അനേകം തർജ്ജമകളും ഒന്നിൽ കൂടുതൽ പതിപ്പുകളും ഉണ്ടാ

ശ്രേഷ്ഠൻമാരും പ്രസ്ഥാനത്രയത്തിന്റെ ചുവടുപിടിച്ച് ഭഗവദ്ഗീത വ്യാഖ്യാനിച്ചത് ആദ്യം ഇംഗ്ലീഷ്ഭാഷയിലാണ്. അവയിൽ മഹാത്മാഗാന്ധിയുടെ 'അനാസക്തിയോഗം' എന്ന വ്യാഖ്യാനവും ഉൾപ്പെടും. കർമ്മയോഗത്തെ അടിസ്ഥാനമാക്കിയുള്ള ലോകമാന്യ ബാലഗംഗാധര തിലകന്റെയും ജ്ഞാനേശ്വരീഭാഷ്യത്തെ അധികരിച്ച് മഹാരാഷ്ട്രത്തിലെ നേതാക്കന്മാരുടെയും ഇംഗ്ലീഷ് ഗ്രന്ഥങ്ങൾക്ക് രാഷ്ട്രീയപ്രവർത്തകരുടെയും യോഗികളുടെയും ഇടയിൽ നല്ല പ്രചാരം ഉണ്ടായി. തന്റേതായ ഗാന്ധിയൻ ആദർശ പ്രസ്ഥാനത്തിന് ആചാര്യവിനോബഭാവേ ഭഗവദ്ഗീതയെ പ്രമാണമാക്കി രചിച്ച വ്യാഖ്യാനം നാനാഭാഷകളിലൂടെ വിപുലമായ പ്രചാരം സിദ്ധിച്ചു. സമഗ്രയോഗത്തെ അധികരിച്ചുള്ള മഹർഷി അരവിന്ദയോഗിയുടെ ഗീതാപ്രബന്ധങ്ങൾക്കും സർവ്വലൗകികമായ പ്രചാരമുണ്ടായി. ഗീതാപ്രചരണം ജീവിതയജ്ഞമായിത്തീർത്തു ഗീതാദൗത്യവുമായി ലോകംമുഴുവൻസഞ്ചരിച്ചുകൊണ്ടിരുന്ന ശ്രീമദ് ചിന്മയാനന്ദസ്വാമികൾ വ്യാഖ്യാനിച്ച ഭഗവദ്ഗീതയ്ക്ക് 'ഹോളിഗീത' എന്നാണ് പേരിട്ടിരിക്കുന്നത്. അതിന്റെ പ്രസിദ്ധീകരണവും ആകർഷകമായരീതിയിലാണ്. ഡോ. നടരാജഗുരു, വിദ്യാനന്ദഗിരിസ്വാമികൾ തുടങ്ങിയ പല മഹാന്മാരും നാട്ടുഭാഷയിലെന്നപോലെ ഇംഗ്ലീഷിലും വ്യാഖ്യാനങ്ങളെഴുതി. കൂടാതെ രാമകൃഷ്ണാശ്രമം, ശിവാനന്ദാശ്രമം, ആര്യസമാജം, ഭാരതീയ വിദ്യാഭവൻ തുടങ്ങിയ ധർമ്മസ്ഥാപനങ്ങളും അതുപോലെ ചെയ്തുകൊണ്ടിരിക്കുന്നു. ഗോരഖ്പൂർ ഗീതാപ്രസ്സും അനുബന്ധസ്ഥാപനങ്ങളും നാനോന്മുഖമായ ഗീതാപ്രചരണത്തിൽ എപ്പോഴും ബദ്ധശ്രദ്ധരാകുന്നു.

## ഗീതയില്ല, ബൈബിളുണ്ട്

വിവിധമാനവജീവിതതലങ്ങളിൽ ദൈനംദിന ജീവിതത്തിൽ എണ്ണമററ പ്രശ്നങ്ങൾക്ക് സമാധാനമരുളിക്കൊണ്ട് പ്രചരിക്കപ്പെടുന്ന ഭഗവദ്ഗീത ഉപദേശിച്ച ഭഗവാൻ ശ്രീകൃഷ്ണന്റെ ഉന്നതജീവിതമാണ് ഭഗവദ്ഗീതയുടെ മഹോന്നതഭാഷ്യം എന്ന് നമുക്ക് അവരവരുടെ അനുഭവത്തിലൂടെ തന്നെ ബോദ്ധ്യപ്പെടുന്നതാണ്. അതിലാണ് ഭാരതസംസ്കാരത്തിന്റെ വൈവിധ്യത്തിലെ ഏകത്വം നിലകൊള്ളുന്നത്.

പലവിധത്തിലുള്ള ഭാഷ്യങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടായിരുന്നിട്ടും കുറഞ്ഞപക്ഷം ഹിന്ദുഭവനങ്ങളിലെല്ലാം ഓരോ ഭഗവദ്ഗീതവ്യാഖ്യാനം കൊണ്ടെത്തിക്കാൻ ഹിന്ദുസമൂഹസാംസ്കാരിക സ്ഥാപനങ്ങൾക്ക്

ഇതേവരെ സാധിച്ചിട്ടില്ലെന്നതാണ് അത്യന്തം ദയനീയമായ ഒരവസ്ഥ. ഈയിടെ രണ്ടുമൂന്നു ഗ്രാമങ്ങളിൽ എല്ലാ ഭവനങ്ങളിലും അന്വേഷിച്ചിട്ട് നൂററിൽ 20 വീടുകളിലേ വ്യാഖ്യാനത്തോടുകൂടിയ ഭഗവദ്ഗീതയുള്ളു. അതേസമയം നൂററിൽ 50 ഹിന്ദുഭവനങ്ങളിലും ബൈബിളിന്റെ ഒരു ഭാഗമെങ്കിലും പുസ്തകരൂപത്തിൽ എത്തപ്പെട്ടിരിക്കുന്നതായിക്കണ്ടു. എന്തുകൊണ്ട് ഹിന്ദുസ്ഥാപനങ്ങളും നേതാക്കന്മാരും ചേർന്ന് എല്ലാവർക്കും വായിച്ചു പഠിക്കാൻ പററുന്നവിധത്തിൽ ഓരോ ഗൃഹത്തിലും ഒരു ഭഗവദ്ഗീത ഗ്രന്ഥം എത്തിച്ചുകൂടാ? ഈ ഭഗവദ്ഗീതവർഷത്തിൽ അങ്ങനെയൊരു മംഗളകർമ്മ യജ്ഞം നടത്തപ്പെടുമാറാകട്ടെ.

" ഓരോരുത്തരും എന്നെ ഏതുവിധത്തിൽ ഉപാസിക്കുന്നുവോ ആ ഉപാസനയ്ക്കനുസരിച്ച് ഞാൻ അവരെ അനുഗ്രഹിക്കുന്നു.

(ഗീത 4-11)

◆◆◆

# വിവേകാനന്ദ ശിലാസ്മാരകത്തിന്റെ കഥ

മൂന്നു സാഗരങ്ങളുടെ സംഗമസ്ഥാനത്തൊരു തീർത്ഥഘട്ടം, വടക്കുമാറി ഭഗവതിക്ഷേത്രം, വടക്കേനടയിലെ സന്നിധിതെരുവിൽ ഏതാനും പുരോഹിതഗൃഹങ്ങൾ, അടുത്ത രഥവീഥിക്കു മദ്ധ്യത്തിലും ചുററുമായി പാർപ്പിടങ്ങൾ, കൽമണ്ഡപങ്ങൾ, ചെറുക്ഷേത്രങ്ങൾ, മഠങ്ങൾ, രഥവീഥിയുടെ കിഴക്കും പടിഞ്ഞാറും കടലോരങ്ങളിൽ കടൽപ്പണിക്കാരുടെ കുടിലുകൾ, ഒരു പകുതികച്ചേരി, തത്തുല്യമായ പോലീസ്സ്റേറഷനും, തപാൽ ഓഫീസും - ഇതാണ് 1950കളിലെ കന്യാകുമാരി ചിത്രം. ഈ തീരപ്രദേശത്ത് പത്തടിമുതൽ ഇരുപതടിവരെ മണലും അതിനുശേഷം താഴോട്ട് ചുണ്ണാമ്പുകല്ലും ആയതിനാൽ, സാധാരണഗതിയിൽ കൃഷിയോഗ്യമല്ലെങ്കിലും പന മരങ്ങളും ഒടമുൾവൃക്ഷങ്ങളും നിബിഡമായി വളർന്നിരുന്നു. കിഴക്കും പടിഞ്ഞാറും കരകളിൽ കൂററൻ പള്ളികളും അവരുടേതായ സ്ഥാപനങ്ങളും വിദ്യാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. ക്ഷേത്രത്തിന് തൊട്ടടുത്ത് ഭേദപ്പെട്ട രണ്ട് കെട്ടിടങ്ങൾ - തിരുവനന്തപുരം രാജകുടുംബംവകയായി ഉള്ളത്. മഹാരാജാവോ രാജകുടുംബാംഗങ്ങളോ ദേവീദർശനത്തിനായി വന്നു താമസിക്കുമ്പോൾ മാത്രം സജീവമായിരിക്കും. കന്യാകുമാരി സന്ദർശിക്കുന്ന വിശിഷ്ടാതിഥികൾക്ക് വേണ്ടി പടിഞ്ഞാറോട്ടുമാറി സർക്കാർ ചെലവിൽ നിർമ്മിച്ച കേപ് ഹോട്ടൽ ഉണ്ട്. സന്നിധി തെരുവിൽ സ്വാമിഭക്തനായ ഒരു യുവാവിന്റെ ശ്രമത്തിൽ സ്ഥാപിക്കപ്പെട്ട 'സ്വാമി വിവേകാനന്ദ' ഗ്രന്ഥശാലയാണ് ഏക പൊതു സ്ഥാപനം.

## ഒരു ഗ്രന്ഥശാല

സർക്കാർ ജീവനക്കാരനായ സ്വപിതാവിന്റെകൂടെ 1892-ൽ കന്യാകുമാരിയിൽവന്ന് താമസിച്ചിരുന്ന നെയ്യാററിൻകരക്കാരനായ പ്രിപ്രെട്ടറി ക്ലാസ് വിദ്യാർത്ഥി ശ്രീപാദപ്പാറയിൽ രണ്ട്-മൂന്ന് ദിവസം ധ്യാനത്തിലിരുന്നിട്ട് കരയ്ക്ക് വന്ന തേജസ്വിയായ യുവസന്യാസിയെക്കണ്ട് മിഴിച്ചുനിന്നു! വാത്സല്യപൂർവ്വം അവന്റെ താടി സ്പർശിച്ചുകൊണ്ട് 'നിന്റെ പേരെന്താണു കുട്ടീ?' എന്ന് യുവസന്യാസി ഇംഗ്ലീഷിൽ ചോദിച്ചതിന് ഇംഗ്ലീഷിൽതന്നെ മറുപടിപറഞ്ഞ കുട്ടി അവാച്യമായ ഒരാനന്ദത്തിൽ മുഴുകി. യുവസന്യാസി മുന്നോട്ട് പൊയ്ക്കഴിഞ്ഞിരുന്നു. 1893 സെപ്തംബർമാ

സം സ്വാമി വിവേകാനന്ദന്റെ ചിക്കാഗോ പ്രസംഗങ്ങൾ 'ഹിന്ദു'ദിനപത്രത്തിൽ ചിത്രത്തോടുകൂടി കണ്ടപ്പോൾ അന്നേവരെ തന്റെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരുന്ന ആ യുവസന്യാസിയാരെന്നറിഞ്ഞ് പൂർവ്വാധികം കൃതാർത്ഥനായി. നെയ്യാററിൻകരക്കാരനായിരുന്ന പരമേശ്വരൻപിള്ളയെന്ന ഈ വിദ്യാർത്ഥി പിൽക്കാലത്ത് കന്യാകുമാരിയിൽ തങ്ങി തീർത്ഥാടനക്കാരുടെയും തിരുവനന്തപുരത്തെ ചില മഹൽവ്യക്തികളുടെയും സഹായസഹകരണങ്ങളോടെ സ്ഥാപിച്ചതാണ് സ്വാമി വിവേകാനന്ദ ഗ്രന്ഥശാല. പത്തുസെന്റ് സ്ഥലത്തിനകത്ത് ഒതുങ്ങുന്ന ഒരു കെട്ടിടത്തിൽ വായനശാലയും, സംസ്കാരസദസ്സുകൾ നടത്തപ്പെടുന്ന ഹാളും, ഓഫീസ് മുറിയും, വിലപിടിച്ച ഗ്രന്ഥശേഖരവുമുൾപ്പെട്ട വിവേകാനന്ദഗ്രന്ഥശാല കന്യാകുമാരിയിലെ ഒരേയൊരു ധാർമ്മിക-സാംസ്കാരിക ബോധവൽക്കരണ സ്ഥാപനം ആയിരുന്നു. മഹാത്മാഗാന്ധിമുതൽ ഇങ്ങോട്ട് പല ദേശീയ നേതാക്കളും പല ആശ്രമാദ്ധ്യക്ഷൻമാരും മഠാധിപതികളും സാമൂഹ്യ-സാംസ്കാരിക പ്രവർത്തകരും ഈ ഗ്രന്ഥശാല സന്ദർശിക്കുകയും പ്രോത്സാഹജനകമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തകയും ചെയ്തിട്ടുണ്ട്.

1950 കളിൽ കന്യാകുമാരി-നാഗർകോവിൽ പ്രദേശങ്ങളിൽ ആര്യഹിന്ദു ധർമ്മ സേവാസംഘം പ്രവർത്തകനായിരുന്ന ഈ ലേഖകൻ പരമേശ്വരൻപിള്ളയെ കാണാറുണ്ട്. 60 കഴിഞ്ഞിട്ടും ചുറുചുറുക്കുള്ള ഒരു യുവാവിനെപ്പോലെ സന്ദർശകരെ ലൈബ്രറിയിൽ ക്ഷണിച്ചിരുത്തി വിവേകാനന്ദസ്വാമികളുടെ കന്യാകുമാരി സന്ദർശനത്തെപ്പററിയും പ്രസംഗങ്ങളെപ്പററിയും ചർച്ചചെയ്യുകയും ആവശ്യപ്പെടുന്നവർക്ക് വിവേകാനന്ദപാറയിൽ പോയിവരാൻ 'കട്ടമരം' ഏർപ്പാടുചെയ്യുകയും പതിവായിരുന്നു.

## സ്മാരകത്തെക്കുറിച്ചൊരു ചിന്ത

പിന്നീട് തിരുവനന്തപുരം-കോവളം പ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്നപ്പോൾ ഇദ്ദേഹത്തിന്റെ ദേഹവിയോഗത്തെപ്പററി കേട്ടറിഞ്ഞു. അപ്പോഴേക്കും ഗാന്ധിസ്മാരക മണ്ഡപ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയും തമിഴ് ഭാഷാ ഭാഷികൾ ഭൂരിപക്ഷമുള്ള പ്രദേശങ്ങളെ തമിഴ്നാട്ടിനോടുചേർത്ത് ഒരു പ്രത്യേക ജില്ലയാക്കണമെന്ന് പ്രക്ഷോഭം കൊടുമ്പിരിക്കൊണ്ടിരിക്കുകയുമായിരുന്നു. ഗാന്ധിസ്മാരക മണ്ഡപം ഉദ്ഘാടനത്തോടുകൂടി കന്യാകുമാരിക്കു പോയപ്പോൾ സ്വാമി വിവേകാനന്ദ ലൈബ്രറി ഭരണം ക്രൈസ്തവ ഭൂരിപക്ഷമുള്ള ഒരു സമിതിക്കാണെന്നും ഗവ: ഗ്രാന്റ് നേടി നടത്തുന്ന കടലാസു സ്ഥാപനമായി താണിരിക്കുന്നുവെന്നും അറിഞ്ഞു. ആ സന്ദർഭത്തിലുണ്ടായ മനോവേദനയോടുകൂടി ശ്രീ കന്യാകുമാരി ദർശനം ചെയ്തിട്ട് കടൽക്കരയിലെ ഏകാന്തത

യിലിരിക്കുമ്പോഴാണ് 'ഭാരതത്തെ കണ്ടെത്തിയ മഹാൻ' എന്നൊരു ലേഖനക്കുറിപ്പ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്താൻ ഇടയായത്. അതിൽ ശ്രീപാദപ്പാറയെന്ന വിവേകാനന്ദപ്പാറയിൽ സ്വാമി വിവേകാനന്ദന്റെ സമുചിതസ്മാരകം ഉണ്ടാവേണ്ടതിനെപ്പററി പരാമർശിച്ചിരുന്നു.

1956-ാമാണ്ട് അവസാനം ശ്രീ.പി.ആർ. രാമവർമ്മരാജായുടെ ക്ഷണപ്രകാരം ആലക്കോട്ടേയ്ക്കു പോയി. തിരുവിതാംകൂർ ദേവസ്വം കമ്മീഷണറും മഹാരാജാവിന്റെ ബന്ധുവുമായ ശ്രീ രാമവർമ്മ രാജാ അവർകൾ തിരുവനന്തപുരത്ത് നന്ദൻകോട് കൊട്ടാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് വിലക്ക് കൊടുത്തിട്ട് ഒരു മാതൃകാ ഹിന്ദു നഗരനിർമ്മാണപദ്ധതിയുമായി ഈ വനപ്രദേശത്ത്വന്ന് വാസമുറപ്പിച്ച സന്ദർഭം. അങ്ങനെ ആലക്കോടും പരിസരപ്രദേശങ്ങളിലുമുള്ള ഹിന്ദുക്കളെ ഏകോപിപ്പിച്ച് ആലക്കോട് ഹിന്ദുധർമ്മസമാജം എന്ന പേരിൽ പ്രവർത്തിച്ചിരുന്ന കാലത്താണ് ശ്രീ. ആർ. വേണുഗോപാൽ 'കേസരി' ആവശ്യത്തിനായി ആലക്കോട് വന്നത്.

'കേസരി' പത്രാധിപച്ചുമതല ഏറെറടുത്ത് പ്രവർത്തിച്ചിരുന്നപ്പോഴും കോഴിക്കോട്ടും പരിസരപ്രദേശങ്ങളിലുമുള്ള വിവിധ ഹിന്ദുസ്ഥാപനങ്ങളുമായി അടുത്ത സമ്പർക്കത്തിലായിരുന്നു. ഏതാനും മാസത്തേക്കെന്ന് പറഞ്ഞുവന്ന എനിക്ക് കോഴിക്കോട് വിട്ടുപോരാൻ മനസ്സ് അനുവദിക്കാത്ത സ്ഥിതിയിൽ ഏതാനും വർഷങ്ങൾതന്നെ കഴിഞ്ഞു. 1962 ഏപ്രിൽ 3 ന് കന്യാകുമാരി വിവേകാനന്ദപ്പാറയിൽ ഒരാൾപൊക്കമുള്ള വെള്ളക്കുരിശ്നാട്ടിയ വിവരം ഹൈന്ദവസേവകസംഘം പ്രസിഡന്റ് ശ്രീ. ഏലങ്കത്ത് കെ. വേലായുധൻപിള്ളയുടെ കത്തിലൂടെ അറിഞ്ഞുവെങ്കിലും ഈ പ്രശ്നത്തിൽ ഉടനെ ഇടപെടേണ്ടിവരുമെന്ന് കരുതിയില്ല.

## ക്രിസ്ത്യാനികളുടെ എതിർപ്പ്

1962 ജനുവരിയിൽ മദ്രാസ് രാമകൃഷ്ണാശ്രമത്തിൽ ചേർന്ന സമ്മേളനത്തിൽവച്ച് അന്താരാഷ്ട്രനിലവാരത്തിലുള്ള സ്വാമി വിവേകാനന്ദന്റെ ജന്മശതാബ്ദി ആഘോഷപരിപാടികളുടെ ഭാഗമായി 1963-64-ൽ കന്യാകുമാരി വിവേകാനന്ദപ്പാറമേൽ സ്വാമിജിയുടെ ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിക്കണമെന്ന തീരുമാനവും ഉൾപ്പെട്ടിരുന്നു. ഈ വിവരം പത്രപംക്തികളിലൂടെ കണ്ട ഒരു വിഭാഗം മതഭ്രാന്തരാണ് കരുതിക്കൂട്ടി വിവേകാനന്ദപ്പാറയിൽ കുരിശുനാട്ടിയത്. ഇതിന്റെ ന്യായാന്യായചർച്ചകളിലൂടെ ഉയർന്നുവന്നത് ന്യൂനപക്ഷവർഗ്ഗീയതയുടെ മുന്നേററവും ഭൂരിപക്ഷമതേതരത്വത്തിലെ കീഴ്വഴങ്ങലും. വിവേകാനന്ദപ്പാറയെപ്പററി അന്നേവരെ

ഈ സ്ഥിതിയിൽ ആദ്യത്തെ ശതാബ്ദി ആഘോഷസമിതിയുടെ തീരുമാനപ്രകാരമുള്ള സ്വാമിജിയുടെ പ്രതിമ വിവേകാനന്ദപ്പാറയിൽ സ്ഥാപിക്കാൻ സാധ്യമല്ലെങ്കിൽ കരയിലാവാമെന്ന് അഭിപ്രായവും ഉണ്ടായി. പക്ഷെ വിവേകാനന്ദപ്പാറയിൽതന്നെ വേണമെന്ന അഭിപ്രായം പ്രബലമായതിനെ തുടർന്ന് കന്യാകുമാരിജില്ലയിൽ സ്വാമിജിയുടെ ജന്മശതാബ്ദി ആഘോഷിക്കുവാനും വിവേകാനന്ദപ്പാറയിൽതന്നെ പ്രതിമസ്ഥാപിക്കുവാനുമായി ഒരു സ്വതന്ത്ര സമിതി രൂപീകരിക്കാനും നിശ്ചയിച്ചു. ഈ സന്ദർഭത്തിൽ ശ്രീ ദത്താജി ഡിഡോൾക്കർ കോഴിക്കോട്ടു വന്ന് സംസാരിച്ചതനുസരിച്ച് ഞാൻ അർദ്ധമനസ്സോടെ നാഗർകോവിലിൽ പോയപ്പോൾ മുൻപരിചയക്കാരായ ഹിന്ദു നേതാക്കളുമായി കണ്ട് പ്രശ്നവിവരങ്ങൾ അറിഞ്ഞ് കോഴിക്കോട്ടേയ്ക്കു മടങ്ങി. എന്നാൽ 1962 ആഗസ്റ്റ് അവസാനം ഏതാനുംമാസത്തേക്കെന്ന താല്ക്കാലിക നിശ്ചയത്തിൽ കന്യാകുമാരിയിൽ എത്താൻ നിർബന്ധിതനായി.

## 'ശഠനോട് ശാഠ്യം' തന്നെ

മദ്രാസ്-കേരള ആർ. എസ്. എസ്. പ്രചാരകനായിരുന്ന ശ്രീ ദത്താജിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന 'കന്യാകുമാരി ജില്ല സ്വാമിവിവേകാനന്ദസെന്റിനറി സെലിബ്രേഷൻ ആന്റ് വിവേകാനന്ദ റോക്ക് മെമ്മോറിയൽ കമ്മിററി' എന്നെയും ഒരു സെക്രട്ടറിയായി നിശ്ചയിച്ചതിനെത്തുടർന്ന് ജില്ലയിലെ വിവിധഭാഗങ്ങളിൽ സ്വാമിജിയുടെ പ്രതിമ സ്ഥാപിക്കുന്നതിനെതിരായ അവകാശവാദങ്ങളുടെ പൊള്ളത്തരങ്ങൾ വെളിപ്പെടുത്തി അനുകൂലമായ ജനാഭിപ്രായം സമാഹരിക്കാൻ യോഗങ്ങൾ നടത്തിയും മററും പ്രചാരണം നടത്തി. ഇതിനിടയ്ക്ക് കോഴിക്കോട്ടു ഭാഗത്തുനിന്ന് കടൽപ്പണിക്കാരും സ്വയംസേവകരുമായ ബാലൻ, ലക്ഷ്മണൻ, വിശ്വനാഥൻ, ഗംഗാധരൻ, അരവിന്ദൻ, വാസു തുടങ്ങിയ യുവാക്കളെ കന്യാകുമാരിയിൽ എത്തിച്ചിരുന്നു. മദ്രാസിൽനിന്ന് ശ്രീമദ് ചിന്മയാനന്ദസ്വാമികളുടെ അനുഗ്രഹത്താൽ ലഭിച്ച രണ്ട് തുഴയുന്ന ബോട്ടുകൾ കന്യാകുമാരിയിൽ എത്തി. കന്യാകുമാരി ക്ഷേത്രസന്നിധിയിൽ തന്നെ കമ്മിററി ഓഫീസ് തുറന്നു. ഒരു രാത്രിയിൽ വിവേകാനന്ദപ്പാറയിൽ അനധികൃതമായി സ്ഥാപിച്ചിരുന്ന കുരിശ് അകററപ്പെട്ടു. തുടർന്നുണ്ടായ സംഘർഷത്തിൽ പലർക്കും പരിക്കേററു. ഏതാനും സ്വയംസേവകരെ പോലീസ് അറസ്റ്റ്ചെയ്ത് കൊണ്ടുപോയി. കന്യാകുമാരിയിലും പരിസരത്തും 104-ാം വകുപ്പ് അനുസരിച്ച് നിരോധനാജ്ഞ നിലവിൽവന്നു. അനിശ്ചിതകാലത്തേക്കുള്ള നിരോധനാജ്ഞയനുസരിച്ച് കരയിലും കടലിലെ വിവേകാ

നന്ദപ്പാറയിലും പോലീസ് കാവൽ ഏർപ്പെടുത്തി. ഇതിനകം വിവേകാനന്ദ ശിലാസ്മാരകസമിതിയുടെ രജിസ്ട്രേഡ് കാര്യാലയം മദ്രാസിൽ തുറന്ന് അഖിലഭാരതാടിസ്ഥാനത്തിൽ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നു. ഓരോ സംസ്ഥാനത്തും സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിൽ പ്രശസ്തരായ വ്യക്തികളെ ഉൾപ്പെടുത്തി പ്രാദേശിക സമിതികളും രൂപീകരിച്ചു. അഖിലേന്ത്യാ കമ്മിറ്റിയുടെ ആദ്യ അദ്ധ്യക്ഷനായി ശ്രീ മന്നത്ത് പത്മനാഭൻ തെരഞ്ഞെടുക്കപ്പെട്ടു. നിരോധനാജ്ഞയും ചില വൃത്തങ്ങളിൽ നിന്നുള്ള ഭീഷണികളും നിമിത്തം കന്യാകുമാരി പാറയിൽ സ്വാമിജിയുടെ പ്രതിമ സ്ഥാപിക്കാനാവില്ലെന്നു മാത്രമല്ല ജന്മശതാബ്ദി ആഘോഷിക്കുവാൻപോലും സാധ്യമല്ലെന്നു പല മാന്യവ്യക്തികളും സംശയിക്കാനും പരസ്പരം പറയാനും തുടങ്ങി. 1963 ജനുവരിയിൽ ഏതുവിധത്തിലും സ്വാമിജിയുടെ ജന്മശതാബ്ദി വിപുലപരിപാടികളോടെ കന്യാകുമാരിയിൽ ആഘോഷിക്കുവാനും ശിലാസ്മാരക ഫലകം വിവേകാനന്ദപ്പാറയിൽ സ്ഥാപിച്ചുകൊണ്ട് സ്മാരകത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കുവാനും ഏർപ്പാടുകൾ നടന്നുകൊണ്ടിരിക്കെ സ്മാരകസമിതിയുടെ അശ്രാന്ത പരിശ്രമംകൊണ്ട് ആഘോഷദിനത്തിൽ ഏതാനും മണിക്കൂർമാത്രം നിരോധനാജ്ഞ തളർത്തിനിർത്താമെന്ന് സർക്കാരും സമ്മതിച്ചു. പക്ഷെ ഒരു വ്യവസ്ഥ: ജന്മശതാബ്ദി ആഘോഷം നോട്ടീസ് അച്ചടിച്ച് പരസ്യപ്പെടുത്താതെ ലഘുവാക്കി നടത്തണം.

മദ്രാസിൽനിന്നും അച്ചടിച്ചയച്ച ശതാബ്ദി ആഘോഷപരിപാടി തപാൽ ആഫീസിൽ തടഞ്ഞുവച്ചു. അതെടുത്ത് വിതരണം ചെയ്യാനായില്ല. പകരം തലേനാൾതന്നെ പോലീസ് സംഘം സംഘമായി കന്യാകുമാരിയിൽ വന്ന് തമ്പടിച്ചു. ഇതുകണ്ട് കന്യാകുമാരിയിൽ എന്തോ സംഭവിക്കുന്നുവെന്ന് മണത്തറിഞ്ഞ ജനങ്ങളും നാനാഭാഗത്തുനിന്നും കന്യാകുമാരിക്കു നീങ്ങി. കടലലകളും ഉഗ്രമായി. കന്യാകുമാരിദേവിക്ക് വിശേഷപൂജാർച്ചനകൾനടത്തി പ്രസാദത്തോടുകൂടി തുഴയുന്ന ബോട്ടുകളിൽ വിവേകാനന്ദപ്പാറയിൽ ചെന്ന് വിവേകാനന്ദശിലാസ്മാരക ഫലകവും കരയിൽ പാലം നിർമ്മിക്കണമെന്ന് കരുതിയ സ്ഥാനത്ത് ശിലാസ്മാരകത്തിന്റെ ശിലാസ്ഥാപനവും യഥാക്രമം 'മ. പൊ. ശി.' എന്ന എം. പി. ശിവജ്ഞാനഗ്രാമണിയും ശ്രീ മന്നത്തു പത്മനാഭനും നിർവ്വഹിച്ചു. തുടർന്ന് കെട്ടി അലങ്കരിച്ച ഒരു വലിയ ചപ്രത്തിൽ സ്വാമിജിയുടെ ചിത്രം വഹിച്ച് നാദസ്വരാദിതാളമേളങ്ങളോടുകൂടിയ ഘോഷയാത്ര ദേവിക്ഷേത്രത്തെ പ്രദക്ഷിണം വച്ച് പ്രധാന തെരുവുകളിലൂടെ സമ്മേളനവേദിയായ 'ക

ന്നിയമ്പലം' മുമ്പിൽ വന്നെത്തി. ദേവി സ്തുതി, വന്ദേമാതര ഗാനാലാപം, സ്വാഗതാദി ചടങ്ങുകൾക്കുശേഷം മന്നത്തു പത്മനാഭന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ശിവജ്ഞാനഗ്രാമണി, ഭാസ്ക്കരതൊണ്ടമാൻ, പ്രൊഫ. കെംഗ്യോനിഷിമുറ (ജപ്പാൻ) എന്നിവർ പ്രസംഗിച്ചു. തല്ക്കാലം തളർത്തിയിരുന്ന നിരോധനാജ്ഞ തുടരുന്നതിനു മുമ്പായി ജന്മശതാബ്ദി ആരംഭാഘോഷങ്ങൾ സമംഗളം സമാപിച്ചു. കൂട്ടം കൂട്ടമായി കൂടിയിരുന്ന ശ്രോതാക്കളും കാഴ്ചക്കാരുമെല്ലാം പോലീസ് അകമ്പടിയോടെ സമാധാനമായി പിരിഞ്ഞു.

1963 മെയ് മാസത്തിലൊരു രാത്രി പെരുമഴയും കടൽക്ഷോഭവുമായിരുന്നതിനാൽ പാറയിൽ പോലീസ് കാവൽ ഉണ്ടായില്ല. പിറേറന്ന് പോയി നോക്കിയപ്പോൾ സ്മാരകഫലകം ആരോ ഇളക്കിക്കൊണ്ടു പോയിരിക്കുന്നു.

## ഏകനാഥ്ജിയുടെ വരവ്

ദേശീയ നിലവാരത്തിൽ മിക്ക നേതാക്കന്മാരും സ്വാമി വിവേകാനന്ദനോട് ആദരവുള്ളവരാണ്. ആ മഹാത്മാവിന് സമുചിത സ്മാരകം നിർമ്മിക്കുന്നതിലും താല്പര്യമുണ്ട്. പക്ഷെ അത് കടലിലെ പാറയിൽ തന്നെ വേണമോ എന്നതിലാണ് അഭിപ്രായഭേദങ്ങൾ. ശ്രീ ഏകനാഥ്ജി റാനഡേ അഖിലേന്ത്യ കമ്മിററിയുടെ സംഘടനാ സെക്രട്ടറി എന്ന നിലയിൽ രംഗപ്രവേശം ചെയ്തതോടെ സ്തംഭനാവസ്ഥയിലായ ശിലാസ്മാരക പ്രവർത്തനങ്ങൾ പൂർവ്വാധികം സജീവമായി. നിരോധനാജ്ഞ നീക്കംചെയ്യാനും താല്പര്യമുള്ളവരെ തോണിയിലേററിചെന്ന് വിവേകാനന്ദപാറയുടെ വലിപ്പവും വിസ്തീർണ്ണവും എത്രയെന്ന് നേരിൽ കാട്ടി ബോദ്ധ്യപ്പെടുത്താനും കഴിഞ്ഞു. രണ്ടേക്കർ വിസ്തീർണ്ണമുള്ള പാറ കുന്നുപോലെ കരയിൽനിന്ന് കാണാമായിരുന്നു. സ്മാരകം നിർമ്മിക്കാനുള്ള കേന്ദ്രസംസ്ഥാന സർക്കാരുകളുടെ അനുമതികിട്ടാൻ കാലതാമസം ഉണ്ടാവുമെങ്കിലും എല്ലാആനുകൂല്യങ്ങളും ഉപയോഗപ്പെടുത്തി സ്മാരക നിർമ്മാണത്തിന്റെ പ്രാഥമിക സജ്ജീകരണങ്ങൾ ചെയ്തുതുടങ്ങി. പാറമേലുള്ള കുററൻ പാറക്കൂട്ടങ്ങളെ ഉടയ്ക്കുക, വലിയ മണ്ഡപം നിർമ്മിക്കാൻ തക്കവിധം ദാർഢ്യമുള്ളതാണോ എന്നറിയാൻ പാറ 70 അടിവരെ തുരന്ന് പരിശോധിക്കുക, കടലലകളെയും ഇടിമിന്നലുകളെയും താങ്ങാനുള്ള പ്രതിരോധശക്തി പരിശോധിക്കാൻ 300 അടി ആഴത്തിൽ ഗാർഡിയോഗ്രാഫ് പരീക്ഷണം നടത്തുക തുടങ്ങിയ വിദഗ്ധ പരീക്ഷണങ്ങളിലൂടെ വിവേകാനന്ദപ്പാറ പ്രകൃത്യാ സുശക്തമാണെന്ന് ബോദ്ധ്യപ്പെട്ടു. പാറമേൽ

25 അടി വിസ്താരത്തിലും 15 അടി ആഴത്തിലും ഉള്ള ഒരു മൺതട്ടും അതിൽ ചെറിയ ചെടിക്കൊട്ടികളും അതിൻ മദ്ധ്യേ വററാത്ത ഊററുറവയും അതിന്നരികിൽ പാറമേൽ കാവിനിറമുള്ള ഒരു പാദമുദ്രയും ഉണ്ടായിരുന്നു. ഈ ശ്രീപാദത്തെ സുരക്ഷിതപ്പെടുത്തിക്കൊണ്ട് മൺതിട്ടവെട്ടി മാററി തൽസ്ഥാനത്ത് ഒരു ജലാശയം ഉളവാക്കി.

ദേശീയതലത്തിൽ നേതാക്കന്മാരെ മാത്രമല്ല പല ആശ്രമാദ്ധ്യക്ഷൻമാരെയും മഠാധിപതികളെയും കണ്ട് അവരുടെ അനുഗ്രഹാശിസ്സുക്കളും നേടി. സ്മാരകത്തിന്റെ വിവിധ രൂപരേഖകൾ തയ്യാറാക്കി. പരമ്പരാഗത ക്ഷേത്രശില്പികളിൽ സ്തപതി എസ്. കെ. ആചാരിയെ പ്രധാന സ്തപതിയായി കണ്ടെത്തി. സ്മാരകനിർമ്മാണത്തിനുള്ള ധനശേഖരം തുടർന്നുകൊണ്ടിരുന്നു. കടലിലെ ഉപ്പുകാററിൽ ദ്രവീകരണം ഉണ്ടാകാത്ത പാറകൾ പരിശോധിച്ച് കല്ലുവെട്ടാൻ ഏർപ്പാടായി. സ്മാരകത്തിന് അംബാസമുദ്രം പ്രദേശത്തുള്ള കറുത്ത കല്ലുകളും തൂത്തുക്കുടിക്കടുത്ത കുറുക്ക്ശാലൈയിലെ ചുവപ്പ് കല്ലുകളുമാണ് മുഖ്യമായും തെരഞ്ഞെടുത്തത്. സ്തപതിയുടെ നേതൃത്വത്തിൽ രാമനാഥപുരം ജില്ലയിലെ പല ഭാഗങ്ങളിൽ നിന്ന് ക്ഷേത്രപ്പണികൾ നടത്തുന്ന കല്ലാശാരിമാരെയും ശില്പികളെയും കണ്ടെത്തി അവർക്ക് കന്യാകുമാരിയിൽ വന്ന് പണിയിൽ ഏർപ്പെടുമ്പോൾ തങ്ങാനായി മാധവപുരത്ത് തറവാടക കൊടുത്ത് താല്ക്കാലിക ഓലവീടുകൾ നിർമ്മിച്ചു. ക്ഷേത്രത്തിനടുത്ത് കാടുപിടിച്ച് കിടന്നിരുന്ന സ്ഥലവും വാടകയ്ക്കെടുത്ത് കല്ലടിക്കൂട (പണിസ്ഥല)ത്തിന് രൂപംകൊടുത്തു. 1963 നവംബർ 6-ാം തീയതി കന്യാകുമാരി ദേവീക്ഷേത്രത്തിൽ വിശേഷപൂജ നടത്തി ശ്രീ ഏകനാഥജിയും സ്തപതിയും ചേർന്ന് പ്രസാദവുമേന്തി ക്ഷേത്രത്തിനു പ്രദക്ഷിണമായി കല്ലടിക്കൂടത്തിൽ ചെന്ന് കൽപ്പണിയാരംഭിച്ചു.

## എല്ലാവരും വഴിക്ക്

വിവേകാനന്ദപ്പാറയിൽ ശിലാസ്മാരക മണ്ഡപം നിർമ്മിക്കുന്നതിനനുകൂലമായി സർവ്വകക്ഷികളിലുംപെട്ട 323 പാർലമെന്റ് അംഗങ്ങൾ കയ്യൊപ്പിട്ട മെമ്മോറാണ്ടം പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന് ശ്രീ. എം. എസ്. ആനേ മുഖേന സമർപ്പിച്ചിരുന്നു. ഭൂരിപക്ഷം എം. പിമാരുടെ അഭ്യർത്ഥനയല്ലേ, വിവേകാനന്ദശിലാസ്മാരകനിർമ്മാണത്തെ അംഗീകരിക്കുന്ന പ്രധാനമന്ത്രിയുടെ പ്രസ്താവന പത്രങ്ങളിൽ വന്നതോടെ പ്രതികൂല മേഘപടലങ്ങൾ നീങ്ങി അന്തരീക്ഷം തെളിഞ്ഞു. തമിഴ്നാട് മുഖ്യമന്ത്രി കാമരാജിന്റെ സ്ഥാനത്ത് ഭക്തവത്സലം മുഖ്യമന്ത്രിയായി പൂർ

ണ്ണസഹകരണം വാഗ്ദാനം ചെയ്തു.

ഉർവ്വശീശാപം ഉപകാരമായി എന്നപോലെ ഒരു പ്രതിമ സ്ഥാപിക്കുന്നതിനെതിരെ ഉയർന്ന എതിർപ്പുകൾമൂലം വിവേകാനന്ദശിലാസ്മാരക പദ്ധതിയും വിപുലമായി. ആദ്യം 6 ലക്ഷം രൂപ ചെലവിൽ ഒരു പ്രതിമ സ്ഥാപിക്കാനുള്ള നിശ്ചയം മൂന്ന് ഘട്ടങ്ങളിലായി രൂപരേഖകൾ മാറുന്നതനുസരിച്ച് യഥാക്രമം 30 ലക്ഷം 50 ലക്ഷം 80 ലക്ഷം എന്നിങ്ങനെ ഉയർന്നുകൊണ്ടിരുന്നു. അവസാന രൂപരേഖപ്രകാരം വിവേകാനന്ദമണ്ഡപത്തിന് മാത്രം 180 x 56 ½ അടി വിസ്തീർണ്ണമാണ് ഉള്ളത്. ശ്രീപാദമണ്ഡപവും ധ്യാനമണ്ഡപവും ഇതിലുൾപ്പെടുന്നില്ല. കല്ലടിക്കൂടത്തിൽ വിവിധതരം കല്ലുകൾ കൊണ്ടുവന്ന് വിവിധതരം കല്ലുളികൾകൊണ്ട് 100 മുതൽ 500 വരെ ശില്പികൾ പണിചെയ്തുകൊണ്ടിരിക്കെ ഒരപൂർവ്വ സംഗീതാത്മകതയുടെ അനുഭൂതി കാണികളിൽ ഉളവാക്കിയിരുന്നു. പ്രതിദിനം യാത്രക്കാരെ കൂടാതെ കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, നാട്ടുരാജാക്കന്മാർ, സന്യാസിമാർ, മഠാധിപതികൾ എന്നിങ്ങനെ പല വിശിഷ്ട വ്യക്തികളും ശിലാസ്മാരക പണിസ്ഥലം സന്ദർശിക്കാറുണ്ടായിരുന്നു. ഇവരിൽ അന്ന് ഉപരാഷ്ട്രപതിയായിരുന്ന വി.വി.ഗിരിയും തിബത്തിലെ ദലായ്ലാമയും നേപ്പാൾ മഹാരാജാവും സ്വാമി ചിന്മയാനന്ദജിയും ഉൾപ്പെടുന്നു.

26 അടുക്കുകളായി തരംതിരിച്ച് കൽപ്പണി നടത്തിയിരുന്നു. അതിൽ 13 ഘട്ടങ്ങൾ പൂർത്തിയായപ്പോൾ 1967-ൽ പണിത ഉരുപ്പടികൾ പാറയിലേക്ക് ചങ്ങാടങ്ങൾവഴി കൊണ്ടുപോയി സ്മാരക മണ്ഡപത്തിന്റെ പണി ആരംഭിച്ചു. ഇതിന്റെ വർക്സ് സബ്കമ്മിററിയിലും ശ്രീ. എസ്. വെങ്കടരാമനും ലേഖകനും സെക്രട്ടറിമാരായിരുന്നു. ശിലാസ്മാരകത്തിനുവേണ്ടി വിശ്രമമില്ലാതെ സഞ്ചരിച്ചുകൊണ്ടിരുന്നശ്രീ ഏകനാഥജി കന്യാകുമാരിക്ക് വരുമ്പോഴൊക്കെ നേരെ പണിസ്ഥലങ്ങളിലേക്കാണ് പോവുക. നിർമ്മാണ പുരോഗതി കണ്ടറിഞ്ഞശേഷമേ വിശ്രമമുറിയിലേക്ക് വരൂ. കന്യാകുമാരിയിൽ തങ്ങിയിരിക്കുമ്പോൾ പ്രഭാതത്തിൽതന്നെ സ്നാനാദികൾ കഴിച്ച് ആദ്യം ദേവീക്ഷേത്രത്തിൽ ദർശനം ചെയ്തിട്ട് മററു ദിനകൃത്യങ്ങളിൽ മുഴുകും. ക്ഷേത്രസന്നിധിയിലെ കാര്യാലയത്തിൽ ഞങ്ങൾ നടത്തിക്കൊണ്ടിരുന്ന സമൂഹഭജനയും സത്സംഗവും വാരത്തിൽ ഓരോ ദിവസം പണിസ്ഥലങ്ങളിലേക്കും വ്യാപിപ്പിച്ചു. വിവേകാനന്ദചരിതവും ഉപദേശങ്ങളും കേൾക്കാൻ ഉത്സുകരായ തൊഴിലാളികളിൽ ഭക്തിയും അർപ്പണഭാവവും ഉളവാകുന്നത് മനസ്സിലാക്കിയ സ്തപതി ആചാരിക്കും ആശ്വാസമായി. അഖിലഭാരത വിവേകാനന്ദശിലാസ്മാരക സമിതിക്ക് അനേകം അംഗങ്ങളുള്ള ഒരു ജനറൽബോഡി സമിതിയും ഒരു മാനേജിംഗ് കമ്മിററിയും വർക്സ് സബ് കമ്മിററിയും ഉണ്ടായിരുന്നു. എല്ലാ

കമ്മിററികളിലും അംഗമായിരുന്നുവെങ്കിലും ഈ ലേഖകന് കൂടുതൽ ഉത്തരവാദിത്തം വർക്സ് സബ് കമ്മിററിയിലായിരുന്നു. അത് ആഴ്ചയിൽ ഒരു പ്രാവശ്യം കന്യാകുമാരിയിൽ കൂടുമായിരുന്നു. മററ് രണ്ട് സമിതികളും ശ്രീ ഏകനാഥജിയുടെ നിർദ്ദേശമനുസരിച്ച് മദ്രാസ്സിലെ ശിലാസ്മാരക കാര്യാലയത്തിലോ കന്യാകുമാരിയിലോ ചേർന്നിരുന്നു. ആരംഭത്തിൽ വർക്സ് കമ്മിററിയുടെ പൂർണ്ണ ഉത്തരവാദിത്വം ശ്രീ. എസ്. വെങ്കടരാമനായിരുന്നു.

## 'അഗസ്ത്യ' നും 'കാവേരിയും'

1957-ൽ പാറയിൽ സ്മാരക മണ്ഡപ പണി ആരംഭിച്ചപ്പോൾ തുഴയുന്ന ബോട്ടുകളുടെ അപര്യാപ്തതയിൽ 'കാവേരി'യെന്നും 'അഗസ്ത്യ'നെന്നും നാമകരണം ചെയ്ത രണ്ട്യന്ത്രബോട്ടുകൾ കൊണ്ടുവന്നിരുന്നു. അക്കാലത്ത് കന്യാകുമാരിയിൽ പദയാത്രയായി വന്ന് ലേഖകന്റെ കൂടെ തങ്ങിയിരുന്ന ശ്രീ സ്വാമി തിലക്ജി മഹാരാജാണ് നാളികേരം ഉടച്ച് 'അഗസ്ത്യ'നെന്ന വലിയ ബോട്ടിനെ ആദ്യമായി കടലിലിറക്കിയത്. ഇതിനെക്കാൾ വലിയ യന്ത്രബോട്ടുകൾ പിന്നീടും വാങ്ങേണ്ടിവന്നു. ഓരോ ഘട്ടത്തിലും ശാസ്ത്രീയ പൂജാദികർമ്മങ്ങളോടുകൂടി പാറയിലും കരയിലും സ്മാരകപണികൾ ദ്രുതഗതിയിൽ തുടർന്നുകൊണ്ടിരുന്നു. 1969-ൽ ജനറൽ ബോഡി- മാനേജിംഗ് കമ്മിററികളുടെ യോഗങ്ങൾക്ക് ശേഷം ശ്രീ ഏകനാഥജി വർക്സ് സബ് കമ്മിററിയിൽ അസന്നിഗ്ധമായി പ്രഖ്യാപിച്ചു: 1970 സെപ്തംബർ 2 ന് വിവേകാനന്ദ ശിലാസ്മാരകം സമുദ്ഘാടനം ചെയ്യണമെന്ന്. എല്ലാ പ്രവർത്തന രംഗങ്ങളിലെയും വേഗതയും തൊഴിലാളിസംഖ്യയും ഇരട്ടിച്ചു. ചില രംഗങ്ങളിൽ അഹോരാത്രം പണി നടന്നുകൊണ്ടിരുന്നു. 1970 ഏപ്രിൽ, മെയ് മാസങ്ങളായപ്പോഴേക്കും സ്മാരകനിർമ്മാണപണി പൂർണ്ണമാവുന്നതിന്റെ രജത രേഖകൾ ദൃശ്യമായി. ബോംബെ-കൽക്കത്ത കലാകാരന്മാരുടെ ഏകോപിച്ച ഉന്നത കലാശില്പം-സ്വാമിജിയുടെ രണ്ട് വെങ്കലപ്രതിമകൾ-കന്യാകുമാരിയിൽ എത്തിക്കഴിഞ്ഞു. അതിലൊന്ന് പാറയിലെ വിവേകാനന്ദ മണ്ഡപത്തിൽ സ്ഥാപിക്കാൻ തെരഞ്ഞെടുത്തിട്ട് മറെറാന്ന് ഭാവിപദ്ധതിയിലെ വിവേകാനന്ദ കേന്ദ്രത്തിനുവേണ്ടി മാററിവച്ചു. ഇതിനകം കന്യാകുമാരി ക്ഷേത്രത്തിൽ നിന്ന് ഒരു കി.മി. വടക്കുമാറി പലരുടെ വകയായ കുറെ ഭൂമി വാങ്ങിച്ചേർത്ത് വിവേകാനന്ദപുരം എന്ന് നാമകരണം ചെയ്ത് ഏതാനും കെട്ടിടങ്ങളും നിർമ്മിച്ചുകഴിഞ്ഞിരുന്നു. പണി നടന്നുകൊണ്ടിരുന്നപ്പോൾ രണ്ട് പ്രാവശ്യം പ.പൂ. ഗുരുജി ഗോൾവൽക്കർ കന്യാകുമാരിയിൽ വന്ന് തങ്ങി

സ്മാരക നിർമ്മാണ പ്രവർത്തനങ്ങൾ വീക്ഷിച്ചിട്ടുണ്ട്. ഉദ്ഘാടനശേഷം ഒരാഴ്ചക്കാലം വിവേകാനന്ദപുരത്ത് വന്ന് വസിച്ചിരുന്ന ശ്രീ ഗുരുജി തികച്ചും സന്തുഷ്ടനും അധ്യാത്മിക നിഷ്ഠനുമായി കാണപ്പെട്ടുവെന്നത് പ്രത്യേകം സ്മർത്തവ്യമാകുന്നു.

1964-ൽ മുൻ നിശ്ചയ പ്രകാരം ശ്രീമദ് ചിദ്ഭവാനന്ദ സ്വാമികളുടെ നേതൃത്വത്തിൽ സ്വാമിജിയുടെ ധ്യാനനിഷ്ഠയിലുള്ള ശിലാപ്രതിമ നിർമ്മിച്ച് 15x15 വിസ്തീർണ്ണമണ്ഡപത്തിൽ (കരയിൽ) പ്രതിഷ്ഠിച്ചു. കന്യാകുമാരി പരിസരപ്രദേശങ്ങളിലെ സ്മാരകകമ്മിററി അംഗങ്ങളിൽ ചിലർ 1963-ലെ സംഭവങ്ങളിൽ നിരാശരായി തങ്ങൾ നേരത്തെ നിശ്ചയിച്ചിരുന്ന അഗസ്തീശ്വരം കോളേജിന് വേണ്ടി പ്രവർത്തിച്ചു. അങ്ങനെ വിവേകാനന്ദ കോളേജും ഉണ്ടായി. നേരത്തേ പറഞ്ഞ വിവേകാനന്ദലൈബ്രറി പുനഃരുദ്ധരിക്കാൻ ശ്രീ ഏകനാഥജിയുടെ പ്രത്യേക നിർദ്ദേശപ്രകാരം സ്മാരകാംഗങ്ങളെയും തൊഴിലാളികളെയും അതിലംഗങ്ങളാക്കി പൊതുയോഗംകൂട്ടി എന്നെ സെക്രട്ടറിയാക്കി. ലൈബ്രറി സംബന്ധമായ ബാധ്യതകൾ തീർത്ത് ഒരു വർഷക്കാലം നല്ല രീതിയിൽ നടത്തപ്പെട്ടു. ഇത്രയൊക്കെയായിട്ടും സ്ഥലവാസികളുടെ നിസ്സഹകരണം നിമിത്തം പുനരുദ്ധാരണ ശ്രമം ഉപേക്ഷിക്കേണ്ടിവന്നു.

## വിപുലമായ ഉദ്ഘാടനം

ചിരപ്രതീക്ഷിതമായ വിവേകാനന്ദശിലാസ്ഥാപന സമുദ്ഘാടന മഹോത്സവത്തിന്റെ വിപുലമായ പരിപാടികൾ തയ്യാറായിക്കഴിഞ്ഞു. ശ്രീ കാമരാജ് നാടാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ തുടങ്ങിയ സംരംഭങ്ങൾ ശ്രീ ഭക്തവത്സലം, ശ്രീ അണ്ണാദുരൈ എന്നീ മുഖ്യമന്ത്രിമാരുടെ കാലവും കഴിഞ്ഞ് ശ്രീ കരുണാനിധി മുഖ്യമന്ത്രിയായിരിക്കയാണ്. കഴകക്കാരുടെ ഇടുങ്ങിയ വീക്ഷണം നിമിത്തം ഇടയ്ക്കിടെ ചില വിഷമഛായകൾ പരത്തിയെങ്കിലും ബാധിക്കാതെനോക്കി. സർക്കാരിന്റെ സഹകരണത്തോടുകൂടി തന്നെ ഒരുകോടി എൺപതുലക്ഷംരൂപയുടെ സ്മാരകം 1970 സെപ്തംബർ 2-ാം തീയതി മുതൽ 2 മാസക്കാലം ആഘോഷിക്കുവാനുള്ള വിപുല പരിപാടികൾ ആസൂത്രണം ചെയ്തു. ഉദ്ഘാടനത്തിന് മൂന്ന് ദിവസം മുൻകൂട്ടി കാഞ്ചി കാമകോടി ശ്രീ ശങ്കരമഠത്തിലെ പരമാചാര്യ ശ്രീ ശങ്കരാചാര്യരുടെ പ്രത്യേക നിർദ്ദേശമനുസരിച്ച് അവിടത്തെ വിദ്വാന്മാരായ പുരോഹിതന്മാർ വന്ന് സ്മാരക മണ്ഡപത്തിൽ യാഗങ്ങൾ നടത്തി. കന്യാകുമാരി ദേവീക്ഷേത്രത്തിൽ വിശേഷപൂജകൾ നടത്തി. കരയിൽ കല്ലടിക്കൂട്ടമായിരുന്ന മൈതാനം മുഴുവൻ പന്തൽകെട്ടി അലങ്കരി

ച്ചു. കടൽക്കര മൈതാനത്തിൽ ഉദ്ഘാടനപരിപാടികൾക്കുള്ള സജ്ജീകരണങ്ങൾ ചെയ്തു. വിവേകാനന്ദപുരം-ഗാന്ധിമണ്ഡപത്തിനിടയ്ക്ക് സ്മാരക കമ്മിററി വക രണ്ട് ബസ്സുകൾ സൗജന്യ സേവനത്തിന് നിയോഗിക്കപ്പെട്ടിരുന്നു.

സെപ്തംബർ 2-ാം തീയതി രാഷ്ട്രപതി ശ്രീ. വി. വി. ഗിരി, തമിഴ്നാട് മുഖ്യമന്ത്രി എം. കരുണാനിധി തുടങ്ങിയ വിശിഷ്ട വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ ഏകനാഥ്ജി പ്രധാനശില്പികൾക്കും പ്രതിമ നിർമ്മിച്ച കലാകാരന്മാർക്കും മററും പാരിതോഷികങ്ങൾ നൽകി ആദരിച്ചുകൊണ്ട് സ്വാഗതമോതി. രാഷ്ട്രപതിയുടെ ഉദ്ഘാടനപ്രസംഗത്തെതുടർന്ന് കരുണാനിധി തുടങ്ങിയവർ പ്രസംഗിച്ചു. രണ്ട്മാസക്കാലത്തെ ആഘോഷങ്ങളുടെ മധ്യഘട്ടത്തിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ സ്വാമി രംഗനാഥ മഹാരാജും പ്രസംഗിച്ചു. സമാപന സമ്മേളനത്തിൽ ഉപരാഷ്ട്രപതി ശ്രീ പഥക് അദ്ധ്യക്ഷത വഹിച്ചു. ഇടയ്ക്കിടെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംഭാവനയായ കലാ-സാംസ്കാരിക പരിപാടികളും സെമിനാറുകളും വിവേകാനന്ദജീവിതോപദേശങ്ങളെപ്രതിഫലിപ്പിക്കുന്ന പ്രദർശനങ്ങളും ഉണ്ടായിരുന്നു. ഈവിധം ദേശീയനവോദ്ധാരകനും ജഗദ്ഗുരുവുമായ ശ്രീമത് വിവേകാനന്ദസ്വാമികളുടെ മഹോന്നത സ്മാരകം രാഷ്ട്രത്തിന് സമർപ്പിക്കപ്പെട്ടു.

വന്ദേമാതരം.

◆◆◆

# വടക്കുംകൂറും ഭാരതവും

വടക്കുംകൂർ രാജരാജവർമ്മരാജാ എന്ന നാമധേയം നമ്മുടെ സാഹിത്യ-സാംസ്കാരിക ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠിതമായിട്ട് കാലം ഏറെയായി. വടക്കുംകൂർ എന്ന നാമശ്രവണമാത്രയിൽ നതമസ്തകരാവാത്ത സംസ്കൃതചിത്തരുണ്ടാവില്ല. അത്രത്തോളം ആചാര്യ സ്ഥാനാരാദ്ധ്യമാണ് ആ പുണ്യനാമം. സർവ്വവും ജനകീയാടിസ്ഥാനത്തിൽ വീക്ഷിക്കുന്ന വർത്തമാനകാലത്ത് ശ്രീ വടക്കുംകൂറിന്റെ അസാധാരണ വ്യക്തിത്വം നമ്മുടെ ദേശീയ സംസ്കൃതിയുടെ ദർശനാകാംക്ഷികളായ സംസ്കാരമതികളുടെ അഭീഷ്ടദമായി പ്രശോഭിക്കുന്നു. എഴുപതു കഴിഞ്ഞ ശ്രീ വടക്കുംകൂർ ആർഷഭാരതത്തിന്റെ പ്രതിരൂപമാണെന്ന് പറയുമ്പോൾ അതിൽ മുഖസ്തുതിയുടെയോ കേവല പ്രശംസയുടെയോ ലവലേശവും ഇല്ല. ആത്മാർത്ഥമായ ചിരാഭിലാഷാനുഭൂതി മാത്രമാണത്

''ഭാരതത്തിന്റെ മൂർത്തിമാനാണ് വടക്കുംകൂർ. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ അന്യഭാഷകളിലേക്ക് തർജ്ജിമ ചെയ്യിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.'' നാലുകൊല്ലംമുമ്പ്, ചില ബംഗാളി സംസ്കൃത പണ്ഡിതന്മാരെയും കൂട്ടി ഗുരുവായൂരിൽ വന്നപ്പോൾ ശ്രീ ആഗമാനന്ദസ്വാമികൾ അഭിമാനപൂർവ്വം പ്രകടിപ്പിച്ച അഭിപ്രായമാണിത്. ഇക്കാര്യം അത് അർഹിക്കുന്ന മാന്യതയോടെ സ്വീകരിക്കുവാൻ ഇന്നാട്ടിൽ ആരുമില്ലെങ്കിൽ ആ ബംഗാളി സംസ്കൃത പണ്ഡിതന്മാരെങ്കിലും ശ്രദ്ധിക്കട്ടെയെന്നായിരിക്കാം സ്വാമിജി അപ്പോൾ ഉദ്ദേശിച്ചിരിക്കുക. ഭാരതത്തിന്റേതായ സംസ്കൃതവും സംസ്കാരവും നമ്മുടെ ചിരകാല പ്രതീക്ഷകൾക്ക് വിപരീതമായി സ്വതന്ത്രഭാരതത്തിന്റെ ജീവിതകാലങ്ങളിൽ നിന്ന് തിരോഭവിച്ച് പുരാതന വസ്തു സൂക്ഷിപ്പുശാലകളിൽ അഭയംപ്രാപിച്ചുകൊണ്ടിരിക്കുകയാണല്ലോ.

മഹാഭാരതം കിളിപ്പാട്ടിന്റെ മൂലഗ്രന്ഥമായ സംസ്കൃത മഹാഭാരതം വേദവ്യാസ വിരചിതമാണ്. ചരിത്രത്തിന്റെ നോട്ടമെത്താത്ത സഹസ്രാബ്ദങ്ങൾക്ക് മുമ്പുള്ള ഭാരതീയ തത്വശാസ്ത്രത്തിന്റെയും ധാർമ്മിക ജീവിതത്തിന്റെയും ഐതിഹാസിക പ്രതിബിംബമാണീ ബൃഹത്ഗ്രന്ഥം. ആദ്യം 60 ലക്ഷം ശ്ളോകങ്ങൾ ഉണ്ടായിരുന്ന ഈ വിശ്വോത്തര ഗ്രന്ഥത്തിൽ ഇന്ന് ഒരു ലക്ഷത്തിൽപ്പരം ശ്ളോകങ്ങളേ കാണ്മാനുള്ളുവെങ്കിലും അത് അഞ്ചാംവേദമെന്ന് പ്രകീർത്തിക്കപ്പെടുന്നു.

കൂടാതെ സർവ്വാരാധ്യമായ സനൽസുജാതീയം, വിഷ്ണുസഹസ്രനാമം തുടങ്ങിയ അദ്ധ്യാത്മിക ശാസ്ത്രങ്ങളും വിദൂരനീതി, കണികനീതി മുതലായ നീതിധർമ്മങ്ങളും യക്ഷപ്രശ്നം, നഹുഷപ്രശ്നം മുതലായ ധർമ്മ ശാസ്ത്ര തത്വങ്ങളും ഈ മഹാഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. എല്ലാ മനുഷ്യർക്കും അവരവരുടെ അറിവിനും കഴിവിനും അനുസരിച്ച് ധാർമ്മി കപ്രചോദനം ലഭിക്കുവാനുള്ള ഉപായങ്ങൾ മഹാഭാരതത്തിലുണ്ട്. മററ് പുരാണ കഥാംശങ്ങളും ഭാരതത്തിൽ കോർത്തിണക്കപ്പെട്ടിരിക്കുന്നു. ശൈവ വൈഷ്ണവാദി ആരാധനാ സമ്പ്രദായങ്ങൾക്ക് തുല്യ പരിഗണന നൽകിക്കൊണ്ട് നാനാത്വത്തിൽകൂടി ഏകത്വദർശനം നൽകുന്ന 'മഹാഭാ രതം' നരനാരായണ തത്വപ്രതിപാദകമാണ്. അത് ഓരോ ഭാരതീയ ഭവ നത്തിലും എല്ലാവിധ ഉൽക്കർഷങ്ങളും ഉദ്ദേശിച്ചുകൊണ്ട് നിത്യപാരാ യണം ചെയ്യപ്പെടേണ്ടതാണ്.

ഭാരതം ശ്രുണിയാൻ നിത്യം
ഭാരതം പരികീർത്തയേൽ
ഭാരതം ഭവനേയസ്യ
തസ്യ ഹസ്തഗതോ ജയ:

എന്നാണ് ഫലശ്രുതിയിൽ പറഞ്ഞിരിക്കുന്നത്. 'ഭാരത'ത്തിന്റെ തുടക്കം തന്നെ-

നാരായണം സമസ്കൃത്യ നരം ചൈവ നരോത്തമം
ദേവീം സരസ്വതീം വ്യാസം തതോ ജയമുദീരയേൽ

എന്നിത്യാദി മഹത്തായ വന്ദനശ്ളോകങ്ങളോടുകൂടിയാണെന്നും അവ 'മഹാഭാരത'ത്തിന്റെ ശാശ്വത മാഹാത്മ്യം സ്വയം വിളംബരം ചെയ്യുന്ന താണെന്നും വിസ്മരിച്ചുകൂടാ.

ധർമ്മനിഷ്ഠനും സംസ്കൃത സാരജ്ഞനും ഭാരതീയ ശാസ്ത്ര ങ്ങളിൽ അപാര പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള ആർഷ ജ്ഞാനിയുമായ ഒരാൾക്കുമാത്രമേ 'ഭാരതം' വേണ്ടപോലെ കൈകാര്യം ചെയ്യാൻ സാധ്യ മാകുകയുള്ളു. ശ്രീ വടക്കുംകൂറിന് അനന്യസാധാരണമായ ഈ വക യോ ഗ്യതകളെല്ലാം ഉണ്ടെന്ന് നിതരാംപ്രഖ്യാപിക്കുന്നതിന് അദ്ദേഹത്തിന്റെ "ഭാരതപ്രവേശിക" എന്ന സമുൽകൃഷ്ട ഗ്രന്ഥം ഒന്നുമാത്രം മതി. ഭാരത രാജ്യത്തിന്റെ ഭാവി ശ്രേയസ്സിന് 'ഭാരതപ്രവേശിക' ഹൈസ്കൂൾ ക്ലാസ്സു കളിലെ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ ഏർപ്പാടു ചെയ്യേണ്ടത് നല്ലൊരു ഗവൺമെന്റിന്റെ കർത്തവ്യമാണ്.

പാണ്ഡിത്യംകൊണ്ടുമാത്രമല്ല ശ്രീ വടക്കുംകൂറിന്റെ വ്യക്തിവൈശിഷ്യം വിളങ്ങുന്നത് സത്വരജസ്തമോഗുണങ്ങളിൽ സത്വഗുണപ്രധാനമാണ് അദ്ദേഹത്തിന്റെ ദൈനംദിന ജീവിതം. അദ്ദേഹത്തിന്റെ പഠിപ്പിലും പ്രവൃത്തിയിലും വാക്കിലും എല്ലാം ധർമ്മോജ്ജ്വലമായ ഈ സാത്വികഭാവം പ്രതിഫലിച്ചുകാണാം. ധർമ്മം ഭാരതത്തിന്റെ പ്രാണശക്തിയാണ്; തികച്ചും ധർമ്മാധിഷ്ഠിതമാണ് വടക്കുംകൂറിന്റെ ധന്യജീവിതം. ഈ താത്വിക സമ്പന്നൻ ഭാരതത്തിന്റെ-ഭാരതീയ സംസ്കൃതിയുടെ- മൂർത്തിമദ് ഭാവമാണെന്ന് ആഗമാനന്ദസ്വാമിയെപ്പോലുള്ള ചുരുക്കം ചില കേരളീയ മഹത്തുക്കൾ കണ്ടറിഞ്ഞു.

ഗവേഷകൻ, കവി, ലേഖകൻ, സാഹിത്യകുശലൻ എന്നീ നിലകളിൽ ശ്രീ വടക്കുംകൂറിനെ അറിയുന്നവർ എത്രയെങ്കിലുമുണ്ടാവാം. ഇവയ്ക്കെല്ലാം മധ്യത്തിൽ ഉയർന്നു വിളങ്ങുന്ന വടക്കുംകൂർ തിരുമേനിയിലെ ഭാരതീയത്വം, ആർഷസംസ്കാര പ്രതിഭ - ഈ സ്വതന്ത്രഭാരതത്തിൽ പോലും വളരെ ചുരുക്കം ആളുകളിലേ കാണുകയുള്ളു എന്നതാണ് ആശ്ചര്യം. മാർക്കററ്നോക്കി സാഹിത്യസൃഷ്ടിനടത്തുന്ന സമ്പ്രദായമല്ല അദ്ദേഹത്തിന്റേത്. അനുദിനജീവിതത്തിലെ ആദർശനിഷ്ഠ സാഹിത്യാദി കാര്യങ്ങളിലും അണുവളവും തെററാതെ പുലർത്തിവരുന്ന ആർഷജ്ഞാന ദൃഷ്ടാവാണ് ശ്രീ വടക്കുംകൂർ.

ലോക ഭാഷകളുടെ മാതാവായ സംസ്കൃതം, ശാശ്വത ധർമ്മങ്ങളുടെയും മാനുഷിക മൂല്യങ്ങളുടെയും പ്രബോധനം നൽകുന്ന സംസ്കൃതം അധ:പതിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ദുർഗതി കണ്ട് ആ സഹൃദയ സമ്പന്നൻ നെടുവീർപ്പെടാറുണ്ട്.

യാ വിശ്വാബ്ധി നിമഗ്ന ലോകകലുഷോദ്ധാരപ്രശസ്താ സ്മൃതി:
കൃത്യാകൃത്യനിദർശികാ കവികൃതി: ശ്രീരാമ ലങ്കേശയോ:
വർണ്ണാനാം ജനനാദിയജ്ഞവിധയോ ഭൂതാ: പ്രഭൂതായത:
സാഭാഷാ ഭുവനേ/ധുനാപ്രജതി ഹാശൂന്യം പദംദൃശ്യതാം

ഹാ ഹന്തധീധന സമാജമുഖാംബുജസ്യ
ശ്രീരദ്യ ഗച്ഛതി വിഗച്ഛതി ധീധനാർക്കേ
ശോകാശ്രു ബിന്ദു തമസാജഗദദ്യ ദൃഷ്ടേ:
പന്ഥാനമാശ്രയതിനൈവനിമേഷമാത്രം

എന്നൊരു മഹാൻ ഉറക്കെ വിലപിക്കുന്നത് എത്ര ശരിയാണ്! അനാദികാലംമുതൽ ഭാരതീയ ശാസ്ത്രങ്ങളുടെയും സാമൂഹികവും വേദം

ഷ്ട്രീയവുമായ ചിന്താസരണികളുടെയും ഉറവിടമായി നിലകൊള്ളുന്ന സംസ്കൃതം സ്വന്ത നാട്ടുകാരുടെ ഭരണത്തിൽതന്നെ 'മൃതഭാഷ'യാക്കി തീർക്കുന്ന ദയനീയസ്ഥിതി ഏതൊരു മഹാമനസ്കനെയാണ് വേദനിപ്പിക്കാതിരിക്കുക ? ഭാരതത്തെയും ഭാരതീയരെയും പറ്റി ചിന്തിക്കുമ്പോൾ സംസ്കൃതം മുന്നിട്ട് നില്ക്കുന്നു എന്ന വസ്തുത നാം ഓർക്കണം. സംസ്കൃതം അവഗണിക്കപ്പെട്ടാൽ ഭാരതത്തിന്റേതായ എല്ലാം അവഗണിക്കപ്പെടും. കഴിഞ്ഞതവണ ഗുരുവായൂരിൽവച്ച് കാണാൻഭാഗ്യമുണ്ടായപ്പോഴും ശ്രീ വടക്കുംകൂർ തിരുമേനി ഇക്കാര്യങ്ങൾ ആവർത്തിച്ചു പറയുകയുണ്ടായി. ഭാരതീയധർമ്മത്തിന്റെ നവോത്ഥാനത്തിന് മൂന്ന് ഉപായങ്ങളാണ് അദ്ദേഹം നിർദ്ദേശിച്ചത്.- (1) ക്ഷേത്രങ്ങളുടെയും ധർമ്മസ്ഥാപനങ്ങളുടെയും ഉദ്ധാരണം. (2) ശാസ്ത്രങ്ങളുടെ ഉദ്ധാരണം. (3) സംസ്കൃതത്തിന്റെ ഉദ്ധാരണം.

ഈയിടെ 'ഭാരതീയ ശാസ്ത്രങ്ങളുടെ പ്രത്യേകതകൾ' എന്ന ശീർഷകത്തിൽ ശ്രീ വടക്കുംകൂർ എഴുതിയ ലേഖനത്തിലും ഈ വസ്തുതകൾ സമഗ്രമായി ഉൾക്കൊള്ളിച്ചിരുന്നു. ഭാരതീയ ജീവിതാദർശങ്ങളുടെ മൂർത്തിമാനായ ആ തപോധനന്റെ അസംഖ്യം അമൂല്യകൃതികൾ അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ ശേഖരിച്ച് പുനപ്രസാധനം ചെയ്യേണ്ടത് ഇക്കാലത്തേക്ക് പ്രത്യേകിച്ചും അത്യന്താവശ്യമാണ്. സാമൂഹികവും രാഷ്ട്രീയവുമായ ക്ഷേമൈശ്വര്യങ്ങളും നന്മയും ആഗ്രഹിക്കുന്നവർ അത് നിർവ്വഹിക്കുവാൻ മുന്നോട്ട് വരട്ടെ. കൂടാതെ ഭാരതാദി പൗരാണിക ഗ്രന്ഥങ്ങൾ ശ്രീ വടക്കുംകൂർ തിരുമേനിയുടെ പരിശോധനയിലും മേൽനോട്ടത്തിലും പരിഷ്കരിച്ചു പ്രസിദ്ധപ്പെടുത്താൻ സർക്കാർ സ്ഥാപനങ്ങളും സാഹിത്യസ്ഥാപനങ്ങളും സത്വരമായി ശ്രമിക്കുമെങ്കിൽ അത് നാടിനും സമുദായത്തിനും നന്മവിളയിക്കും. അതിനെല്ലാവർക്കും സന്മനസ്സുണ്ടാകുവാൻ പ്രാർത്ഥിച്ചുകൊണ്ട് മേൽപറഞ്ഞ ലേഖനത്തിൽ ശ്രീ വടക്കുംകൂർ രാജരാജവർമ്മരാജ ഭാരതത്തെപ്പറ്റി ഓർമ്മിപ്പിക്കുന്ന ഒന്നു രണ്ടു സംഗതികൾകൂടി ഉദ്ധരിച്ചുകൊണ്ട് ഇതിവിടെ ഉപസംഹരിക്കാം:

"കേവലം രാജചരിത പ്രതിപാദകമായ ഇതിഹാസമല്ല മഹാഭാരതം. അതിൽ ധർമ്മത്തെയും ആത്മജ്ഞാനത്തെയും ഭക്തിയെയും സമ്പൂർണ്ണമായ നിലയിൽ ഇണക്കിയിട്ടുള്ള ധർമ്മത്തിന്റെ പ്രതിനിധിയായി യുധിഷ്ഠിരനെ കല്പിച്ചിരിക്കുന്നു. ഭാരതത്തിന്റെ ജീവനാഡിയായ ശ്രീകൃഷ്ണൻ ഈശ്വരന്റെ അവതാരമാണ്. ഭക്തിയുടെയും ജ്ഞാനത്തിന്റെയും

മൂർത്തികളാണ് ഭീഷ്മാദികൾ. ധർമ്മാധർമ്മങ്ങളുടെ സമരത്തിൽ ഏതിനു വിജയം കിട്ടുന്നു എന്നതാണ്, ഭാരതം പഠിപ്പിക്കുന്ന പാഠങ്ങളിൽ മുഖ്യം. ധർമ്മാദിബന്ധത്തെ വിസ്മരിച്ച് രാഷ്ട്രപരമായ ഇതിഹാസമാണ് ഭാരതം എന്നു ചിലർ പറയുന്നു. അവരുടെ അഭിപ്രായം ശുഷ്കവും ബാലിശവുമാണ്. ധർമ്മാദിതത്വ വിരഹിതമെന്നുവന്നാൽ കാശിനു കൊള്ളാത്തതും ദൂരെ വലിച്ചെറിയേണ്ടതും ആയ ഒരു ഗ്രന്ഥമാകും ഭാരതം. ലോകാചാര്യനായ മഹർഷി അങ്ങിനെ ഒരു ഗ്രന്ഥം നിർമ്മിക്കുക എന്ന പാഴ്വേലയ്ക്ക് ഒരുമ്പെടുമെന്നു എങ്ങിനെ വിശ്വസിക്കാം ? 'യതോധർമ്മസ്തതോ ജയ:' 'ദൈവമേവ ബലംമന്യേ' എന്നിങ്ങനെയുള്ള തത്വരത്നങ്ങളെ ഭാരതവേധസ്സ് എത്ര സന്ദർഭങ്ങളിൽ ആവർത്തിച്ചാവർത്തിച്ച് ഉപദേശിച്ചിട്ടുണ്ട് ?"

◆◆◆

# വർണ്ണാശ്രമധർമ്മം

"ഓം അസതോ മാ സദ് ഗമയ
തമസോ മാ ജോതിർഗമയ
മൃത്യോർ മാ അമൃതംഗമയ"

(ഹേ പരമാത്മൻ! അനിത്യമായ അസത്തിൽനിന്ന് നിത്യ സത്യത്തിലേക്ക് എന്നെ നയിച്ചനുഗ്രഹിക്കേണമേ. അജ്ഞാനാന്ധകാരത്തിൽ നിന്ന് ജ്ഞാനജ്യോതിസ്സിലേക്ക് എന്നെ നയിച്ച് അനുഗ്രഹിക്കേണമേ. മൃത്യുവിൽനിന്ന് അമൃതത്വലേയ്ക്ക് എന്നെ നയിച്ച് അനുഗ്രഹിക്കേണമേ)

കൃത, ത്രേത, ദ്വാപര, കലി എന്നീ ചതുര്യുഗത്തിലെ കൃതയുഗത്തിൽ മനുഷ്യർ സ്വാഭാവികമായും സത്യനിഷ്ഠരും തപസ്വികളുമായിരുന്നു. വേദം ( അറിവ്) നാദബ്രഹ്മ സ്വരൂപത്തിൽ പ്രകാശിച്ചിരുന്നു. ഈശ്വരന്റെ- വിരാട് പുരുഷന്റെ മഹദിച്ഛ പ്രകാരമുള്ള ജീവിതത്തിൽ ആശകൾക്കും നിരാശകൾക്കും സ്ഥാനമില്ല. സത്യസങ്കൽപ്പവും സാത്വികഭാവവുംകൊണ്ട് മനുഷ്യർ കൃതകൃത്യരായതിനാൽ കൃതയുഗം സത്യയുഗമെന്നും പറയപ്പെടുന്നു.

സത്വം രജസ്സ് തമസ്സ്- എന്നീ ത്രിഗുണാത്മികയാണ് പ്രകൃതി അഥവാ പ്രപഞ്ചം. അജ്ഞതയും ആലസ്യവും തമസ്സിന്റെയും,അഭിമാനവും അഹന്തയും രജസ്സിന്റെയും, അറിവും പ്രകാശവും സത്വഗുണത്തിന്റെയും ലക്ഷണമെന്ന് ചുരുക്കിപ്പറയാം. ഈ ത്രിഗുണങ്ങളിൽ ഏത് വിഭാഗത്തിലാണ് താൻ എന്ന് ജിജ്ഞാസുവായ ജീവന് തിരിച്ചറിയാൻ സാധിച്ചാൽ വർണ്ണാശ്രമഭാവങ്ങളും വേണ്ടവിധം ബോദ്ധ്യപ്പെടും. എൺപത്തിനാലുലക്ഷം ജീവിവർഗ്ഗങ്ങളിൽ വിവേകവും വൈരാഗ്യവും സ്വത: സിദ്ധമായ മനുഷ്യവർഗ്ഗത്തിനാണല്ലോ പ്രാമാണികത.

പതിനേഴ് ലക്ഷത്തി ഇരുപത്തിയെട്ടായിരം ദിവ്യസംവത്സരങ്ങളുള്ള കൃതയുഗത്തിൽ പ്രായേണ അന്തർമുഖരും സത്യനിഷ്ഠരുമായിരുന്ന മനുഷ്യരിൽ ത്രിഗുണങ്ങളുടെ ഏററക്കുറവുകളനുസരിച്ച് ബഹിർമുഖത വികസിക്കാൻ തുടങ്ങിയപ്പോൾ ത്രേതായുഗമായി. കർമ്മവാസനകൾ പഞ്ചേന്ദ്രിയങ്ങളിലൂടെ വികസിച്ചുവരുമ്പോൾ ആത്മവികാസം ലോപിക്കുമെന്നതും സ്വാഭാവികം. ഈ സന്ദർഭത്തിൽ ഏകാക്ഷരീ സ്വരൂപമായ

ചതുർവേദമായി പരിണമിച്ചതുപോലെ മാനവസമുദായ ജീവിതത്തെ നാലു വർണ്ണങ്ങളായും വ്യക്തിജീവിതത്തെ നാല് ആശ്രമങ്ങളായും സൃഷ്ടികർത്താവിന്റെ ദിവ്യസങ്കല്പപ്രകാരം 'വിരാട് പുരുഷൻ' സംവിധാനം ചെയ്തു.

വിരാട് പുരുഷനായ ഈശ്വരന്റെ മുഖത്തിൽ നിന്ന് ബ്രാഹ്മണരും, ബാഹുക്കളിൽനിന്ന് ക്ഷത്രിയരും, ഊരുക്കളിൽ നിന്ന് വൈശ്യരും, പാദങ്ങളിൽ നിന്ന് ശൂദ്രരുമാകുന്ന നാല് വർണ്ണങ്ങൾ അവരുടെ ധർമ്മങ്ങളോടെ ഭവിച്ചു. അതുപോലെ വിരാട് പുരുഷന്റെ ഹൃദയത്തിൽ നിന്ന് ബ്രഹ്മചര്യവും അരയിൽനിന്ന് ഗാർഹസ്ഥ്യവും മാറിടത്തിൽനിന്ന് വാനപ്രസ്ഥവും ശിരസ്സിൽനിന്ന് സന്ന്യാസവുമാകുന്ന നാലാശ്രമങ്ങളുമുണ്ടായി.

ബ്രാഹ്മണോ/സ്യ മുഖമാസിദ്
ബാഹുരാജന്യ: കൃത:
ഊരു തദസ്യ യദ്വൈശ്യ:
പദ്ഭ്യാം ശൂദ്രോ അജായത

(പുരുഷസൂക്തം)

നാല് വർണ്ണങ്ങളിലും ത്രിഗുണങ്ങളുടെ ചേർച്ച ഉണ്ടെങ്കിലും സത്വഗുണപ്രധാനൻ ബ്രാഹ്മണനുംസ രജോഗുണപ്രധാനൻ ക്ഷത്രിയനും, രജസ്തമോഗുണപ്രധാനൻ വൈശ്യനും, തമോഗുണപ്രധാനൻ ശൂദ്രനും ആയിരിക്കും. സ്വധർമ്മംചരണത്തിലൂടെ പരമപുരുഷാർത്ഥം പ്രാപിക്കുന്നതിനുള്ള സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ട്. നാല് വർണ്ണങ്ങളും അതതിന്റെ കർത്തവ്യകർമ്മങ്ങൾ, സനാതന ധർമ്മ ലക്ഷ്യബോധപൂർവ്വം ആചരിച്ചാൽ ധർമ്മവും രാജ്യവും സുരക്ഷിതമായി അഭിവൃദ്ധി പ്രാപിക്കുമെന്ന് ധർമ്മശാസ്ത്രം പറയുന്നു. അതിനാൽ സൃഷ്ടികർത്താവായ ബ്രഹ്മാവ് നാലു വർണ്ണങ്ങളോടായി അരുൾ ചെയ്തു:- ശരീരാംഗങ്ങളെപ്പോലെ അവരവരുടെ കർമ്മങ്ങൾ ചെയ്തുകൊണ്ട് പരസ്പര രക്ഷകരായി ഭവിക്കുവിൻ. ജ്ഞാനേന്ദ്രിയ പ്രധാനമായ ശിരസ്സ്, ബലപ്രധാനമായ ഭുജങ്ങൾ, ദേശാടനോപാർജ്ജന പ്രധാനമായ ഊരുക്കൾ, സേവനതൽപരമായ പാദങ്ങൾ എന്നിവ ശരീരത്തിൽ പരസ്പരാശ്രയമായിരിക്കുന്നത് പോലെ നിങ്ങൾ ഈ വിരാട് സമുദായ ഗാത്രത്തെ രക്ഷിക്കുവിൻ.

പന്ത്രണ്ട് ലക്ഷത്തി തൊണ്ണൂററി ആറായിരം ദിവ്യവത്സരങ്ങളുള്ള ത്രേതായുഗം കഴിഞ്ഞ്, എട്ടുലക്ഷത്തി അറുപത്തിനാലായിരം ദിവ്യവർഷങ്ങളുടേതായ ദ്വാപരയുഗത്തിന്റെ അന്തിമഘട്ടത്തിൽ ഗീതോപദേശ രൂപത്തിൽ ഭഗവാൻ നൽകിയ ദിവ്യസന്ദേശത്തിൽ-

ചാതുർവർണ്ണ്യം മയാസൃഷ്ടം
ഗുണകർമ്മ വിഭാഗശ:
തസ്യകർത്താരമപി മാം
വിദ്ധ്യ/കർത്താരമവ്യയം

(ഗീത 4-13)

(ഗുണകർമ്മങ്ങളുടെ സ്വഭാവമനുസരിച്ച് ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രരെന്ന നാലു വർണ്ണങ്ങൾ എന്നാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതിന്റെ കർത്താവാണെങ്കിലും വികാരരഹിതനായ എന്നെ കർത്തൃത്വമില്ലാത്തവനെന്നറിഞ്ഞാലും.)

ഇതിൽ 'ഗുണകർമ്മവിഭാഗശ:' എന്ന വാക്യം പ്രത്യേകം അടിവരയിട്ട് മനനംചെയ്യേണ്ടതാണ്. ഭഗവത്ഗീതയിലെ ഗുണത്രയവിഭാഗയോഗം, ശ്രദ്ധാത്രയ വിഭാഗയോഗം, ദൈവാസുര സമ്പദ്വിഭാഗയോഗം, മോക്ഷസന്ന്യാസയോഗം തുടങ്ങിയ അദ്ധ്യായങ്ങളിൽ എല്ലാവർക്കും വേണ്ടവിധം ഗ്രഹിക്കാനാവുന്ന മട്ടിൽ ഭഗവാൻ ഗുണകർമ്മ വർണ്ണതത്വം ഉൽബോധിപ്പിച്ചിരിക്കുന്നു. സ്വഭാവവും സ്വധർമ്മവുമനുസരിച്ചുള്ള കർമ്മങ്ങളെ പൊതുവായ സനാതന ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ മാനവരാശിയുടെ ഉന്നമനത്തിനും വ്യക്തികളുടെ ക്ഷേമത്തിനും ഉതകുംവിധം സംവിധാനം ചെയ്തിരിക്കുന്നു. ദൈവീ സൃഷ്ടിയിൽ ഒരു വർണ്ണമേ ഉള്ളൂ- വെള്ളയെന്ന സാത്വികം. അതുതന്നെ വെളുപ്പ്, ചുവപ്പ്, കറുപ്പ് എന്നീ ത്രിവർണ്ണങ്ങളായി. പ്രകൃതി മനുഷ്യസൃഷ്ടിയിൽ ഈ മൂന്ന് വർണ്ണങ്ങളെക്കൊണ്ട് പല നിറഭേദങ്ങളുണ്ടാക്കി രസിക്കുന്നു.! "സത്യം, ദാനം, ക്ഷമ, സദാചാരം, ശാന്തി, തപസ്സ്, ദയ, ജീവകാരുണ്യം ഈവക ഗുണങ്ങൾ ആരിൽ കാണുന്നുവോ അയാൾ ബ്രാഹ്മണനാണെന്ന് പറയപ്പെടുന്നു. ഈ ലക്ഷണങ്ങൾ ഒരു ശൂദ്രനിൽ ഉണ്ടായിരിക്കുകയും ഒരു ബ്രാഹ്മണനിൽ ഉണ്ടാകാതിരിക്കുകയും ചെയ്താൽ ആ ശൂദ്രൻ ശൂദ്രനുമല്ല ബ്രാഹ്മണൻ ബ്രാഹ്മണനുമല്ല" എന്ന് മഹാഭാരതം (വനപർവ്വം 180 - 21, 25, 26) പറയുന്നു.

ഏതൊരു വർണ്ണത്തിൽപ്പെട്ട ബ്രഹ്മജ്ഞാനിയെയും ബ്രാഹ്മണനെന്ന് പറഞ്ഞിരുന്നു. മാത്രമല്ല ആദ്ധ്യാത്മിക തലത്തിൽ ബ്രഹ്മജ്ഞാനിയാണ് ബ്രാഹ്മണൻ എന്നു 'വജ്രസൂചികോപനിഷത്ത്' തുടങ്ങിയ ഗ്രന്ഥങ്ങളിൽ സുവിദിതമാക്കിയിട്ടുണ്ട്.

ത്രിഗുണങ്ങളുടെ ഏററക്കുറവുകളനുസരിച്ച്, കർമ്മനിരതരായ മനുഷ്യസമൂഹത്തെ പൊതുവായി ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രരെന്ന നാലു വർണ്ണ സമുദായങ്ങളായി സംവിധാനമുണ്ടാക്കിയ വിധത്തിൽ വ്യ

ക്തികളുടെ സംസ്കാരോന്നതിക്കും ലക്ഷ്യപ്രാപ്തിക്കുമായി ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നീ നാലാശ്രമ വ്യവസ്ഥയുമുണ്ടായി.

## 1. ബ്രഹ്മചര്യാശ്രമം

ജീവന്റെ ഊർദ്ധ്വഗതിക്കുള്ള ഉത്തമ ഉപാധിയാണ് മനുഷ്യ ശരീരം. ഉപാധിഗതനായ ജീവാത്മാവിനെ പൂർവ്വകർമ്മ വാസനകളും തെററിദ്ധാരണകളും ആവരണം ചെയ്തിരിക്കുകയാണ്. ഈ വിക്ഷേപാവരണങ്ങൾ നീങ്ങിയാലേ നേരായ വഴിക്ക് ജീവിതം നയിച്ച് ജന്മ സാഫല്യം നേടാൻ പററൂ. നാലായി വിഭജിച്ചിരിക്കുന്ന മനുഷ്യന്റെ ആയുഷ്കാലത്തിന്റെ പ്രഥമ ഘട്ടമായ ശൈശവം, ബാല്യം, കൗമാരം, യൗവ്വനത്തിന്റെ അർദ്ധഭാഗം എന്നീ അവസ്ഥകളിൽ ശൈശവം മാതാപിതാക്കളുടെ സംരക്ഷണയിൽ വളരണം. പിന്നീട് യൗവ്വനാരംഭംവരെ അറിവും അനുഭവവുമുള്ള ആചാര്യന്റെ സവിധത്തിൽ (ഗുരുകുലത്തിൽ) വിദ്യാർത്ഥിജീവിതം നയിക്കണം. വേദാരംഭം, ഉപനയനം, സമാവർത്തനം എന്നീ സംസ്കാരങ്ങളാൽ ഉറപ്പും ഉത്തേജനവും നൽകപ്പെട്ട ബ്രഹ്മചര്യാശ്രമത്തിൽ വച്ച് തന്നെ ഒരാൾ ലൗകികവും, ആദ്ധ്യാത്മികവുമായ എല്ലാ വിദ്യകളും അഭ്യസിക്കണമെന്നുണ്ട്. ഗുണകർമ്മ സ്വഭാവങ്ങളനുസരിച്ച് ഓരോരുത്തർക്കും പാഠ്യവിഷയങ്ങളിൽ മുൻഗണനയുണ്ടായിരിക്കും. ഈശ്വരോപാസനയും സാംഗോപാംഗവേദപഠനവും കൊണ്ട് ജീവിതലക്ഷ്യം ഗ്രഹിക്കുന്ന ബ്രഹ്മചാരി തുടർന്ന് നയിക്കേണ്ടതായ ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥാശ്രമം, സന്യാസാശ്രമം എന്നിവയെപ്പററിയും ബോധവാനാവുന്നു.

ഭാഷ, സാഹിത്യം, മന:ശ്ശാസ്ത്രം, സാമൂഹ്യശാസ്ത്രം, കുടുംബസംവിധാനം, രാജ്യതന്ത്രം, കൃഷി, പശുപരിപാലനം, ഗൃഹനിർമ്മാണം, യജ്ഞദാനാദി കർമ്മങ്ങൾ, ആയോധനവിദ്യ, ത്യാഗം, യോഗം, ധ്യാനം മുതലായവ ബ്രഹ്മചാരി പാകതയനുസരിച്ച് അഭ്യസിക്കണം. നാനാവഴിക്ക് ആകർഷിക്കുന്ന വിഷയവാസനകളിൽനിന്ന് ഇന്ദ്രിയങ്ങളെയും മനസ്സിനെയും നിയന്ത്രിച്ച് ജീവിക്കുവാൻ ബ്രഹ്മചാരി ബദ്ധശ്രദ്ധനായിരിക്കണം. കാത്, കണ്ണ്, ത്വക്ക്, നാക്ക്, മൂക്ക് എന്നീ ജ്ഞാനേന്ദ്രിയങ്ങളും; ഗുദം, ഉപസ്ഥം, കൈ, കാൽ, വാക്ക് എന്നീ കർമ്മേന്ദ്രിയങ്ങളും മനസ്സും ഉൾപ്പെട്ട തന്റെ പതിനൊന്ന് ഇന്ദ്രിയങ്ങളെയും സദ്ധർമ്മപഠനവും പരിശീലനവുംമൂലം ബ്രഹ്മചാരി സ്വാധീനമാക്കിയിരിക്കണം.

മാതാപിതാക്കൾ, വയോവൃദ്ധർ, ജ്ഞാനവൃദ്ധർ തുടങ്ങിയവരെ യഥായോഗ്യം ശുശ്രൂഷിച്ച് അവരുടെ അനുഗ്രഹത്തിന് പാത്രമാവുക. ആചാ

ര്യന്മാർ, സന്യാസിമാർ എന്നിവരെ നിത്യേന നമസ്കരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക, തന്നെക്കാൾ ജീവിതാനുഭവങ്ങൾ ഉള്ളവരെയും അതിഥികളെയും ആദരിക്കുക, വിനയപൂർവ്വം പെരുമാറുക, ഗുരുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ എഴുന്നേററ് നിന്ന് മര്യാദകാട്ടുക. അഭ്യസ്തവിദ്യനെന്ന ഗർവ്വില്ലാതെ എല്ലാവരോടും സൗമ്യമായി പെരുമാറുക ഇവയെല്ലാം ഒരു വിദ്യാർത്ഥിയുടെ സാമാന്യ കർത്തവ്യമാണ്. അനുസരിക്കാൻ ശീലിച്ചവന് ആജ്ഞാശക്തി സ്വയമേവ സിദ്ധിച്ചുകൊള്ളും. ദൈനംദിന ജീവിതത്തിൽ സന്ധ്യാവന്ദനം, അഗ്നിഹോത്രം, വാസസ്ഥലശുദ്ധീകരണം, പാചകം തുടങ്ങിയ പ്രവൃത്തികളെല്ലാം അടുക്കും ചിട്ടയും അനുസരിച്ച് സസന്തോഷം ചെയ്യാനുള്ള ഉത്സാഹവും തന്റേടവും ഓരോ ബ്രഹ്മചാരിക്കും ഉണ്ടായിരിക്കണം.

ആചാരഹീനം ന പുനന്തി വേദാ:
യദ്യപ്യധീതാ: സഹഷഡ്ഭിരംഗൈ:

ഷഡംഗങ്ങളോടുകൂടി വേദാഭ്യാസം ചെയ്താൽകൂടി സദാചാരമില്ലാത്തവനെ വേദങ്ങൾ പരിശുദ്ധനാക്കുകയില്ലെന്ന് സ്മൃതികളും വ്യക്തമാക്കിയിട്ടുണ്ട്.

താനികൽപ്പദ് ബ്രഹ്മചാരി
സലിലസ്യ പൃഷ്ടേ
തപോƒതിഷ്ഠത്തപ്യമാന:
സമുദ്രേ സസ്നാതോബഭ്രു:
പങ്കില: പൃഥിവ്യാം ബഹുരോചതേ
( അഥർവ്വവേദം 11-5-26)

(സാഗരതുല്യം ഗംഭീരവും സർവ്വോത്തമ വ്രതവുമായ ബ്രഹ്മചര്യാശ്രമത്തിൽ തപ:ശുദ്ധിയും വേദാദ്ധ്യയനവും ഇന്ദ്രിയ നിയന്ത്രണവും ആചാര്യാനുഗ്രഹവും നേടി പൂർണ്ണവിദ്യാധരനായ സ്നാതകൻ ജീവിതായോധനത്തിന് ഒരുങ്ങിക്കഴിഞ്ഞു. തനിക്കെന്നപോലെ മററുള്ളവർക്കും പ്രകാശമാനമായിരിക്കും ആ ധന്യജീവിതം. ശുഭകരമായ സദ്സ്വഭാവത്താലും ധർമ്മനിഷ്ഠമായ ഗുണകർമ്മങ്ങളാലും ധന്യനായ ബ്രഹ്മചാരി ഭൂമിയെ പ്രശോഭനമാക്കിത്തീർക്കും)

വിദ്യാഭ്യാസം പൂർത്തിയായെങ്കിലും ബ്രഹ്മചര്യവ്രതം തുടരുന്ന ബിരുദധാരി 'വിദ്യാസ്നാതകൻ' എന്നും ബ്രഹ്മചര്യവ്രതം പൂർത്തിയായിട്ടും വിദ്യാഭ്യാസം തുടരുന്നവൻ 'വ്രതസ്നാതകൻ' എന്നും, വിദ്യയിലും ബ്രഹ്മചര്യത്തിലും പൂർണ്ണതനേടിയവൻ 'വിദ്യാവ്രത സ്നാതകൻ'

എന്നും അറിയപ്പെട്ടിരുന്നു. തന്റെ പരിജ്ഞാനത്തിനും മന:പാകതയ്ക്കുമനുസരിച്ച് ഒരു ബ്രഹ്മചാരിക്ക് ഗൃഹസ്ഥാശ്രമമോ വാനപ്രസ്ഥ- സന്യാസാശ്രമങ്ങളോ സ്വീകരിക്കാം. അവർ യഥാക്രമം 'ഉപകുർവ്വാണൻ' 'നൈഷ്ഠിക' എന്നീ സംജ്ഞകളിൽ അറിയപ്പെട്ടിരുന്നു. ഗുരുകുലവാസം അഥവാ ബ്രഹ്മചര്യാശ്രമം പൂർത്തിയാവുമ്പോൾ നടത്തപ്പെടുന്ന സമാവർത്തന സംസ്കാരത്തിൽ ഈശ്വരോപാസനം, ഗുരുദക്ഷിണ, ധർമ്മോപദേശം (ബിരുദദാന പ്രസംഗം) മുതലായ ചടങ്ങുകൾ അത്യന്തം ശ്രദ്ധേയമാണ്.

## 2. ഗൃഹസ്ഥാശ്രമം

ജീവിതത്തിന്റെ രണ്ടാംഘട്ടമായ ഗൃഹസ്ഥാശ്രമത്തിൽ വിധിപ്രകാരമുള്ള വിവാഹസംസ്കാരത്തോടു കൂടി പ്രവേശിക്കുന്നു. മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും എന്താണെന്ന് സുശിക്ഷിത ബ്രഹ്മചര്യാശ്രമത്തിൽ അറിഞ്ഞു കഴിഞ്ഞ ദമ്പതികൾക്ക് കുടുംബജീവിതം ശോഭനമായിരിക്കും. അതില്ലാത്തവർക്ക് ജീവിത പ്രശ്നങ്ങൾ ഒഴിഞ്ഞ സമയം ഉണ്ടാവില്ല. ഭാര്യയും ഭർത്താവും മുഴുമനസ്സോടെ ധർമ്മം ആചരിച്ചാലേ ഗാർഹസ്ഥ്യം 'ഗൃഹസ്ഥാശ്രമം' ആവൂ. ഒരു വടവൃക്ഷം എങ്ങനെ അതിന്റെ ചുവട്ടിൽ വിശ്രമിക്കുന്നവർക്കെല്ലാം ആശ്വാസം നൽകി സമാധാനിപ്പിക്കുന്നുവോ അതുപോലെ മററു ആശ്രമികൾക്കെല്ലാം താങ്ങും തണലുമേകുന്നതായിരിക്കണം ഗൃഹസ്ഥാശ്രമം. ജീവന് ജന്മജന്മാന്തരങ്ങളായി നാനാവിധ ഋണബാദ്ധ്യതകൾ ഉണ്ടായിരിക്കും. അവയെല്ലാം ഗൃഹസ്ഥാശ്രമത്തിൽ ഈശ്വരാർപ്പണബുദ്ധ്യാ ചെയ്തു തീർക്കണം. ഇന്ദ്രിയാകർഷകങ്ങളായ വിഷയഭോഗങ്ങളാലല്ല, ഈശ്വരോന്മുഖമായ ധർമ്മാചരണത്തിലാണ് യഥാർത്ഥ സുഖമെന്ന് സ്വാനുഭവപ്പെടുത്താൻ സാധിച്ചാൽ അതാണ് ഗൃഹസ്ഥാശ്രമം. കർത്തവ്യകർമ്മങ്ങൾ നിരഹങ്കാരനായി നേരെ ചൊവ്വെ ചെയ്താൽ തന്നോടും തന്റെ പൂർവ്വികരോടും കുടുംബത്തോടും ബന്ധുമിത്രാദികളോടും സമുദായത്തോടും രാജ്യത്തോടുമുള്ള കടപ്പാടുകൾ വീട്ടാവുന്നതാണ്.

യഥാ വായും സമാശ്രിത്യ
വർത്തന്തേ സർവ്വജന്തവ:
തഥാ ഗൃഹസ്ഥമാശ്രിത്യ
വർത്തന്തേ സർവ്വ ആശ്രമാ :

(സമസ്ത ജന്തുക്കളും വായുവിനെ ആശ്രയിച്ചു വർത്തിക്കുന്നതുപോലെ ഇതര ആശ്രമങ്ങൾ ഗൃഹസ്ഥനെ ആശ്രയിച്ചിരിക്കുന്നു.) എന്നു ധർമ്മശാ

സ്ത്രം. അതായത്, കുടുംബജീവിതം ധർമ്മനിഷ്ഠമായിരുന്നാൽ ബ്രഹ്മചാരി, വാനപ്രസ്ഥി, സന്ന്യാസി എന്നീ ആശ്രമാംഗങ്ങളും വേണ്ടവിധം പരിപോഷിപ്പിക്കപ്പെടുന്നതാണ്. വീടും നാടും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വീടുകളിൽ ധർമ്മവും സമാധാനവും സംതൃപ്തിയും നിലനിൽക്കുമെങ്കിൽ അത് സമൂഹജീവിതത്തിലും പ്രതിഫലിക്കും. ഇതിന് അവരവരുടെ കർത്തവ്യങ്ങളെ വേണ്ടവിധം ചെയ്യുന്നതോടൊപ്പം മററുള്ളവരുടെ അവകാശം രക്ഷിക്കുകയും വേണം.

കോടാനുകോടി ഉപാധികളിലൂടെ ജനനമരണ വ്യവഹാര സാമ്രാജ്യമാകുന്ന ഈ പ്രപഞ്ചത്തിലേക്കു വന്ന മനുഷ്യരുൾപ്പെടെ സമസ്ത ജീവരാശികളും ദു:ഖമല്ല, സുഖമാണാശിക്കുക. സുഖദു:ഖങ്ങളുടെ ഇരിപ്പിടം കർമ്മവാസനകൾ നിറഞ്ഞ അന്ത:കരണമാണ്. പ്രാരംഭവിഷമങ്ങൾ സഹിച്ചുകൊണ്ട് സൽക്കർമ്മം ചെയ്യുമ്പോൾ ധർമ്മത്തിൽ അഭിരുചിയുണ്ടാവും. തുടർന്നുളവാകുന്ന യോഗ-ഭക്തി-ജ്ഞാനങ്ങൾ വിവേകവൈരാഗ്യങ്ങൾ മുഖേന പരസ്പരധാരണയോടെ സമാധാനപൂർവ്വം അടുത്ത ആശ്രമത്തിലേക്കു നയിക്കപ്പെടും.

മനുഷ്യോപാധിഗതനായ ജീവനെ യജ്ഞമായ, ത്യാഗമായ സൽക്കർമ്മങ്ങളെക്കൊണ്ട് ഊർദ്ധ്വഗതിക്കു നയിക്കുന്ന പ്രധാനപ്പെട്ട ഷോഡശ സംസ്കാരങ്ങളും 'പഞ്ചമഹായജ്ഞ' മെന്ന നിത്യകർമ്മങ്ങളും മററു നൈമിത്തിക കർമ്മങ്ങളും യഥാവിധി ഗൃഹസ്ഥാശ്രമത്തിൽ അനുഷ്ഠിക്കപ്പെടണമെന്നു ധർമ്മശാസ്ത്രം അനുശാസിക്കുന്നു.

ബ്രഹ്മചര്യാശ്രമശേഷം യഥാവിധി വിവാഹിതരാവുന്ന ദമ്പതികൾ സത്സന്താനത്തിനുവേണ്ടി നിർദ്ദിഷ്ട വ്രതാനുഷ്ഠാനത്തോടുകൂടി നിർവ്വഹിക്കുന്ന ഗർഭാധാന സംസ്കാരം;

ഗർഭവതിയായ ഭാര്യയുടെ ഗർഭസ്ഥനായ ജീവാത്മാവിന്റെ സ്ഥിരീകരണവും സുരക്ഷിതത്വവും ഉദ്ദേശിച്ച് ഭാര്യയും ഭാര്യയോടൊപ്പം ഭർത്താവും ചേർന്ന് അനുഷ്ഠിക്കുന്ന പുംസവനസംസ്കാരം;

ഗർഭസ്ഥശിശുവിന്റെ നാലാം മാസത്തിലോ ആറാം മാസത്തിലോ അനുഷ്ഠിക്കപ്പെടുന്ന സീമന്തോന്നയന സംസ്കാരം;

ജനിച്ച ശിശുവിന്റെ നാവിൽ മന്ത്ര ബദ്ധമായ ഓം എഴുതുന്നമാതിരി ചടങ്ങ് നടത്തിക്കൊണ്ട് പൊക്കിൾക്കൊടി ഖണ്ഡിക്കുന്ന ജാതകർമ്മസംസ്കാരം;

ശിശുവിന് നാല് മാസമാവുമ്പോൾ ഗൃഹാന്തർഭാഗത്തു നിന്ന് പുറത്തേക്ക് കൊണ്ടുവന്ന് പ്രാത:കാലത്ത് സൂര്യരശ്മിയും സന്ധ്യാസമയത്ത് ചന്ദ്രികപ്രകാശവും ഉൾക്കൊള്ളിക്കുന്ന നിഷ്ക്രമണ സംസ്കാരം;

ജനനശേഷം 11-ാം ദിവസത്തിലെ 101-ാം ദിവസത്തിലോ ശിശു

വിന് പേര് വിളിക്കുന്ന നാമകരണ സംസ്കാരം;

ശിശുവിന്റെ ആറാം മാസത്തിലോ ജന്മതിഥി നാളിൽ ചോറൂണ് നടത്തുന്ന അന്നപ്രാശന സംസ്കാരം;

കുഞ്ഞിന്റെ മൂന്നാം വയസ്സിൽ ഉത്തരായണ കാലത്തെ ശുക്ലപക്ഷത്തിൽ തല മുണ്ഡനം ചെയ്യുന്ന ചൂഢാകർമ്മ സംസ്കാരം;

കുട്ടിക്ക് 5 വയസ്സ് തികഞ്ഞ ശേഷം 12 വയസ്സിനകം ധർമ്മകർമ്മാനുഷ്ഠാനത്തിനുള്ള അർഹത അഭിവ്യജ്ഞിപ്പിക്കുന്ന യജ്ഞോപവീത ധാരണവും 'ഗായത്രീ' മന്ത്രോപദേശവും നൽകുന്ന ഉപനയന സംസ്കാരം;

ഉപനയനാനന്തരം അടുത്ത ദിവസമോ, ഒരു വർഷത്തിനകമായോ ഗുരുസന്നിധിയിൽ വസിച്ചുകൊണ്ട് വിദ്യ അഭ്യസിക്കുന്നതിന് നടത്തുന്ന വേദാരംഭസംസ്കാരം;

വിദ്യാഭ്യാസം പൂർത്തിയാക്കി, ഒരു ശുഭ മുഹൂർത്തത്തിൽ ഗുരുദക്ഷിണ സമർപ്പിച്ച് ഗുരുവിന്റെ ആശീർവാദോപദേശപൂർവ്വം സ്വഗൃഹത്തിലേയ്ക്കു മടങ്ങുന്ന സമാവർത്തന സംസ്കാരം;

സത്സന്താനലാഭത്തിനു വേണ്ടി സ്വധർമ്മഗുണങ്ങൾക്കനുയോജ്യയായ കന്യകയെ വേൾക്കുന്ന വിവാഹസംസ്കാരം;

പുരുഷാർത്ഥപ്രാപ്തിയ്ക്കു വേണ്ടി സ്വീകരിക്കുന്ന ഗൃഹസ്ഥാശ്രമ ജീവിതാരംഭത്തിൽ പതിപത്നിമാർ ചേർന്നു നടത്തുന്ന ഗാർഹപത്യസംസ്കാരം;

മക്കൾ പ്രായമെത്തി സ്വയം പ്രാപ്തരായാൽ, പുരുഷായുസ്സിന്റെ തൃതീയ ഘട്ടത്തിൽ കുടുംബബന്ധ ചുമതലകൾ അവരെ ഏൽപ്പിച്ചിട്ട് അടുത്ത ആശ്രമത്തിലേക്കു പ്രവേശിക്കുന്ന വാനപ്രസ്ഥ സംസ്കാരം;

ആയുഷ്കാലത്തിന്റെ നാലാം ഘട്ടത്തിൽ ഈശ്വര ശരണാഗത പ്രാണനായി, താനെന്നും തന്റേതെന്നുമുള്ളതെല്ലാം ത്യാഗം ചെയ്ത് ചതുരാർത്ഥാശ്രമത്തിൽ പ്രവേശിക്കുന്ന സന്ന്യാസസംസ്കാരം;

ശരീരത്തിൽ നിന്നു ജീവൻ ബഹിർഗമിച്ചാൽ ആ മൃതദേഹത്തെ വിധിപ്രകാരം ചിതകൂട്ടി അഗ്നിയിൽ ദഹിപ്പിക്കുന്ന അന്ത്യേഷ്ടി സംസ്കാരം; ഇവയാണ് ഷോഡശസംസ്ക്കാരങ്ങൾ. സ്മൃതികളിൽ കൂടുതൽ സംസ്കാര കർമ്മങ്ങൾ വിധിച്ചിട്ടുണ്ട്. വേദസിദ്ധാന്തങ്ങൾക്ക് അനുയോജ്യവും ദേശകാലാനുസരണം അനുഷ്ഠിക്കാവുന്നതുമാണ് ശ്രുതി പ്രോക്തം.

ഗൃഹസ്ഥാശ്രമികൾ അനുഷ്ഠിക്കേണ്ടുന്ന നിത്യകർമ്മങ്ങളിൽ പ്രധാനം പഞ്ചമഹായജ്ഞങ്ങൾ:-

## 1. ബ്രഹ്മയജ്ഞം

ബ്രഹ്മ മുഹൂർത്തത്തിൽ എണീററ് ഈശ്വര പ്രാർത്ഥന, ജപം, ധ്യാനം, സ്വാദ്ധ്യായം (ആർഷഗ്രന്ഥങ്ങളിലൊന്ന്) ഒരു ഭാഗം വായിച്ച് മനനം ചെയ്യുക. ഇങ്ങനെ ഋഷിവചനങ്ങളെ മനനം ചെയ്യുന്നതിനാൽ ബ്രഹ്മയജ്ഞത്തെ ഋഷിയജ്ഞമെന്നും വിശേഷിപ്പിച്ചിരിക്കുന്നു.

## 2. ദേവയജ്ഞം

ഗൃഹങ്ങളിൽ നടത്തപ്പെടുന്ന അഗ്നിഹോത്രം. രാവിലെയും വൈകുന്നേരവും സാദ്ധ്യമല്ലെങ്കിൽ ഒരുനേരമെങ്കിലും അനുഷ്ഠിക്കണം.

## 3. പിതൃയജ്ഞം

മാതാപിതാക്കൾ, ഗുരുജനങ്ങൾ എന്നിവരെ ശ്രദ്ധാപൂർവ്വം ശുശ്രൂഷിക്കുന്നത് ശ്രാദ്ധം. ശരീരത്തിൽ ജീവിക്കുന്നവർക്ക് ശുശ്രൂഷകൊണ്ടും പുർവ്വികർക്ക് ശ്രാദ്ധകർമ്മം കൊണ്ടും ശ്രാദ്ധം നടത്താം. അവരെ തൃപ്തകരാക്കും വിധം ജലം അർപ്പിക്കുന്നതും പെരുമാറുന്നതും തർപ്പണ പ്രക്രിയയിൽ ഉൾപ്പെടും.

## 4. അതിഥിയജ്ഞം

മനുഷ്യയജ്ഞം, നൃയജ്ഞം എന്നീ പേരുകളിലും അറിയപ്പെടുന്നു. പരോപകാരികളും വിദ്വാന്മാരും ധർമ്മനിഷ്ഠരും വിഷയവിദഗ്ധരുമായ സജ്ജനങ്ങൾ ആകസ്മികമായി ഗൃഹത്തിൽ വരും. അവരെ ഗൃഹസ്ഥൻ യഥോചിതം സ്വീകരിച്ച് സൽക്കരിക്കണം. പേരിനും പെരുമയ്ക്കും വേണ്ടി ചെയ്യുന്ന സൽക്കാരങ്ങൾ അതിഥിയജ്ഞമാകുന്നില്ല.

## 5. ഭൂതയജ്ഞം

ഇതിനു ബലി വൈശ്വദേവയജ്ഞമെന്നും പേരുണ്ട്. പതിതർ, രോഗാതുരർ, ത്രിവിധതാപങ്ങളാൽ ഉഴലുന്നവർ തുടങ്ങിയവരെ യഥാശക്തി സഹായിക്കുന്നതും ഗോപരിപാലനവും മറ്റും ഭൂതയജ്ഞത്തിൽപ്പെടുന്നു. ഇതുകൂടാതെ പരോപകരപ്രദവും ധർമ്മസംസ്ഥാപനപരവുമായ വൃത്തികളെ "നൈമിത്തികകർമ്മം" എന്നു പറയുന്നു. ഈ വിധം തന്റെ ഗുണകർമ്മങ്ങളെ-സാമാന്യധർമ്മത്തെ-യജ്ഞ (ത്യാഗമയം)മാക്കി മാററിയ ഗൃഹസ്ഥാശ്രമിക്ക് ജീവിതത്തിന്റെ മൂന്നാംഘട്ടത്തിൽ തികഞ്ഞ മനഃപ്ര

സാദത്തോടെ അനായാസം പ്രവേശിക്കുവാൻ സാധിക്കും.

### 3. വാനപ്രസ്ഥാശ്രമം

കുടുംബഭരണം നടത്താൻ സന്താനങ്ങളെ ഏൽപ്പിച്ചിട്ട്, ഗൃഹസ്ഥാശ്രമം ത്യജിക്കുന്ന വാനപ്രസ്ഥാശ്രമി ആശ്രമങ്ങളിലോ ക്ഷേത്രപരിസരത്തോ വസിച്ചുകൊണ്ട് ആത്മാനാത്മവിവേകപൂർവ്വം സേവാധർമ്മമനുഷ്ഠിക്കാം. സന്താനങ്ങളില്ലെങ്കിൽ അടുത്ത അവകാശികളെ കുടുംബം ഏൽപിച്ചിട്ട് പോകാം. ഈശ്വരോപാസനം, ധർമ്മപ്രചാരം, സമുദായ സേവനം ഇത്യാദി കാര്യങ്ങളിൽ തന്റെ ജീവിതാനുഭവങ്ങളും കഴിവുകളും ഉപയോഗപ്പെടുത്താം. ത്രിവിധകരണങ്ങളെകൊണ്ടും ചെയ്യുന്നതെല്ലാം ഈശ്വരാർപ്പണഭാവത്തിലുള്ള ദിവ്യസാധനയായിരിക്കണം.

### 4. സന്ന്യാസാശ്രമം

എല്ലാവിധ കർമ്മങ്ങളും ലൗകിക ബന്ധങ്ങളും സന്ത്യജിച്ച് ബ്രഹ്മനിഷ്ഠനും ശ്രോത്രിയനുമായ മോക്ഷഗുരുവിൽനിന്ന് സന്ന്യാസം വരിക്കണം. സാധനാപൂർണ്ണതയും വിവേക വൈരാഗ്യങ്ങളും ഭക്തിജ്ഞാനങ്ങളുമാണ് സന്ന്യാസിക്ക് മുഖ്യം. ക്ഷണിക വൈരാഗ്യത്താൽ, സ്വകർത്തവ്യനിർവ്വഹണത്തിനുള്ള വൈമുഖ്യത്താൽ സന്ന്യാസം സ്വീകരിക്കുന്നത് ഉചിതമാവില്ല.

ഉണ്ണുക, ഉല്ലസിക്കുക, ഉല്പാദിപ്പിക്കുക, ഉറങ്ങുക എന്നീ ജന്തുസഹജമായ ഉദ്ദേശത്തിനല്ല ഈശ്വരൻ മനുഷ്യർക്ക് ബുദ്ധി, മനസ്സ്, ഇന്ദ്രിയങ്ങൾ, പ്രാണൻ എന്നിവയെ സൃഷ്ടിച്ചത്. ബുദ്ധി അറിവിന്റെയും മനസ്സ് ഭാവത്തിന്റെയും ദേഹേന്ദ്രിയങ്ങൾ കർമ്മത്തിന്റെയും ഉപകരണങ്ങളാണ്. ജീവന്റെ വാഹനമാണ് പ്രാണൻ. സൽക്കർമ്മങ്ങളെക്കൊണ്ടും ഭക്തിജ്ഞാനവൈരാഗ്യങ്ങളെക്കൊണ്ടും സംശുദ്ധമാകുന്ന ഈ ഉപകരണങ്ങൾ ധർമ്മനിഷ്ഠവും ഈശ്വരോന്മുഖവുമായിത്തീരും. താൻ ശരീരമാണെന്ന തോന്നൽ ബന്ധകാരണവും താൻ ആത്മാവാണെന്ന ബോധം മോക്ഷകാരണവുമാകുന്നു. ധർമ്മം- അർത്ഥം- കാമം-മോക്ഷം എന്നീ പുരുഷാർത്ഥങ്ങൾ മനുഷ്യജീവിതത്തിൽ സാധിച്ച് ജീവന്റെ പരമലക്ഷ്യം പ്രാപിക്കാനാണ് വർണ്ണാശ്രമധർമ്മങ്ങളുടെ സംവിധാനമുണ്ടായതെന്ന് നിഷ്കളങ്കബുദ്ധികൾക്ക് നിസ്സന്ദേഹം ബോദ്ധ്യപ്പെടുന്ന ധർമ്മതത്ത്വമാകുന്നു.

◆◆◆

# ശ്രീരാമനും ഭാരതദേശീയതയും

ആപദാമപഹർത്താരം
ദാതാരം സർവ്വസമ്പദാം
ലോകാഭിരാമം ശ്രീരാമം
ഭുയോഭുയോ നമാമ്യഹം
ആർത്താനാമാർത്തിഹന്താരം
ഭീതാനാം ഭീതിനാശനം
ദ്വിഷതാം കാലദണ്ഡം തം
രാമചന്ദ്രം നമാമ്യഹം.

ത്രേതായുഗത്തിൽ ഭാരതത്തിൽ അവതീർണ്ണനായ ശ്രീരാമൻ മാനവരാശിയുടെ ഉത്തമ ആദർശപുരുഷനാകുന്നു. ലൗകിക ദൃഷ്ട്യാ മനുഷ്യരിൽ വച്ച് മനുഷ്യോത്തമനും അലൗകിക ദൃഷ്ട്യാ ഈശ്വരാവതാര സ്വരൂപനുമാകുന്നു. ആ പുരുഷോത്തമൻ ഭൂജാതം ചെയ്ത ഭൂഖണ്ഡവും അത്രത്തോളം മഹനീയവും പവിത്രവുമായിരിക്കണമല്ലോ. സദാ മാറിമറിഞ്ഞ് കൊണ്ടിരിക്കുന്ന വിശ്വവൃത്തികൾക്കതീതമായി മാററമില്ലാത്ത നിശ്ചലമായ ഒരു സനാതന സത്യമുണ്ട്. ആ പാരമാർത്ഥിക സംസ്കാരത്തിന്റെ ഉറവിടമെന്ന നിലയിലാണ് ഭാരത ദേശീയതയുടെ മഹത്വം നിലകൊള്ളുന്നത്. പുരുഷോത്തമനായ ശ്രീരാമചന്ദ്രന്റെ മഹനീയ ചരിത്രവും ധർമ്മപ്രകാശ നിരതവുമായ ഭാരതദേശീയതയും പരധർമ്മത്തെ അവലംബിച്ച് പരസ്പര പൂരകമായി നിലകൊള്ളുന്നു.

ഈ പ്രപഞ്ചത്തിൽ സാംസ്കാരിക സാഹിത്യങ്ങളിൽ വച്ച് എന്തുകൊണ്ടും സമുന്നത സ്ഥാനമാണ് വാല്മീകി രാമായണത്തിനുള്ളത്. ഇത് ഭാരതത്തിലാണ് രൂപംകൊണ്ടതെങ്കിലും വിശ്വമാകെ പണ്ഡിതന്മാരെന്നപോലെ പാമരന്മാരെയും വൃദ്ധന്മാരെപ്പോലെ കുഞ്ഞുങ്ങളെയും രാമായണം പഠിക്കുന്തോറും മതിവരാത്ത ഒരു ധാർമ്മികാവേശം ഉളവാക്കുന്നുണ്ട്. അങ്ങനെ മനുഷ്യർക്ക് ആവശ്യമുള്ള നല്ല സംസ്കാരത്തിന്റെ പ്രചോദനം ഉൾക്കൊള്ളുന്നുമുണ്ട്. ശുദ്ധജലത്തിൽ മുങ്ങി ശരീരമാലിന്യങ്ങളകറ്റുന്നതുപോലെയും, സ്നാനാനന്തരം മനസ്സിനുള്ള ഉൻമേഷവും ബുദ്ധിക്കുണർവ്വും അനുഭവപ്പെടുന്നതുപോലെയും രാമായണം പഠിക്കു

ന്നത് തങ്ങളുടെ കർത്തവ്യകർമ്മങ്ങളെപ്പററിയുള്ള ബോധം നൽകുന്നു. ജീവിത മുന്നേററത്തിനുള്ള ആദ്ധ്യാത്മിക പ്രേരണയും സർവ്വോപരി സനാതന ലക്ഷ്യപ്രാപ്തിക്കും അത് സഹായകമാവുന്നു.

ധർമ്മാധർമ്മ വ്യവസ്ഥകളൊന്നും ആവശ്യമില്ലാതിരുന്ന കൃതയുഗത്തിൽ തൊഴിൽപരമായോ ജാതിമതലിംഗപരമായോ ഉച്ചനീചത്വ ഭേദഭാവങ്ങൾ ഇല്ലായിരുന്നു. ഈ സർവ്വധർമ്മസമന്വയ ഭാവം സത്യാധിഷ്ഠിതമായി ത്രേതായുഗത്തിന്റെ പൂർവ്വാർദ്ധങ്ങളിലും നിലനിന്നു. ഏതൊരാൾക്കും സ്വപ്രയത്നം കൊണ്ട് മഹാത്മാവാകാം. വനത്തിൽ കുടുംബസഹിതം വസിച്ചുപോന്നിരുന്ന രത്നാകരന് സാധാരണ മനുഷ്യർക്കുള്ള സംസ്കാരംപോലും ഇല്ലായിരുന്നു. എങ്കിലും പൂർവ്വജന്മാന്തര സുകൃതങ്ങളാൽ ആകസ്മികമായി സിദ്ധിച്ച സത്സംഗം നിമിത്തം അനുഷ്ഠിച്ച സത് കർമ്മത്തിന്റെ( തപസ്സിന്റെ) ഫലമായി ഉന്നതമഹർഷിപദവിയിലെത്തി. അതിൽ നിന്നും മനസ്സിലാക്കേണ്ടത് അക്കാലത്ത് ജനനമോ, തൊഴിലോ ഒന്നും ജീവിതോന്നതിക്ക് തടസ്സമായിരുന്നില്ലെന്നാണ്. അവരവരുടെ ജന്മാന്തര സംസ്കാരങ്ങളും സത്സംഗത്തിലുള്ള മതിപ്പും ധർമ്മാചരണവും ഉന്നതിക്ക് വഴിതെളിയിച്ചിരുന്നുവെന്നത് സ്പഷ്ടം. അങ്ങനെ രത്നാകരനെന്ന കാട്ടാളൻ ദേവർഷി നാരദനിൽ നിന്നും കർമ്മ സിദ്ധാന്തത്തിന്റെ ഒരു രഹസ്യം ഗ്രഹിച്ചു. " അവനവൻ ചെയ്യുന്ന കർമ്മത്തിന്റെ ഫലം അവനവൻ അനുഭവിച്ചേ തീരൂ". ഫലം പുണ്യമായാലും പാപമായാലും മററാരും പങ്കാളികളല്ല. ശ്രീ നാരദ മഹർഷിയുടെ "രാമ" എന്ന താരകമന്ത്രോപദേശം പൂർണ്ണ വിശ്വാസത്തോടും ശ്രദ്ധയോടും കൂടി ആജപാജപം നിരന്തരം ചെയ്തുകൊണ്ട് തന്റെ ജന്മസാഫല്യം സാധിക്കുന്നതുവരെ തപസ്സുചെയ്ത രത്നാകരൻ വാത്മീകി മഹർഷിയായി ഉയർന്നു. ആ ത്രികാലജ്ഞാനിയുടെ നാദബ്രഹ്മോപാസനയുടെ ഫലസിദ്ധിയാണ് വിശ്വോത്തരമായ ശ്രീരാമചരിതം അഥവാ രാമായണം.

ആത്യന്തികമായ സംസാരമോചനം നൽകുന്നതിനു സമർത്ഥമായ ശബ്ദവിശേഷം അഥവാ മനനം ചെയ്യാനുള്ളതാണ് മന്ത്രം. തപസ്സുകൊണ്ട് ഋഷിത്വം പ്രാപിച്ച ക്രാന്തദർശികളാണ് മഹർഷിമാർ. രത്നാകരന് മന്ത്രോപദേശം ചെയ്ത നാരദമഹർഷി ശിഷ്യന്റെ ആത്മോന്നതിയിൽ-തപസ്സിദ്ധിയിൽ-പരമസന്തുഷ്ടനായി. ലോക സംഗ്രഹാർത്ഥം അന്നു മനുഷ്യരൂപത്തിൽ ജീവിച്ചിരിക്കുന്ന ശ്രീരാമന്റെ പുണ്യചരിതം രചിക്കുവാൻ പ്രേരിപ്പിച്ചു. വേദസമ്മതമായ രാമചരിതം പരമപവിത്രവും സർവ്വപാപഹരവും പുണ്യപ്രദായകവും മോക്ഷദായകവുമാണെന്ന് അരുൾചെയ്തുകൊണ്ടാണ് വാല്മീകി മഹർഷിയെ നാരദമുനി അനുഗ്രഹിക്കുന്നത്.

ഇദം പവിത്രം പാപഘ്നം
പുണ്യം വേദൈശ്ച സമ്മിതം
യാപഠേത്രാമചരിതം സർവ്വപാപൈ:
പ്രമുച്യതേ.

ശ്രീരാമൻ ധർമ്മത്തിന്റെ സാമാന്യവും ആത്യന്തികവുമായ സ്വരൂപത്തിലാണ് ദർശനം അരുളുന്നത്. മനുഷ്യരുടെ മാത്രമല്ല ജീവരാശികളുടെ മുഴുവൻ സ്നേഹം, സന്തുഷ്ടി, സമാധാനം, പരസ്പര സഹകരണം തുടങ്ങിയ സാമാന്യ ധർമ്മങ്ങൾ ബാല്യം മുതലേ കൊട്ടാരത്തിലായാലും ശരി കുടിലുകളിലേക്ക് ചെല്ലുമ്പോഴായാലും ശരി സ്വയം ആചരിച്ചിരുന്നതായി കാണാം. മനുഷ്യനിലവാരത്തിൽ നിന്നു നോക്കുമ്പോൾ കുടുംബ ധർമ്മവും കുല ധർമ്മവും സാമൂഹ്യ ധർമ്മവും യഥാവിധി അനുഷ്ഠിക്കുന്നതായും കാണാം. അതുപോലെ പ്രജാക്ഷേമ തൽപരതയും ജനങ്ങളെ പരസ്പരം രഞ്ജിപ്പിക്കുന്ന പ്രവണതയും ആക്രമിക്കുകയും അതിക്രമിക്കുകയും ചെയ്യുന്ന ശത്രുക്കളിൽ നിന്നും രാജ്യത്തെ സംരക്ഷിച്ച് പരിപാലിക്കുന്ന രാജനൈതിക ധർമ്മവും ശ്രീരാമനിൽ സമുജ്ജ്വലമായി പ്രകാശിച്ചിരുന്നു. ഈ ഗുണങ്ങളെല്ലാം ദശരഥരാമൻ, സീതാരാമൻ, പതീതപാവനരാമൻ, രാജാരാമൻ, ധർമ്മസംരക്ഷകരാമൻ, ശുദ്ധബ്രഹ്മ പരാത്പരരാമൻ ഇത്യാദി സംജ്ഞകളുമായി സംയോജിപ്പിച്ചിരിക്കുന്നു.

അയോദ്ധ്യ അരമനയിൽ മാതാപിതാക്കളുടെ മേൽനോട്ടത്തിലും വസിഷ്ഠ മഹർഷിയുടെ അന്തേവാസിയായും വളരുന്ന സന്ദർഭത്തിലാണ് പതിനാറു വയസ്സുപോലും തികയാത്ത ശ്രീരാമചന്ദ്രനേയും ലക്ഷ്മണനേയും തന്റെ യാഗ രക്ഷയ്ക്കുവേണ്ടി അയച്ചുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിശ്വാമിത്ര മഹർഷി ദശരഥന്റെ അരമനയിൽ എത്തുന്നത്. മഹർഷിയെ കണ്ട മാത്രയിൽ തന്നെ സിംഹാസനത്തിൽ നിന്ന് ഉത്ഥിതനായി മഹർഷിയുടെ ഏത് കല്പനയും നിർവഹിക്കാമെന്നരുളിക്കൊണ്ട് അദ്ദേഹത്തെ ആസനസ്ഥനാക്കുന്നു. പക്ഷെ തന്റെ പ്രിയപുത്രന്മാരെ ഇളം പ്രായത്തിൽ രാക്ഷസ നിഗ്രഹത്തിന് കാട്ടിൽ അയക്കാൻ ആ പിതൃമനസ്സ് അനുവദിക്കുന്നില്ല. അത് അറിഞ്ഞ ഉടനെ കുലഗുരുവായ വസിഷ്ഠ മഹർഷി ദശരഥ ചക്രവർത്തിയെ സമാധാനിപ്പിച്ച് വിശ്വാമിത്രന്റെ ഹിതമനുസരിക്കാൻ കല്പിച്ചു. വിശ്വാമിത്രമഹർഷിയുടെയും ശ്രീരാമന്റെയും മഹത്വങ്ങളും ജീവിതോദ്ദേശങ്ങളും സ്വയം ബോദ്ധ്യമുള്ള മഹാത്മാവാണ് ശ്രീ വസിഷ്ഠ മഹർഷി. രാമലക്ഷ്മണന്മാർ വിശ്വാമിത്രനെ പിൻതുടർന്നു സരയൂനദീതീരത്തിലൂടെ സഞ്ചരിക്കുമ്പോൾ പ്രാഥമികമായി ഉപദേശിച്ചത് ബല, അതിബല വിദ്യകളാണ്. ഏവരുടെയും പ്രാഥമിക ജീ

വിതാവശ്യമാണല്ലോ ദാഹത്തിനു ജലവും വിശപ്പിന് ഭക്ഷണവും വിശ്രമത്തിന് നിദ്രയും. അവയെ ജയിക്കാനുള്ള ചൈതന്യശക്തി വിശേഷമാണ് ത്രികാലജ്ഞനായ വിശ്വാമിത്ര ബ്രഹ്മർഷി ആദ്യമായി ശ്രീരാമ ലക്ഷ്മണൻമാർക്ക് പകർന്ന് കൊടുത്തത്. സാധാരണ മനുഷ്യഭാവത്തിനതീതമായ ശക്തിവിശേഷമാണത്.

എല്ലാ നിലകളിലും ശ്രീരാമനെ സനാതന ധർമ്മാചരണനിഷ്ഠനായികാണാം. പിതൃഭക്തി, മാതൃഭക്തി, ഗുരുഭക്തി, ബ്രാഹ്മണ (ബ്രഹ്മജ്ഞാനി) ഭക്തി, ഭ്രാതൃസ്നേഹം, പത്നിപ്രേമം, ഏകപത്നീവ്രതം, പ്രജാവാത്സല്യം ഇവയെല്ലാം രാമചന്ദ്രസ്വരൂപത്തിൽ ഒരുപോലെ സമഞ്ജസപ്പെട്ടിരിക്കുന്നതുകൊണ്ടാണ് "രാമോ വിഗ്രഹവാൻ ധർമ്മ:" എന്ന് പ്രകീർത്തിക്കപ്പെടുന്നത്.

സർവ്വാഗമാനാം ആചാര:
പ്രഥമം പരികല്പതെ
ആചാരപ്രഭവോ ധർമ്മോ
ധർമ്മസ്യപ്രഭുരച്യുത:
എന്നാണല്ലോ ശാസ്ത്ര പ്രമാണം

പ്രത്യക്ഷത്തിൽ പരസ്പര വിരുദ്ധങ്ങളെന്നു തോന്നിക്കുന്ന വൈവിധ്യങ്ങളെ തമ്മിലിണക്കി കോർക്കുന്ന ധർമ്മമൂല്യ സംഹിതയാണ് രാമായണം. പരമലക്ഷ്യത്തിലേക്കുള്ള മാർഗ്ഗ ദർശകനാണ് രാമൻ. ആ പുരുഷോത്തമന്റെ അനുഗ്രഹശക്തിയാണ് സീതാദേവി. പ്രാചീനക്ഷാത്ര വീര്യമാതൃകയും സത്യത്തിന്റെ പ്രത്യക്ഷോദാഹരണവും സദാചാരത്തിന്റെ ഉത്തമ ദൃഷ്ടാന്തവും മാതൃകാപുത്രനും മാതൃകാ ഭർത്താവും മാതൃകാ പിതാവും അവയ്ക്കെല്ലാം പുറമെ മാതൃകാരാജാവുമാണ് ശ്രീരാമൻ. ഭാരതീയ സ്ത്രീത്വത്തിന്റെ മൂർത്തിമത്ഭാവമാണ് സീതാദേവി. എത്രതന്നെ തപശ്ശക്തിയും വിഭവസമൃദ്ധിയും ഉണ്ടായാലും സ്വേചരകളെ മഹേചരയ്ക്ക് വിധേയമാക്കാതെപോയാൽ എത്രവലിയ മേധാവിയായാലും അയാൾ പരോപദ്രവകാരിയും രാക്ഷസനുമായിത്തീരുമെന്ന് രാവണാദി പ്രഭൃതികളുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ബ്രഹ്മചര്യനിഷ്ഠമായ തപോബലത്തിന്റെയും സ്വാർത്ഥത്യാഗത്തിന്റെയും അത്യുത്തമമാതൃകയാണ് ശ്രീഹനുമാൻ കാട്ടിത്തരുന്നത്. സാത്വികവും സംശുദ്ധവുമായ സഹോദരസ്നേഹത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ഭരതലക്ഷ്മണ ശത്രുഘ്നൻമാർ. ദൈവീസമ്പത്തുള്ളവരെപ്പോലെതന്നെ ആസുരിസമ്പത്തുള്ളവരും അവരവരുടെ കർമ്മഫലങ്ങളനുഭവിക്കാൻ ബാദ്ധ്യസ്ഥരായിത്തീരുന്നു. അങ്ങനെ എന്നെന്നും പുതുമയും പുരോഗമന സ്വഭാവത്തോട് കൂടിയതുമായ ശാ

ശ്വത ധാർമ്മിക മൂല്യ ഭണ്ഡാഗാരമാണ് രാമായണം. ദോഷൈകദൃക്കുകൾ സീതാ പരിത്യാഗം, ബാലിവധം, ശൂദ്രസന്യാസി വധം എന്നീ സംഭവത്രയത്തിലൂടെ തലയുയർത്തുന്നത് ഈശ്വര നിയതിയെ സംബന്ധിച്ച അജ്ഞതകൊണ്ടുമാത്രം. നമ്മുടെ കാലഘട്ടത്തിൽ തന്നെ ജീവിച്ചിരുന്ന മഹാത്മാഗാന്ധിയുടെ ജീവ ചരിത്രത്തിൽ നിന്നും എത്രയോ ഗുണപാഠങ്ങൾ സ്വീകരിക്കാമെന്നിരിക്കെ ത്യാഗമോഹനമായ ആ ജീവിതത്തിലും കറുത്ത പുള്ളികൾ കണ്ടെത്തി ആമോദിക്കുന്നവരും ധാരാളം ഉണ്ട്. ഇത് ലോക സ്വഭാവമാണ്. സത്യ ധർമ്മാദികളുടെ വിളനിലമായ സീതാരാമൻമാരുടെ ദിവ്യ ചരിതം പഠിച്ചറിയാൻ മനക്കരുത്താണവർ ആദ്യമായി സമ്പാദിക്കേണ്ടത്. ജനങ്ങളെ രഞ്ജിപ്പിച്ച് ഭരിക്കുന്നവനാണ് രാജാവ് അഥവാ ഭരണാധികാരി. ഒരു അലക്കു തൊഴിലാളിയുടെ ആരോപണം ജനതാമധ്യേ വിവാദവിഷയമായപ്പോൾ ദേശീയ ഭദ്രതയ്ക്കുവേണ്ടി സീതാദേവിയെ ത്യജിച്ചു. തന്റെ ജീവിത സുഖങ്ങളെല്ലാം ദേശീയ ഭദ്രതയ്ക്ക് വേണ്ടി ത്യാഗം ചെയ്യാൻ കൂസാത്ത ശ്രീരാമചന്ദ്രനെയാണ് സീതാ പരിത്യാഗത്തിൽ കൂടി നാം കാണുന്നത്. പാവന ചരിതയായ സീതാദേവിയെ കാട്ടിലെറിയാൻ തക്കവിധം ഹൃദയശൂന്യനായ മനുഷ്യനാണോ ശ്രീരാമൻ? അന്നത്തെ ഋഷി ആശ്രമങ്ങളുടെ പ്രശാന്തഗംഭീരവും പവിത്രവുമായ ചുററുപാടുകൾ നാം ഓർമ്മിക്കണം. ഇന്നത്തെക്കാൾ ഏതുനിലയിലും മെച്ചപ്പെട്ടതും അകൃത്രിമവുമായ പൊതു സ്ഥാപനങ്ങൾ അന്നത്തെ ഋഷി ആശ്രമങ്ങളെ കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്നു. സമാധാന ദായകവും ആരോഗ്യകരവും ജ്ഞാനപ്രദാനപരവുമായ ആ ദിവ്യ നികേതനങ്ങളിൽ പ്രത്യേകിച്ചും രാമനാമം ജീവിത മന്ത്രമായി കണ്ടെത്തിയ വാല്മീകി മഹർഷിയുടെ ആശ്രമത്തിൽ വസിക്കുകയെന്നത് കൊട്ടാരത്തെക്കാൾ മെച്ചപ്പെട്ടതായിരുന്നു. സീത എല്ലായ്പ്പോഴും ശ്രീരാമ ധ്യാന നിരതയായിരുന്നു. ശാസ്ത്ര വിദ്യകളിൽ രാജാരാമനെക്കാൾ നിപുണൻമാരായ ലവകുശവൻമാർ ജനിച്ചു വളർന്നത് ആ ആശ്രമാന്തരീക്ഷത്തിലായിരുന്നു. ശ്രീരാമദേവന്റെ കർത്തവ്യ പരിപാലനവും സീതാദേവിയുടെ ത്യാഗബുദ്ധിയും ഒന്നുചേർന്ന് പരമ ലക്ഷ്യത്തിലേക്ക് നയിക്കുന്ന ദിവ്യദർശനമാണ് സീതാപരിത്യാഗത്തിൽകൂടി നാം ദർശിക്കുന്നത്.

അറിഞ്ഞും അറിയാതെയും സംഖ്യാതീതമായി കള്ളം പ്രവർത്തിക്കുന്നവരാണ് ഇന്ന് ബാലിയുടെ പക്ഷം പിടിച്ച് വാദിക്കുന്നത്. ശ്രീരാമസുഗ്രീവ സഖ്യം നിലവിലുള്ളപ്പോഴാണ് ശ്രീരാമൻ ഒളിയമ്പെയ്തത്. പല മേധാവികൾക്കും തങ്ങളെ അജയ്യരാക്കുന്ന വരബലം നേടിക്കഴിയുമ്പോൾ അഹംഭാവം പെരുകുന്നു. അവർ ദൈവീ ശക്തിയെ തെററിദ്ധരിച്ച് ദുരുപയോഗപ്പെടുത്തുകയും തൽസ്ഥാനത്ത് ആസുരീശക്തിയെ വർ

ദ്ധിപ്പിച്ച് ലോകോപദ്രവകാരികളായി തീരുകയും ചെയ്യുന്നു. ആ നിലയിൽ നേരിട്ട് യുദ്ധം ചെയ്യുന്നവരെ നശിപ്പിക്കാനുള്ള വരബലം നേടിയിരുന്ന ബാലിയെ ശ്രീരാമൻ ഒളിയമ്പെയ്ത് വധിച്ചു. വരബലങ്ങളെ ദുരുപയോഗം ചെയ്യുന്നവർക്കുള്ള ഗതി ബാലിക്കും വന്നുചേർന്നു. അതുപോലെ പരമാർത്ഥിക ജീവിതത്തിൽ ശ്രദ്ധിക്കുന്നവർക്ക് മാത്രമേ ഉത്തരരാമായണത്തിലെ (പ്രക്ഷിപ്ത കഥയെന്നു കൂടി പറയപ്പെടുന്നു) ശൂദ്ര സന്ന്യാസി വധത്തെപ്പററിയും ഗ്രഹിക്കുവാൻ സാധിക്കൂ. വർണ്ണാശ്രമപ്രകാരം ഒരു ശൂദ്ര സ്ത്രീയുടെ മകനാണ് വസിഷ്ഠ മഹർഷി. (ഗണികാഗർഭ സംഭ്രൂതോ വസിഷ്ഠശ്ച മഹാമുനി) ആശ്രമ ധർമ്മങ്ങൾ ശരിയാകും വണ്ണം പാലിക്കപ്പെടുന്ന രാമരാജ്യത്തിൽ സംന്യാസാശ്രമ ധർമ്മത്തെ അവമതിക്കുന്ന വഴക്കം സൃഷ്ടിക്കാൻ അദ്ദേഹം അനുവദിച്ചില്ല. സത്യധർമ്മദികളിൽ അധിഷ്ഠിതമായിരുന്നു ശ്രീരാമന്റെ രാജ്യതന്ത്രം.

"സ്വരാജ്യത്തിന്റെ ആദർശം രാമരാജ്യമാണ്"

എന്നിങ്ങനെ ഒരു സ്വതന്ത്ര ഭാരത ജനാധിപത്യത്തെക്കുറിച്ച് മഹാത്മാഗാന്ധി നിർവ്വചിക്കുമ്പോൾ അതിനോട് ഭാരതീയജനത പൂർണ്ണമായും യോജിക്കുന്നത് എന്തുകൊണ്ടാണ്? നാം അറിയാതെ തന്നെ നമ്മിലുള്ള സാത്വികഭാവം ഉണരുകയാണ്. രാമരാജ്യത്തെപ്പററി വാല്മീകി മഹർഷി രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക.

"ഉണ്ടായി വന്നീലവിധവാ
വിലാപം വ്യാളഭീതിയും
പെട്ടീലരോഗഭയവും
രാമൻ രാജ്യം ഭരിക്കവേ
ഇല്ലാതായി ചോരരുലകിൽ
തൊട്ടീലാപത്തൊരാളെയും
ബാലർക്കു വൃദ്ധർ ചെയ്യേണ്ടി
വന്നീലാപ്രേതകർമ്മവും
എല്ലാം സന്തുഷ്ടമായി വന്നി
തേവരും ധർമ്മശീലരായ്
ചെയ്തീല തങ്ങളിൽ ദ്രോഹം
രാമനെ തന്നെയോർക്കയാൽ
ഭംഗിയിൽ പൂത്തും കായ്ച്ചും
സ്ക്കന്ധവിസ്തൃതിയോടും
പൊങ്ങിയുണർന്നെഴുന്നു
വൃക്ഷങ്ങൾ നിരന്തരം

വേണ്ടപോലുണ്ടായ് വന്നു
മാരിയും യഥാകാലം
കുണ്ഠത വിട്ടുവീശിവായുവും
സുഖസ്പർശൻ"

രാമരാജ്യത്തിലെ ജനത ത്യാഗ സുരഭിലമായ ജീവിതത്തിൽ സുഖിക്കുകയും സന്തോഷിക്കുകയും ചെയ്തിരുന്നു. എത്ര ഉന്നതകുല ജാതനായാലും ഉത്തുംഗപദവിയിലമർന്നവനായാലും ശരി, കർത്തവ്യബോധത്തിലും സദാചാര നിഷ്ഠയിലും നിന്നവർക്ക് വ്യതിചലിക്കാൻ കഴിഞ്ഞിരുന്നില്ല നാട്ടിൽ ധർമ്മനിഷ്ഠയും ത്യാഗവും സേവനവുമെന്ന ജീവിതാദർശം അഭിവൃദ്ധിപ്പെട്ടപ്പോൾ സുഭിക്ഷതയും സന്തോഷവും കളിയാടി. സംതൃപ്തിയും സമാധാനവും രാജ്യമെങ്ങും വ്യാപിച്ചു. ഒരു മഹാ കുടുംബത്തിലെ അംഗങ്ങളെന്നപോലെ ഭരണാധികാരികളും ജനങ്ങളും വർത്തിച്ചു. രാമരാജ്യം ഭൂലോകസ്വർഗ്ഗമായിത്തീർന്നു. ലോക രാജാക്കന്മാർ ഭാരത മാതാവിന്റെ തൃച്ചേവടികളിൽ നമ്രശിരസ്കരായിത്തീർന്നു. ഭാരത മകുടം. ലോകോത്തമമായി പ്രകാശിച്ചു. "ലോകാ സമസ്താ : സുഖിനോ ഭവന്തു:" എന്ന വിശ്വോത്തരമന്ത്രം ലോകമാകെ മുഴങ്ങി. പ്രാചീന രാജാക്കന്മാർ (ഭരണാധികാരികൾ) ശ്രീരാമനെ തങ്ങളുടെ ലക്ഷ്യ പുരുഷനായും സീതാദേവിയെ ലക്ഷ്യ മാതാവായും ആരാധിച്ചു. രാജാവ് (ഭരണാധികാരി) ആവുന്നത് ഭോഗ സുഖങ്ങൾക്കുവേണ്ടിയല്ല, ത്യാഗത്തിനാണെന്ന് അനുഭവപ്പെടുത്തുകയും രാജകുടുംബത്തിലെ അംഗങ്ങളെപ്പോലെ എല്ലാവർക്കും നന്മ നേരുന്ന വിധത്തിൽ ജീവിതം നയിക്കുകയും ചെയ്തിരുന്നു. ജനങ്ങളും ശ്രീരാമനെയും സീതാദേവിയെയും ലക്ഷ്യമാക്കി ദേശത്തിനുവേണ്ടി എന്തു ത്യാഗവുമനുഷ്ഠിക്കാൻ തയ്യാറായിരുന്നു. അങ്ങനെ പരസ്പര ധാരണയിലും ത്യാഗത്തിലും ജീവിതം നയിച്ചവരുടെ നാട് സമാധാനത്തിന്റെയും സംതൃപ്തിയുടെയും "രാമരാജ്യ" മായിത്തീർന്നതിൽ ആശ്ചര്യപ്പെടാനില്ല.

കാലം മാറുകയും ജനങ്ങൾ സത്യ ധർമ്മാദികൾ വിട്ട് വ്യതിചലിക്കുകയും ഭരണാധികാരികൾ ഭോഗലോലുപരായിത്തീരുകയും ചെയ്തപ്പോൾ ഭാരതദേശം അന്യാധീനപ്പെട്ടു എങ്കിലും നീണ്ടകാലത്തിനുശേഷം വീണ്ടും ഭാരതം സ്വതന്ത്രമാവുകയും, രാജ്യധർമ്മവും മതങ്ങളും തമ്മിൽ വേർതിരിച്ച് അറിയുവാൻ കഴിയാത്തവിധം ചട്ടതിട്ടങ്ങളുണ്ടാക്കി ഭരണചക്രം തിരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ രാമായണം കാട്ടുന്ന വഴി എന്താണെന്ന് വീണ്ടും ചിന്തിക്കേണ്ടതാണ്. ഇന്നു

ശ്രീകൃഷ്ണാവതാരത്തിലും–

സർവ്വധർമ്മാൻ പരിത്യജ്യ
മാമേകം ശരണം വ്രജ
അഹംത്വാ സർവ്വപാപേഭ്യോ
മോക്ഷയിഷ്യാമിമാശുച:

എന്നിങ്ങനെ പ്രതിജ്ഞ ആവർത്തിക്കുന്നു.

ജടായു തുടങ്ങിയ പക്ഷികളും കുരങ്ങന്മാരും അണിലും വരെ ശ്രീരാമനെ അഭയം പ്രാപിച്ച് ഉർദ്ധ്വഗതി പ്രാപിച്ചു. സർവ്വഭൂതഹിതേഷിയും ശരണാഗതവത്സലനുമാണല്ലോ ഭഗവാൻ.

സ്ഥാവരം വിംശതിർ ലക്ഷം
ജലജം നവലക്ഷകം
കൂർമ്മശ്ച രുദ്രലക്ഷം ച
ദശലക്ഷം ച പക്ഷിണാം
ത്രിംശല്ലക്ഷം പശൂനാം ച
ചതുർലക്ഷം ച വാനരാ:
തതോ മനുഷ്യതാപ്രാപ്തി
സ്തത: കർമ്മാണി സാധയേൽ

ഈ ജഗത്തിൽ 84 ലക്ഷം ജീവയോനിയിനങ്ങളുള്ളതിൽ വൃക്ഷലതാദികൾ 20 ലക്ഷവും ജലജീവികൾ 9 ലക്ഷവും ജല-സ്ഥലവാസികളായ - ആമ മുതലായവ 11 ലക്ഷവും, പറവയിനങ്ങൾ 10 ലക്ഷവും, നാൽക്കാലി ജന്തുക്കൾ 30 ലക്ഷവും, വാനരാദി വർഗ്ഗങ്ങൾ നാല് ലക്ഷവുമാകുന്നു. കർമ്മാധികാരമുള്ള മനുഷ്യയോനി ഇതിനുപരിയാണ്. മനുഷ്യയോനി "കർമ്മയോനി" എന്നും "സാധനധാമ" എന്നും പറയപ്പെടുന്നു. ഈ ഭൂലോകത്തിലെ 84 ലക്ഷം ഇതരയോനികളും സ്വർഗ്ഗ നരകാദി അന്യലോകങ്ങളിലെ വിവിധയിനം ജീവയോനികളും, ഭോഗയോനികളാകുന്നു. മനുഷ്യരായിരുന്നപ്പോൾ ചെയ്ത കർമ്മങ്ങളുടെ ഫലം അനുഭവിക്കുന്ന ഭോഗയോനികളാണവ. കർമ്മഫലമനുസരിച്ച് മനുഷ്യജീവൻ ജന്തുക്കളായോ ഭാഗ്യകുലത്തിലെ മനുഷ്യനായോ ദേവനായോ പുനർജനിക്കുന്നു. ഭാരതത്തിൽ മനുഷ്യജന്മം ലഭിക്കുന്നതുതന്നെ മഹാഭാഗ്യം. ഭൗതികമായി വളരെയേറെ പുരോഗമിക്കുകയും അഭിവൃദ്ധിപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും ഭാരതദേശത്തിന്റെ ഇന്നത്തെ സ്ഥിതി എന്താണ് ? നാലുചുറ്റും ദൈനംദിനം നടമാടിക്കൊണ്ടിരിക്കുന്ന ആക്രമങ്ങളും അതിക്രമങ്ങ

ളും കൊള്ളയും കൊലയുമെല്ലാം ഭാരതീയ ദേശീയതയ്ക്കും രാമരാജ്യ സങ്കല്പത്തിനും യോജിച്ചതാണോ ? ഭൂപരമായ പ്രകൃതിയും അതിരുകളും കൊണ്ട് നിർണ്ണയിക്കാവുന്നതല്ല ഭാരത ദേശീയത. ശ്രീരാമൻ ഏതൊരു ധർമ്മസംസ്കാരങ്ങൾ സ്വ ജീവിതത്തിന്റെ നാനാ തലങ്ങളിലും ജീവിച്ചുകാട്ടിയോ ആ ലോകോത്തരമായ ജീവിതമൂല്യങ്ങൾ ജനങ്ങൾ എത്രത്തോളം ഉൾക്കൊള്ളുകയും അനുവർത്തിക്കുയും ചെയ്യുന്നുവെന്നതിനെ ആസ്പദമാക്കിവേണം ഭാരത ദേശീയതയെ വിലയിരുത്താൻ. ഹിമാലയവും, ഗംഗ, യമുന, കാവേരി മുതലായ ദിവ്യ നദികളും ഭാരതത്തിലുള്ളതാണെന്നതുകൊണ്ട് മാത്രം ദേശീയതയാവില്ല. കോടാനുകോടി ജനങ്ങൾക്ക് പുണ്യജലം നൽകുന്ന ഈ പുണ്യനദികളെ നാക്കുകൊണ്ട് സ്തുതിക്കുകയും പ്രവൃത്തികൊണ്ട് മലിനപ്പെടുത്തുകയും ചെയ്യുന്ന പ്രവണത ശുഭോദർക്കമല്ല. യുഗാന്തരങ്ങളായി ഋഷി-മുനിമാരുടെ തപോഭൂമിയായിരുന്ന ഹിമാലയ സാനു പ്രദേശങ്ങളിലും ഉത്തുംഗഅന്തർ പ്രദേശങ്ങളിലും മനുഷ്യരൂപം ധരിച്ച അസുരവിത്തുക്കൾ സ്വൈരവിഹാരം ചെയ്യുന്നതായി കാണാം. രാമരാജദേശീയത സ്വാഭാവികധർമ്മാധിഷ്ഠിതമായിരുന്നു. വാക്കും വിചാരവും പ്രവൃത്തിയും തമ്മിൽ പുലബന്ധം പോലും ഇല്ലാത്ത അഭിനയപ്രദമായ ഭരണസമ്പ്രദായമല്ലെന്നെങ്കിലും ഓർക്കേണ്ടതാണ്.

വിദേശീയാക്രമണങ്ങൾ ഉണ്ടായപ്പോഴൊക്കെ ഈ പുണ്യഭൂമിയിലെ ജനങ്ങളെ അവരുടെ ദേശീയധാരയിൽ നിന്ന് പറിച്ചുമാററി പിടിപ്പിക്കുവാൻ സാമദാനഭേദ ദണ്ഡാദി നീതികളിലൂടെ ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഭൂപരമായ ദേശീയ സീമകൾ ചുരുങ്ങുകയും നാമരൂപങ്ങളുടെ സംഖ്യകൾ താരതമ്യേന കുറയുകയും ചെയ്തിട്ടുണ്ടെങ്കിലും വൈവിധ്യമാർന്ന ജനസമൂഹങ്ങളിലൂടെ, "നാനാത്വത്തിലെ ഏകത്വ"മെന്ന ഭാരത ദേശീയതാദർശം സജീവമായിട്ടുണ്ടിന്ന്. പക്ഷേ ക്ഷത്രിയ ധർമ്മനിഷ്ഠരായ ഭരണാധികാരികൾ ഈ ജനസമൂഹത്തെ ദേശീയധർമ്മത്തിൽ ബോധവാൻമാരാക്കി തീർക്കേണ്ടുന്ന പണിയാണ് ദേശസ്നേഹികളായ ഏവരും പ്രഥമവും പ്രധാനവുമായി ചെയ്യേണ്ടത്. ഈ പ്രവർത്തനരംഗത്തിൽ രാജാരാമന്റെ ധ്യാനമാണ് മുഖ്യം.

ഹത്വായുദ്ധേദശാസ്യം ത്രിഭുവനവിഷമം
വാമഹസ്തേന ചാപം
ഭൂമൗ വിഷ്ടഭ്യതിഷ്ഠന്നിതര കരധൃതം
ഭ്രാമയൻ ബാണമേകം
ആരക്തോപാന്തനേത്ര:ശരദലിതവപു:
സൂര്യകോടിപ്രകാശോ

ഇങ്ങനെ ശ്രീരാമനുമാത്രമല്ല ശ്രീരാമപുത്രന്മാരായ ലവകുശവന്മാർക്കും ക്ഷേത്രങ്ങളുണ്ട്. മദ്രാസ് പട്ടണത്തിൽ അതിർത്തി പ്രദേശത്ത് കോയംപേട് എന്നൊരു പ്രകൃതി രമണീയമായ ഗ്രാമമുണ്ട്. ഇവിടത്തെ വൈഷ്ണവ ക്ഷേത്രവും അതോടു ചേർന്നുള്ള ലവകുശക്ഷേത്രവും വളരെ പ്രാചീനമായ ഒന്നാണ്. ഇവിടെ വാല്മീകിമഹർഷിയുടെ ആശ്രമമുണ്ടായിരുന്നുവെന്നും സീതാരാമപുത്രന്മാരായ ലവകുശൻമാരെ ഇവിടെവച്ചാണ് വാല്മീകി മഹർഷി വേദവിദ്യകളും ധനുർവിദ്യകളും അഭ്യസിപ്പിച്ചതെന്നും ക്ഷേത്രസ്ഥല പുരാണപ്രകാരം അറിയപ്പെടുന്നു.

ശ്രീരാമചരിതവും ദേശീയ ധർമ്മ സംസ്കാരങ്ങളും തമ്മിൽ എത്രത്തോളം സമഞ്ജസപ്പെട്ടിരിക്കുന്നുവെന്നും ഇത്തരം പ്രാചീന പുണ്യനികേതനങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. ശ്രീരാമ-കൃഷ്ണാദി അവതാരങ്ങളിൽ കൂടി ഋഷി പരമ്പരയുടെ വിശ്വോത്തര ദർശനങ്ങളിലൂടെ ഭാരതഭൂമിയിൽ ലയിച്ചുചേർന്ന ഉത്കൃഷ്ട സംസ്കാരത്തിന്റെ അന്നപാനാദികൾ അശിച്ചു വളർന്നവരാണുനാം.

"ജനനീജന്മഭൂമിശ്ച
സ്വർഗ്ഗാദപിഗരീയസി"

മാതാവും മാതൃഭൂമിയും സ്വർഗ്ഗത്തെക്കാൾ ശ്രേഷ്ഠമെന്ന് അനുസ്മരിപ്പിക്കുന്നു. ഭാരതത്തെപ്പോലെ ചരിത്രാതീതകാല സംസ്കാരപാരമ്പര്യമുള്ള മറ്റൊരു നാട് ഇല്ലെന്നുതന്നെ പറയാം. മറ്റൊരു രാജ്യത്തിനും നൽകാൻ കഴിയാത്ത ഒരു അനശ്വര സമ്പത്തിന്റെ, ആദ്ധ്യാത്മികജീവിതാദർശത്തിന്റെ ഉറവിടമാണ് ഭാരതം. അതിൽ ഉരുവെടുത്ത ഭാരതദേശീയത നമ്മുടെ പൈതൃക സമ്പത്താകുന്നു. അത് വിശ്വജനീനമാണ് ഈ ദേശീയത വേണ്ടവിധം ഓരോ വ്യക്തിയിലും ഉത്തേജനമുളവാകട്ടെ. പരസ്പര ധാരണയും സ്നേഹവും സമാധാന ക്ഷേമങ്ങളും പുലരട്ടെ. ധർമ്മവിഗ്രഹസ്വരൂപനായ ഭഗവാൻ ശ്രീരാമചന്ദ്രന്റെ പരമ കൃപാകടാക്ഷം കൊണ്ട് മനസ്സും ബുദ്ധിയും തെളിഞ്ഞ് പ്രകാശിക്കട്ടെ.

രാമായ രാമചന്ദ്രായ രാമഭദ്രായവേധസെ
രഘുനാഥായ നാഥായ സീതായാ: പതയെ നമ:

◆◆◆

# കാശിയും മഥുരയും സ്വാഭിമാനത്തിന്റെ പ്രശ്നം

ഹിമാലയത്തിലെ ഉത്തുംഗഹിമമണ്ഡലങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സ്വർഗ്ഗീയ ഗംഗ വളരെയധികം ദൂരം ഉത്തരപ്രദേശത്തിലൂടെ പ്രവഹിക്കുന്നു. ഈ ദിവ്യജീവനദിയുടെ ഇരുകരകളിലും ഐതിഹാസികമായ പുണ്യനഗരങ്ങളും മഹാക്ഷേത്രങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും സന്ന്യാസാശ്രമങ്ങളും തീർത്ഥ സ്ഥാനങ്ങളും മററും എക്കാലവും ഉണ്ടായിരിക്കുമെന്നത് സ്വാഭാവികമാണ്. ഹിമശൃംഗങ്ങളിൽ തന്നെ ഉത്ഭവിച്ച് മഥുരാപുരിയെ സവിശേഷ പരിക്രമണം ചെയ്ത് ഒഴുകുന്ന യമുനാനദിയും അന്തർവാഹിനി സരസ്വതിനദിയും പ്രയാഗയിൽ ഗംഗയുമായി സംഗമിച്ചിട്ട് ഒന്നായൊഴുകി ഇതിഹാസ പ്രസിദ്ധമായ പുണ്യകാശീപുരിയിൽ വന്നെത്തുന്നു. ത്രിലോകപാപവിമോചന-മോക്ഷദപുണ്യഭൂമിയാണ് വേദേതിഹാസ പ്രകീർത്തിതമായ ശ്രീകാശിപുരി.

## കാശിയുടെ മാഹാത്മ്യം

ശ്രീമദ് മഹാഭാഗവതം അവസാന സ്കന്ധത്തിൽ ഗ്രന്ഥ മാഹാത്മ്യം പറയുന്നതിനിടയ്ക്ക് 'സർവ്വക്ഷേത്രങ്ങളിലും വച്ച് കാശി എപ്രകാരം സർവോത്തമമാണോ അപ്രകാരം തന്നെ സർവ്വപുരാണസമൂഹങ്ങളിൽ വച്ച് ശ്രീമദ് ഭാഗവതം അത്യുത്തമമാകുന്നു' എന്ന് ശ്രീവേദവ്യാസമഹർഷി കാശിമാഹാത്മ്യം കൂടി വ്യഞ്ജിപ്പിച്ചിരിക്കുന്നു. വിശ്വത്തിന്റെ ആദിമപുണ്യനഗരമാണ് കാശീപുരി. ആദിമ ഗ്രന്ഥമായ വേദത്തിലും ഈ വിശുദ്ധനഗരത്തെപ്പററി വ്യക്തമായ പ്രമാണങ്ങൾ ഉണ്ട് ഉദാ: ആപഇവകാശിനാ സംഗൃഭീതാ: ( ഋഗ്വേദം 7-104-8) 'മഘവൻ! കാശിരിത്തേ' (ഋഗ് 3.30-5) 'യജ്ഞകാശീനാം ഭരത: സാത്വതാമിവ' (ശതപഥബ്രാഹ്മണം) ബൃഹന്നാരദീയപുരാണപ്രകാരം.' വൈഷ്ണവസ്ഥാനമായ കാശിയിൽ ഭഗവാൻ വിശ്വനാഥൻ വിരാട്സ്വരൂപമായ ബ്രഹ്മഹത്യാപാപത്തിൽനിന്ന് വിമോചിതനാവുകയും ഭഗവാൻ മഹാവിഷ്ണുവിന്റെ മഹദിച്ഛപ്രകാരം മനുഷ്യശരീരമെടുത്ത പുണ്യ ആത്മാക്കൾക്ക് താരക (രാമ) മന്ത്രമോതി മോക്ഷഗതിയരുളിക്കൊണ്ടിവിടെ വിരാജിക്കുകയും ചെയ്യുന്നു.

ക്ഷപുരി, ത്രിപുരാരി രാജനഗരി എന്നീ ദ്വാദശനാമങ്ങളാൽ പ്രകീർത്തിക്കപ്പെടുന്ന കാശിയിലെ ഗംഗയിൽ വരുണ, അസി എന്ന രണ്ടു പോഷകനദികൾകൂടി വന്നുചേരുന്നതിനാൽ 'വാരാണസി' എന്ന പേരുണ്ടായി. വാരാണസിയുടെ വിദേശവത്കരണമാണ് ബനാറസ്നാമം.

കാശിയിലെ 41 ഐതിഹാസിക തീർത്ഥഘട്ടങ്ങളും, പല ക്ഷേത്രങ്ങളും, നടന്നുദർശിക്കുന്ന പദ്ധതിയും പ്രാചീനകാലംമുതൽ തുടർന്നുവരുന്നു. അധികം നടക്കാനാവാത്തവർക്ക് നിത്യദർശനം വിധിച്ചിരിക്കുന്നത്, ഗംഗാസ്നാനന്തരം മഹാവിഷ്ണു, ദണ്ഡപാണി, മഹേശ്വരൻ, ജ്ഞാനവാപി, നന്ദികേശ്വരൻ, താരകേശ്വരൻ, മഹാകാലേശ്വരൻ എന്നീ ക്ഷേത്രമൂർത്തികളെ ദർശിച്ചിട്ട് വീണ്ടും ദണ്ഡപാണിയെ ദർശിക്കുക. എന്നിട്ട് ശ്രീ വിശ്വനാഥനെയും അന്നപൂർണ്ണ, ദേവിയെയും ദർശിക്കുക.

കാശീപുരിയെ ചുററിവരുന്ന ഹ്രസ്വവും ദീർഘവുമായ രണ്ടു പരിക്രമങ്ങളാണ്. അന്തർവേദി- പഞ്ചകോശീപരിക്രമദർശനം. പഞ്ചകോശീപരിക്രമം അഞ്ചുദിവസംകൊണ്ടേ പൂർത്തിയാവൂ. യാത്രകൾക്ക് തങ്ങുന്നതിനും ഭക്ഷണത്തിനും പരിക്രമമാർഗ്ഗത്തിലെങ്ങും ധർമ്മശാലകൾ ഉണ്ട്.

ഭാരതത്തിന്റെ വിശ്വോത്തര സമ്പത്ത് സാർവ്വജനീനമായ സമന്വയാത്മക ആദ്ധ്യാത്മിക സംസ്കാരമാണല്ലോ. ഭാരതത്തിലെ എല്ലാ പ്രദേശത്തുമുള്ള ജനങ്ങളും ഇവിടെ സ്ഥിരവാസമുറപ്പിച്ചിട്ടുണ്ട്. മിക്കനാട്ടുരാജാക്കന്മാരുടെയും വിവിധ ആചാര പരമ്പരകളുടെയും ആരാധനാസമ്പ്രദായങ്ങളുടെയും ആസ്ഥാനങ്ങളുടെയും കാര്യക്രമങ്ങളും ഇന്നും നിലനിൽക്കുന്നു. സംസ്കൃതവും അദ്ധ്യാത്മിക വിദ്യയും അഭ്യസിക്കുന്ന വിദ്യാപീഠങ്ങളും, ആചാര്യന്മാരും, അദ്ധ്യേതാക്കളും കാശിയിലെങ്ങും വിരളമല്ല. അവ വേണ്ടവിധം പ്രചോദനപ്പെടുത്തി ജീവിക്കുവാൻ തയ്യാറാണോ എന്നത് സ്വതന്ത്രഭാരതത്തിലെ പ്രശ്നമാണ്.

## ഭാരതമാതാ മന്ദിർ

സ്വാതന്ത്ര്യപ്രാപ്തിക്ക് മുമ്പ് കാശിയിൽ വെണ്ണക്കല്ലിൽ നിർമ്മിച്ച് സ്ഥാപിച്ച വിശാലമായ അവിഭക്ത ഭാരത പ്രതീകം, "ഭാരതമാതാമന്ദിർ" എന്ന പേരിൽ ഇന്നും ദർശനീയമെന്നത് ദേശഭക്തർക്കു ആശ്വാസപ്രദമാണ്. വിശ്വവിഖ്യാതമായ കാശി വിശ്വനാഥക്ഷേത്രംപോലും നശിപ്പിച്ച് പള്ളികെട്ടിയ മതഭ്രാന്തൻമാരുടെ പ്രവൃത്തി മനുഷ്യർക്കാർക്കും ന്യായീകരിക്കാനാവില്ല. അന്ന് ഹിന്ദുക്കൾ ജ്ഞാനവാപിയിൽ നിക്ഷേപിച്ചിരുന്ന വിശ്വനാഥ സ്വയംഭൂലിംഗം തൊട്ടടുത്തുതന്നെ അഹല്യാബായിറാണിയുടെ കാലത്ത് നിർമ്മിച്ച ക്ഷേത്രത്തിൽ പുനഃപ്രതിഷ്ഠിച്ച രൂപത്തി

ലാണ് ഇപ്പോഴത്തെ വിശ്വനാഥക്ഷേത്രം സ്ഥിതിചെയ്യുന്നത്. ഈ ക്ഷേത്രത്തിൽ എപ്പോഴും തിരക്കായതിനാൽ അശ്വമേധഘട്ട റോഡിൽ മറ്റൊരു വിശ്വനാഥക്ഷേത്രവും സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ ജനങ്ങൾ യഥാവിധി പൂജാദി വഴിപാടുകൾ നടത്തി കൃതാർത്ഥരാവുന്നു. ആധുനിക പ്രവണതകൾകൂടി കണക്കാക്കി കാശിഹിന്ദു വിശ്വവിദ്യാലയത്തിൽ നവീനമായി നിർമ്മിച്ചിട്ടുള്ള വിശ്വനാഥക്ഷേത്രം സർവ്വാകർഷണീയമായി നിലകൊള്ളുന്നു. ഗംഗയുടെ മറുകരയിൽ കാശിരാജാവിന്റെ ആസ്ഥാനമായിരുന്ന പഴയ കൊട്ടാരവും, മ്യൂസിയവും വ്യാസകാശിയെന്നറിയപ്പെടുന്ന തീരക്ഷേത്രങ്ങളും കാണാം. കാശിക്കടുത്ത് സാരനാഥമെന്ന സാരംഗനാഥം ഭഗവാൻ ശ്രീബുദ്ധൻ പ്രഥമ ധർമ്മോപദേശം ചെയ്ത ധർമ്മഭൂമിയെന്ന നിലയിൽ ഹിന്ദുക്കളെന്നപോലെ വിശ്വമെങ്ങുമുള്ള ബുദ്ധമതാനുയായികളുടെ ധർമ്മഭൂമിയാണ്. ഭാരതസർക്കാരിന്റെ മുദ്രയായി സ്വീകരിച്ചിട്ടുള്ള ധർമ്മചക്രാങ്കിത സിംഹശീർഷ ശില ഇവിടെ മ്യൂസിയത്തോടനുബന്ധിച്ച് സൂക്ഷിച്ചിട്ടുണ്ട്.

## ആക്രമണത്തിന്റെ ആരംഭം

സാരനാഥം വരെ വ്യാപിച്ചിരുന്ന സർവ്വപ്രധാന തീർത്ഥാടന കേന്ദ്രവും സംസ്കാര സ്ഥാപനങ്ങളുടെ ആസ്ഥാനവുമായ കാശീപുരിയെ മതഭ്രാന്തൻമാർ ആക്രമിച്ച് നശിപ്പിക്കാനാരംഭിച്ചത് എ. ഡി. 1017 മുതൽക്കാണ്. അവരുടെ പരമ്പരാഗത രാക്ഷസീയവും മൃഗീയവുമായ അടവുകളെല്ലാം പ്രയോഗിച്ച് ഫലിക്കാതായപ്പോൾ കൊള്ളയ്ക്കും കൊലയ്ക്കും വഴിയൊരുക്കി. ധർമ്മം സനാതനമാണെങ്കിലും സമുദായമെന്ന നിലയിൽ ഹിന്ദുക്കൾ വിഘടിതരും ധർമ്മച്യുതിയുടെ പാതയിൽ വഴുതിക്കൊണ്ടിരിക്കുന്ന കാലവുമായിരുന്നു. മുഹമ്മദ് ഗസ്നിയുടെ ആക്രമണ പരാജയശേഷം 1154-ൽ കുത്തബ്ദീന്റെ വമ്പിച്ച ആക്രമണത്തിലും വിശ്വനാഥക്ഷേത്രത്തെ നശിപ്പിക്കാനായില്ല പക്ഷേ സാരനാഥത്തിലെ ബുദ്ധമത സ്ഥാപനങ്ങൾ ബുദ്ധഭിക്ഷുക്കളോടൊപ്പം നശിപ്പിച്ചു. പിന്നീടുണ്ടായ അറംഗസേബിന്റെ ആക്രമണത്തിൽ വിശ്വനാഥക്ഷേത്രം പൊളിച്ച് ക്ഷേത്രാസ്തിവാരത്തിൽ തന്നെ പള്ളിയും പടുത്തുയർത്തി. ഇന്നും ആ പള്ളി കാണുന്നവർക്ക് ക്ഷേത്രമായിരുന്നുവെന്നും നേരിട്ടറിയാവുന്നതാണ്. കാശിയിലെ വിശ്വനാഥക്ഷേത്രം തകർക്കാൻ ഉത്തരവാദിയായ അറംഗസേബിനോടൊപ്പം ദില്ലിയിലെ മുഗൾ സാമ്രാജ്യം എന്നെന്നേക്കുമായി തകർന്നുവെന്നതും ഒരു ചരിത്രസത്യമാണല്ലോ.

1938, 1940, 1963, 1975, 1982 എന്നീ വർഷങ്ങളിൽ ഈ ലേഖകൻ

ചതുർയുഗ സൃഷ്ടിയുടെ ആരംഭത്തിൽ ദേവർഷി നാരദർ സ്വയംഭുവ മനുവിന്റെ പൗത്രനായ ധ്രുവകുമാരനെ മധുവനത്തിൽപോയി ഈശ്വരോപാസനചെയ്യാൻ അനുഗ്രഹിച്ചിട്ട് 'പുണ്യം മധുവനംയത്രസാന്നിദ്ധ്യം നിത്യദാഹരേ'. എന്ന് മധുവനമാഹാത്മ്യം വർണ്ണിക്കുന്നു. അല്പകാല തപസ്സുകൊണ്ട് തന്റെ ലക്ഷ്യത്തിലെത്തിയ ധ്രുവനുശേഷം അത് ലക്ഷണമൊത്ത തപോഭൂമിയായി അറിയപ്പെട്ടിരുന്നു ത്രേതായുഗാരംഭത്തിൽ മധു എന്ന രാക്ഷസരാജാവ് മധുവനത്തിൽ പ്രവേശിച്ച് തന്റെ രാജധാനി നിർമ്മിച്ച് മഥുര എന്ന് നാമകരണവും ചെയ്തു. പിന്നീട് മധുപുത്രൻ ലവണാസുരന്റെ രാക്ഷസീയ ഭരണത്തിൽ ദുരിതഗ്രസ്തരായ ജനങ്ങൾ ശ്രീരാമചന്ദ്രനെ അഭയംപ്രാപിച്ചു. ശ്രീരാമന്റെ അനുജ്ഞപ്രകാരം രാമാനുജനായ ശത്രുഘ്നൻ പ്രബലനായ ലവണാസുരനുമായി യുദ്ധംചെയ്ത് തോല്പിച്ചിട്ട് മധുരയിൽ ധർമ്മരാജ്യം പുനഃസ്ഥാപിച്ചു.

## ശ്രീകൃഷ്ണ ജനനം

ദ്വാപരയുഗാന്ത്യത്തിൽ മധുരാപുരി രാജാവും തന്റെ പിതാവുമായ ശൂരസേനനെ വഞ്ചിച്ച് കാരാഗൃഹത്തിലടച്ചിട്ട് കംസൻ സ്വയം രാജാവായി. അധർമ്മശക്തികളെല്ലാം കംസനുമായി കൂട്ടുചേർന്നു വൻശക്തിയായി. ഈ കംസന്റെ കാരാഗൃഹത്തിൽ തന്നെ കംസഹന്താവായ ഭഗവാൻ അവതരിച്ചു. കംസകാരാഗൃഹത്തിൽ മധുരയിൽ ദേവകീപുത്രനായി ഭൂജാതനായ ശ്രീകൃഷ്ണശിശു ഗോകുലത്തിൽ യശോദാവത്സലനായി വളർന്നു. ഭഗവാന്റെ ബാല്യ-കിശോരലീലകളോരോന്നും ജനകോടികൾക്ക് പരമാനന്ദപ്രദായകമായ ആദ്ധ്യാത്മിക ജീവിതക്ഷേമത്തിനും സംസാരവിമോചനത്തിനും പ്രചോദനമേകിക്കൊണ്ടിരുന്നു. കംസനിഗ്രഹശേഷം കംസ പിതാവായ ശൂരസേനനെയും സഹസ്രകണക്കിനു സജ്ജനങ്ങളെയും കംസകാരാഗൃഹങ്ങളിൽ നിന്ന് വിമോചിപ്പിച്ചു. ശൂരസേനനെത്തന്നെ വീണ്ടും മഥുരാപുരിരാജാവായി വാഴിച്ചു.

മഥുര-വൃന്ദാവനങ്ങളിൽനിന്ന് ശ്രീകൃഷ്ണഭഗവാൻ ഭാരതത്തിന്റെ പശ്ചിമഘട്ടത്തിലും ഉത്തരഖണ്ഡങ്ങളിലും മാറി മാറി വസിച്ചിരുന്ന കാലഘട്ടങ്ങളിൽ വിസ്തൃത മഥുരാ മണ്ഡലത്തിലെ ഓരോ ഭവനവും ശ്രീകൃഷ്ണക്ഷേത്രമായി പരിണമിച്ചു. മഥുരാവാസികളുടെ ഇഹലോക ജീവിതം ഭഗവൻമയമായികഴിഞ്ഞിരുന്നു. "മഥുരോഭഗവാൻ യത്രനിത്യം സന്നിഹിതോഹരി:"

കലിയുഗാരംഭത്തിൽ മഥുരാപുരി സുവിസ്തൃതവും മഹോന്നതവുമായ ഒരു പവിത്രമഹാ നഗരമായിരുന്നു. ഋഷി-മുനിമാരുടെയും കർ

മ്മകുശലന്മാരുടെയും വേദവിദ്യാഘോഷങ്ങളുടെയും ആവാസകേന്ദ്രമായിരുന്നു. കംസന്റെ കോട്ടയിൽ, ശ്രീകൃഷ്ണൻ ജനിച്ച സ്ഥാനത്ത് സർവ്വാകർഷകവും മഹാൽഭുതകരവുമായ ഒരു മഹാക്ഷേത്രം നിർമ്മിക്കപ്പെട്ടതിനെത്തുടർന്ന് രാജാക്കന്മാരുടെയും ഭക്തകോടികളുടെയും വകയായി വിവിധസ്ഥങ്ങളിലായി ശ്രീകൃഷ്ണക്ഷേത്രങ്ങൾ ഉയർന്നുകൊണ്ടിരുന്നു.

## മുഹമ്മദ് ഗസ്നിയുടെ മോഹം

ചരിത്രകാലത്ത് വിദേശ മുസ്ലിം മതഭ്രാന്തൻമാരുടെ ക്രൂരദൃഷ്ടികൾ മഥുരാപുരിയിലും പതിഞ്ഞു. സോമനാഥക്ഷേത്രത്തെക്കാൾ മനോഹരമായ ശ്രീകൃഷ്ണ ജന്മഭൂമിക്ഷേത്രം നശിപ്പിച്ചാൽ തന്റെ ജീവിതം സാർത്ഥകമാവുമെന്ന് ഗസ്നിയിലെ മുഹമ്മദ് കരുതി. വലിയൊരു സൈന്യസന്നാഹത്തോടുകൂടി മുഹമ്മദ് ഗസ്നി എ.ഡി. 1017-ൽ ഈ മഹാക്ഷേത്രവും മററു പ്രധാന ക്ഷേത്രങ്ങളും ധ്വംസിച്ചു. തന്റെ "വീരപരാക്രമ"ത്തെ പ്രകടിപ്പിക്കാൻ അയാൾ ഗസ്നിയിലേക്ക് എഴുതി. "ലക്ഷോപലക്ഷം സ്വർണ്ണനാണയം ചെലവഴിച്ച് അതി വിദഗ്ദ ശില്പികളെക്കൊണ്ട് 200 വർഷം പണിയെടുപ്പിച്ച് നിർമ്മിച്ച ഈ ക്ഷേത്രം ഏതാനും ദിവസങ്ങൾക്കകം ധ്വംസിച്ചു." ഗസ്നിമുഹമ്മദിന്റെ കാര്യസ്ഥൻ അൽ ഉദ്ബി എഴുതി. "നമ്മുടെ മുഹമ്മദ് ഒരു അത്ഭുതക്ഷേത്രം കണ്ടു. അതു മനുഷ്യനിർമ്മിതമാണെന്നു വിശ്വസിക്കാൻ പ്രയാസം. ഏതോ അമാനുഷ ശക്തിയാൽ നിർമ്മിതമാണത്. മഥുരാനഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നു. ഇതിനെ സൈന്യബലത്തോടെ തച്ചുടച്ച് നശിപ്പിക്കലായിരുന്നു മുഹമ്മദ്ഗസ്നിയുടെ ജീവിതലക്ഷ്യം!"

ചന്ദ്രഗുപ്തൻ രണ്ടാമൻ (വിക്രമാദിത്യചക്രവർത്തി) ശ്രീകൃഷ്ണജന്മഭൂമിയിൽ നിർമ്മിച്ച മഹാക്ഷേത്രം ധ്വംസിക്കപ്പെട്ട് 137 വർഷങ്ങൾക്കുശേഷം അതേസ്ഥാനത്ത് ഹിന്ദുക്കൾ നിർമ്മിച്ച ക്ഷേത്രം സിക്കന്തർലോദി (16-ാം നൂററാണ്ടിൽ) യുടെ കാലത്ത് ധ്വംസിക്കപ്പെട്ടു. മുസ്ലിം ആക്രമണകാരികൾ ക്ഷേത്ര നശീകരണത്തോടൊപ്പം ഹിന്ദുപുണ്യനഗരമായ മഥുരാപുരിയാകമാനം തീവെയ്ക്കുകയും ചെയ്തു. വീണ്ടും 125 വർഷങ്ങൾ കഴിഞ്ഞ് രാജാവീരസിംഹന്റെ കാലത്തു ശ്രീകൃഷ്ണജന്മഭൂമിയിൽ ഹിന്ദുക്കൾ ഭീമാകാര ചുററുമതിലുകളോടുകൂടിയതും 250 അടി ഉയരമുള്ളതുമായ ഒരു മഹാക്ഷേത്രം നിർമ്മിച്ചു. അനേകായിരം ഹിന്ദുക്കൾ രാവും പകലും നോക്കാതെ വർഷങ്ങളോളം അത്യദ്ധ്വാനം ചെയ്തു നിർമ്മിച്ച ഈ ശ്രീകൃഷ്ണക്ഷേത്രത്തിൽ ചെന്ന് ദർശനം ചെയ്തു.

ഫ്രഞ്ച് സഞ്ചാരി 1650-ൽ എഴുതുന്നു: "മഥുരയിലെ ശ്രീകൃഷ്ണ

ക്ഷേത്രം ഭാരതത്തിലെ സർവ്വപ്രധാനക്ഷേത്രങ്ങളിലൊന്നാണ്. ചുററും അതിവിദഗ്ധമായി നിർമ്മിച്ചിരിക്കുന്ന ദേവതകളുടെയും മനുഷ്യരുടെയും പക്ഷിമൃഗാദികളുടെയും കരിങ്കൽ ശില്പങ്ങളെക്കൊണ്ടാവൃതമാണ്. പതിനാറുനിലകളോടും സോപാനങ്ങളോടും കൂടിയ ഈ മഹാക്ഷേത്രം മുഴുവൻ കരിങ്കൽ നിർമ്മിതമാണ്. ഞാനീക്ഷേത്രം ആദ്യമായി ദർശിച്ചത് 12 നാഴികദൂരെനിന്നാണ്".

അക്കാലത്ത് ഭാരത്തിൽ വന്ന് വസിച്ചിരുന്ന മാണുച്ചേ എന്ന ഇററാലിയൻ സഞ്ചാരി ഈ മഹാക്ഷേത്രം പലയാവർത്തിചെന്ന് ദർശിക്കാറുണ്ടായിരുന്നു. അദ്ദേഹം (Manuche) എഴുതിയിരുന്നു: "36 മൈൽ ദൂരമുള്ള ആഗ്രയിൽ നിന്നുകൊണ്ട് അറംഗസേബ് ചക്രവർത്തി ഈ മഹാക്ഷേത്രം കണ്ടു. അന്ന് ശ്രീകൃഷ്ണ ജന്മാഷ്ടമി ദിനമാണ്. ആകാശതലമെങ്ങും പ്രഭാപൂരം പരത്തിക്കൊണ്ടുള്ള ക്ഷേത്രഗോപുരങ്ങളിലെ ദീപാലങ്കാരങ്ങൾ ചക്രവർത്തിയെ ആകർഷിച്ചു".

ആ ക്ഷേത്ര ധ്വംസകന്റെ പൈശാചികാക്രമണത്തിന് പിന്നെ കാലതാമസമുണ്ടായില്ല. വലിയൊരു തയ്യാറെടുപ്പോടുകൂടി ആ ക്രൂരചിത്തൻ മഥുരയെയും വൃന്ദാവനത്തെയും നശിപ്പിച്ച് നാമാവശേഷമാക്കാൻ പദ്ധതിയുണ്ടാക്കി പ്രവർത്തിച്ചു. ശ്രീകൃഷ്ണ ജന്മഭൂമിയിലെ മഹാക്ഷേത്രത്തോടൊപ്പം പല ക്ഷേത്രങ്ങളും തച്ചുടയ്ക്കുകയും ഹിന്ദുക്കളെ കൂട്ടത്തോടെ മതംമാററുകയോ കൊലപ്പെടുത്തുകയോ ചെയ്തു. ധ്വംസിക്കപ്പെട്ട ക്ഷേത്രാവശിഷ്ടങ്ങളെക്കൊണ്ട് മുസ്ലിംപള്ളി പടുത്തുയർത്തുകയും ചെയ്തു.

പുരാതത്വഗവേഷകനായ ഗ്രോസ്സ് (Grouse) ഈ രാക്ഷസീയാക്രമണത്തെപ്പററി രേഖപ്പെടുത്തിയിരിക്കുന്നു:- "1668-ഫെബ്രുവരിയിൽ റംസാൻ നോമ്പ്കാലത്ത് ഈ പൈശാചിക ആക്രമണം ഉണ്ടായി. മനുഷ്യഹൃദയമുള്ളവർക്ക് സങ്കല്പിക്കാൻപോലും വയ്യാത്തത്ര ക്രൂരവും മൃഗീയവുമായ ആക്രമണം".

അറംഗസേബിന്റെ മരണശേഷം ഹിന്ദുക്കൾ പരസ്യമായി മഥുരയിൽ ഉത്സവങ്ങൾ നടത്തിത്തുടങ്ങി. ഭരത്പൂരിൽനിന്നും ഹിന്ദുക്കൾ കൂട്ടത്തോടെ മഥുരയിൽ വന്ന് വാസം ഉറപ്പിക്കുകയും മുൻ ക്ഷേത്ര സ്ഥാപനങ്ങളെ പുനരുദ്ധരിക്കുകയും ചെയ്തു.

1757-ലെ ഹോളി ഉത്സവ ഘോഷയാത്ര ശ്രീകൃഷ്ണ ജന്മഭൂമിവഴി പോയപ്പോൾ അത് ഈദ്ഗാർ(പള്ളി) സ്ഥലമാണെന്ന് അവകാശത്തോടെ മുൻകൂട്ടി സൈന്യസന്നാഹത്തോടെ അടുത്ത വനങ്ങളിൽ വന്ന് പതുങ്ങിയിരുന്ന അഹമ്മദാബാദിന്റെ അബ്ദാലിയും കൂട്ടരും നടത്തിയ മിന്നലാക്രമണത്തിൽ കടുത്ത നാശനഷ്ടങ്ങളുണ്ടായി. പിന്നീട് മഹാരാഷ്ട്രർ വന്നതോടുകൂടി ശ്രീകൃഷ്ണജന്മഭൂമിയിൽ കുടിയേറിയിരുന്ന മുസ്ലീമു

കളെ തുരത്തിവിട്ടു. 1803-ൽ മഥുരയിൽ ബ്രിട്ടീഷ് ഭരണം വന്നതോടെ ഈദ്ഗാർ എന്ന പള്ളി നിലനിർത്തിക്കൊണ്ട് ശ്രീകൃഷ്ണജന്മഭൂമി ഹിന്ദുക്കൾക്ക് തിരിച്ചുവിട്ടുകൊടുത്തു.

കാശിയിലെ അറംഗസേബ് പള്ളിപോലെ മഥുരാശ്രീകൃഷ്ണജന്മഭൂമിയിലെ പള്ളിയും അറംഗസേബ് എന്ന മതഭ്രാന്തന്റെ സ്മാരകമെന്നോണം ഇന്നും സർക്കാർ സംരക്ഷണയിൽ നിലകൊള്ളുന്നു.

ഈദ്ഗാർ പള്ളിയുടെ ചുവരോട്ചേർന്നു പിൽക്കാലത്തു ഹിന്ദുക്കൾ പുനരുദ്ധാരണം ചെയ്ത ശ്രീകൃഷ്ണജന്മഭൂമിക്ഷേത്രവും തൊട്ടടുത്ത്തന്നെ നിർമ്മിച്ച വിശാലഭാഗവത ക്ഷേത്രവും ഭക്തജനങ്ങൾക്ക് തൽകാലാശ്വാസം പകരുന്നുണ്ടെങ്കിലും ക്രൃത്രിമങ്ങളും ക്രൃത്രിമങ്ങളെ ന്യായീകരിക്കുന്നവരും സംശയങ്ങളും പ്രശ്നങ്ങളും ഉളവാക്കുന്നു.

അർഹിക്കുന്നവ അതിജീവിക്കുമെന്ന നിയതി സത്യം എക്കാലത്തും അനുഭവഗോചരമാണെന്നിരിക്കെ വെള്ളത്തിലെ കുമിളകൾപോലെ പൊന്തിപ്പൊലിഞ്ഞുകൊണ്ടിരിക്കുന്ന രാജനൈതികാടവുകൾക്കും ധർമ്മത്തിനും തമ്മിൽ എന്തുബന്ധം?

## ക്ഷേത്രഭൂമി പുണ്യഭൂമി

ശ്രീകൃഷ്ണാവതാരംകൊണ്ട് ഭാരതത്തിന്റെ പ്രധാന തീർത്ഥാടനഭൂമിയായ മഥുര, കാലകല്ലോലങ്ങളുടെ കുടിലതകളെല്ലാം അതിജീവിച്ചുകൊണ്ടിന്നും പൂർവ്വാധികം പ്രശോഭിച്ചുകൊണ്ടിരിക്കുന്നു. മഥുര കേന്ദ്രമാക്കി പ്രജാമണ്ഡലം വിശേഷിപ്പിക്കുന്ന 200 കി.മി. ചുററളവ് പ്രദേശം മുഴുവൻ ശ്രീകൃഷ്ണയശോഗാനങ്ങളെക്കൊണ്ട് നിറഞ്ഞുനിൽക്കുന്നു. ക്ഷേത്രനഗരമെന്നറിയപ്പെടുന്ന വൃന്ദാവനം, ഗോകുലം, ഗോവർദ്ധനം, ബർബാനാ എന്നറിയപ്പെടുന്ന ബ്രഹ്മതടാകം, നന്ദഗ്രാമം, ബലദേവ് ഗ്രാമം, മഹാവനം തുടങ്ങിയ പുണ്യസ്ഥലങ്ങളും, വിശ്രാമഘട്ടം, യമുനാഘട്ടം തുടങ്ങിയ യമുനയിലെ 24 പ്രധാന തീർത്ഥാടന ഘട്ടങ്ങളും, ദ്വാരകാധീശ ക്ഷേത്രം ജന്മഭൂമിക്ഷേത്രം, ഗോവിന്ദക്ഷേത്രം, ശ്രീരംഗക്ഷേത്രം, ഗോകുലക്ഷേത്രം തുടങ്ങിയ ആയിരക്കണക്കിനുള്ള ക്ഷേത്രങ്ങളും സംഘം ചേർന്നും തനിച്ചും ചുററിദർശിക്കുന്ന പദ്ധതി ഇന്നും പ്രതിദിനവും കാണാം ആശ്രമങ്ങളും, ആചാര്യപീഠങ്ങളും പുതിയതായി ഉയർന്നുകൊണ്ടിരിക്കുന്നതിന്റെ ലക്ഷണം പഗലീബാബയുടെ ആശ്രമവും ശ്രീകൃഷ്ണാവബോധപ്രസ്ഥാനത്തിന്റെ ( ഇസ്ക്കോൺ) ആഗോളകേന്ദ്രവും തന്നെ

ഗംഗാധരംഗരമണീയജടാകലാപം
ഗൗരീനിരന്തരവിഭൂഷിതവാമഭാഗം
നാരായണപ്രിയമനംഗമദാപഹാരം
വാരണസീപുരപതിംഭജവിശ്വനാഥം
ലോകത്രയപുരമൂലസ്തംഭം
ലോകാലോകമനാലോകം
ലോകേശംപരമേശംപ്രണമത
ഗോവിന്ദംപരമാനന്ദം

എന്ന് ജഗദ്ഗുരു ശ്രീശങ്കരനോടൊപ്പം നാം ഭഗവദർപ്പണഭാവത്തിൽ കർത്തവ്യനിരതരാവട്ടെ.

◆◆◆



കേരളത്തിന്റെ ആധ്യാത്മിക, സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ അതുല്യമായ സാന്നിദ്ധ്യമാണ് സ്വാമി പരമേശ്വരാനന്ദ. 2004 ജൂലൈ 19-ാം തീയതി അദ്ദേഹത്തിന്റെ ശതാഭിഷേകം ആഘോഷിക്കപ്പെടുകയാണ്. ആ പുണ്യദിനത്തോടനുബന്ധിച്ച് പുറത്തിറക്കുന്ന പുസ്തകമാണ് 'സത്സംഗവും ജീവിതവും'. കനപ്പെട്ട ആധ്യാത്മിക ലേഖനങ്ങളുടെ ഒരു സമാഹാരം.

ഒരു ആർഷസാഹിതി പ്രകാശനം.

വില 50 രൂപ.